# ഭാഷ, ചിന്ത, ബോധം, സത്യം– ഒരു ചർച്ച

മനുഷ്യബോധത്തിന്റെ ഏറ്റവും നന്നായി ഗവേഷണം ചെയ്തിട്ടുള്ള ഭാഗമത്രെ ഭാഷാജ്ഞാനം. ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നടന്ന മൂല്യവത്തായ പഠനങ്ങളുടെ പശ്ചാത്തലത്തിൽ ബോധം, ഭാഷ, ചിന്ത, സത്യം എന്നിവയെ പരിശോധിക്കുകയാണ് ഇവിടെ. ഭാഷാശാസ്ത്രം ബോധശാസ്ത്രത്തിന്റെ ഭാഗമാണ്. നോം ചോംസ്കി ഭാഷയെപ്പറ്റി ഉന്നയിച്ചിട്ടുള്ള ഉൾക്കാഴ്ചകൾ ചിന്തയെപ്പറ്റിയുള്ള പഠനത്തിലേയ്ക്ക് നീട്ടി തൊടീയ്ക്കാനുള്ള പഴുതുകളന്വേഷിക്കുകയാണ് **ഡോ. കെ.എ. ജയശീലൻ**. ഒപ്പം കവിത, ബോധശാസ്ത്രം, സൗന്ദര്യശാസ്ത്രം എന്നിവയിലുള്ള തന്റെ മൗലിക ചിന്തകളും പ്രകാശിപ്പിക്കുന്നു.

1 'ബോധം' എന്താണ് എന്നുള്ളത് വലിയ ഒരു ചോദ്യമാണ്. ഗോപീകൃഷ്ണനുമായിട്ടുള്ള സംഭാഷണത്തിൽ(കവിതാസംഗമം പുസ്തകം 6 ലക്കം 6. 2003 ജൂൺ - ജൂലായ്) ഞാൻ ബോധത്തിനെപ്പറ്റി പറഞ്ഞത് ഒരു സ്ഥലത്ത് മാത്രമാണ്. അവിടെ പറഞ്ഞത്: നമ്മുടെ മനസ്സിലുള്ള ചില കരുക്കൾ ഉപയോഗിച്ചാണ് നമ്മൾ അനുഭവത്തിനെ ഉൾക്കൊള്ളുന്നത്. ഉദാഹരണത്തിന്, നിറങ്ങൾ. നിറങ്ങൾ നമ്മുടെ മനസ്സിലുള്ളതാണ് അല്ലാതെ പ്രകൃതിയിലുള്ളതല്ല. വ്യത്യസ്ത ജീവികൾക്ക് വ്യത്യസ്ത വർണ്ണരാജികൾ (colour spectrums) ആണ്. പൂച്ചയ്ക്ക് കാഴ്ച കറുപ്പും വെളുപ്പുമായിട്ടാണ്; മറ്റു നിറങ്ങൾ ഇല്ല. അതുപോലെ, മനുഷ്യരിൽ തന്നെ 'വർണ്ണാന്ധത'യെന്ന പ്രതിഭാസം എടുക്കൂ. വർണ്ണാന്ധർ ആയിട്ടുള്ള ആളുകളുണ്ട്. ഒലിവർ സാക്സ് (Oliver Sacks) വർണ്ണാന്ധർ ആയിട്ടുള്ള ആളുകൾ അധിവസിക്കുന്ന ഒരു ദ്വീപ് സന്ദർശിച്ച്, അതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. അവിടെ വളരെ ഉൾച്ചാർച്ചകൾ (inbreeding) ഉള്ള സ്ഥലമായതുകൊണ്ട്, അവിടെ പ്രചരിച്ച ഒരു ജനിതകദോഷം (genetic defect) കാരണം അവിടത്തെ ആളുകൾ മുഴുവൻ വർണ്ണാന്ധർ ആണ്. അങ്ങിനെയൊക്കെ നോക്കുമ്പോൾ വളരെ വ്യക്തമാണ്, നിറങ്ങൾ എന്നുള്ളത് നമ്മുടെ മനസ്സിന്റെ സൃഷ്ടി ആണ്. അത് കൂടാതെ, രൂപങ്ങൾ. രൂപങ്ങൾ നമ്മൾ മനസ്സിലാക്കുന്നത്, മൗലികമായ ചില ജ്യാമിതിക രൂപങ്ങൾവെച്ചാണ്. ഈ ജ്യാമിതിക രൂപങ്ങളോ, മിക്കവാറും ജന്മജമാകാനാണ് സാധ്യത. വൃത്തം, ചാപം, ചതുരം, കോൺ എന്നുള്ളത് ഒക്കെ ഉണ്ടല്ലോ. പ്രകൃതിയിൽ ഇവയില്ല. ഇവയൊക്കെ നമ്മൾ അനുഭവത്തിന്മേൽ ചെയ്യുന്ന പരിഷ്കരണ പ്രക്രിയയുടെ ഘടകങ്ങൾ ആണ്. ഇന്ദ്രിയാനുഭവത്തിനെ നമ്മൾ ഉൾക്കൊള്ളുമ്പോൾ, ഈ മൗലിക രൂപങ്ങളുടെ അടിസ്ഥാനത്തിലാണ് ഉൾക്കൊള്ളുന്നത്. അതാണ് ഞാൻ അന്ന് പറഞ്ഞത്.

പെയിന്റിംഗ്: ജോസഫ് എം. വർഗ്ഗീസ്



2. ജ്യാമിതിക രൂപങ്ങളും നിറങ്ങളും ഒക്കെ ജന്മജമാണ്, മനസ്സിലുള്ളതാണ്, എന്നുള്ളത് ഡെക്കാർട്ടിന്റെ (Descartes) ആശയങ്ങളോട് അടുത്തതാണ്, ചോംസ്കി( Chomsky)യുടേയും. ചോംസ്കിയുടെ ഒരു അടിസ്ഥാനാശയം, ഭാഷ അറിയുവാനുള്ള കഴിവ് മനുഷ്യന് ജന്മസിദ്ധമാണ് എന്നുള്ളതാണ്. ഭാഷ പഠിക്കാൻ നമ്മളുടെ മനസ്സ് സജ്ജീകരിച്ചിട്ടുണ്ട്, ജനിയ്ക്കുമ്പോൾതന്നെ. അതാണ് ഭാഷയെപ്പറ്റിയുള്ള ചോംസ്കിയുടെ 'ജന്മജസിദ്ധാന്തം' (innateness hypothesis).

3. 'ബോധം' എന്താണെന്ന് ഞാൻ പറയില്ല. അത് വലിയ ഒരു ചോദ്യമാണ്. പലരും ഇപ്പോൾ 'മനസ്സ്' എന്ന വാക്ക് തനിയെ ഉപയോഗിക്കുന്നില്ല. ചോംസ്കി എഴുതുമ്പോൾ ഒക്കെ മനസ്സ്/ മസ്തിഷ്കം (mind/ brain) എന്നാണ് എഴു

തുക. അതായത് മസ്തിഷ്കത്തേയും മനസ്സിനേയും ഒരേ വസ്തുവിന്റെ രണ്ട് കാഴ്ചപ്പുറങ്ങൾ (aspects) ആയിട്ട് മാത്രമേ കാണുന്നുള്ളൂ. മനസ്സ് എന്നുള്ളത് മസ്തിഷ്കത്തിൽനിന്നും സ്വതന്ത്രമായിട്ടുള്ള സാധനമായി കാണുന്നില്ല.

4. നാം പരിണാമവാദത്തിന്റെ കാഴ്ചപ്പാട് എടുക്കുകയാണ് എന്ന് വിചാരിക്കുക. അപ്പോൾ എന്തുകൊണ്ടാണ് ബോധം ഉരുത്തിരിഞ്ഞത് എന്നുള്ളൊരു ചോദ്യം വരും. ജീവനില്ലാത്ത സാധനങ്ങൾക്ക് ബോധം ഇല്ല. ജീവനുള്ള സാധനങ്ങളിൽത്തന്നെ, എപ്പോഴാണ് മനസ്സ് ഉരുത്തിരിഞ്ഞത്? എനിയ്ക്ക് ഒരു ആശയം ഇതിനെപ്പറ്റിയുള്ളത്, എന്റെ ഒരു കവിതയിൽ പറഞ്ഞതു മാതിരി, 'കണ്ണുകളെ ആവശ്യമാക്കിയത് കൈകാലുകളാണ്'. ജീവനുള്ള വസ്തുക്കൾക്ക് ചലനത്തിനുള്ള കഴിവ് കൈവന്നതോടുകൂടിയാണ് അവയ്ക്ക് ഐന്ദ്രിയമായ പ്രക്രിയയുടെ ആവശ്യം വന്നത്. മരങ്ങൾക്ക് ഐന്ദ്രിയബോധത്തിന്റെ ആവശ്യം ഇല്ല, അവയ്ക്ക് ജീവനുണ്ടെങ്കിലും. ജീവികൾ ചലിയ്ക്കാൻ തുടങ്ങുമ്പോഴാണ്, അവയ്ക്ക് ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ സാധ്യതയുള്ളപ്പോഴാണ്, അവയ്ക്ക് മനസ്സിന്റെ ആവശ്യം വന്നത്. അല്ലെങ്കിൽ മനസ്സ് ഉണ്ടാകേണ്ട കാര്യമില്ല. അങ്ങനെ നോക്കുമ്പോൾ, കരണം (will) എന്ന് പറയുന്നത് ഉണ്ടായതിന് ശേഷമാണ് നമുക്ക് മനസ്സ് ഉണ്ടാകുന്നത്. അപ്പോൾ കരണവും മനസ്സും തമ്മിൽ ഒരു മുൻ-പിൻ ബന്ധം (sequential relationship) ഉണ്ട്, പരിണാമത്തിന്റെ ചരിത്രത്തിൽ.

അതുകൂടാതെ, മനസ്സിന് തന്നെ ഈ കരണം എന്നു പറയുന്നത് വളരെ അടിസ്ഥാനപരമായ ഒന്ന് ആണോയെന്നുള്ള വേറൊരു ചോദ്യം ഉണ്ട്. അതായത്, മനസ്സിന്റെ മുൻഗാമി മാത്രമല്ല, മനസ്സിനെ 'തെളിച്ചു' കൊണ്ടിരിയ്ക്കുന്നതും കരണമാണോ? എനിയ്ക്ക് അതിനെപ്പറ്റി ഒന്നും അറിയില്ല. ബോധത്തിനെപ്പറ്റി ഇങ്ങനെ ഒരു ചർച്ചകൊണ്ട് പോരാ. കാരണം വലിയൊരു ശാസ്ത്രശാഖയുണ്ട്, ഇതിനെ പഠിയ്ക്കുന്നതായിട്ട്. അതിന്റേതായിട്ടുള്ള ശാസ്ത്രസാഹിത്യം ഒക്കെ ഉണ്ട്. അതൊക്കെ അറിയുന്നവരാണ് നമ്മളോട് ഇതിനെപ്പറ്റിയൊക്കെ സംസാരിക്കേണ്ടത്. ബോധശാസ്ത്രം (cognitive science) വളരെ വികസിച്ച ഒരു ശാസ്ത്രമാണ്. ഇപ്പോൾ ഭാഷാശാസ്ത്രത്തിന്റെ വലിയ കേന്ദ്രങ്ങൾ ആയിട്ടുള്ള, MIT മാതിരിയുള്ള, സ്ഥാപനങ്ങൾ മസ്തിഷ്കപഠനത്തിന്റെ (brain imaging)- ന്റെ വഴിയ്ക്കാണ് പോകുന്നത്. വെറും ഭാഷാശാസ്ത്രത്തിൽനിന്ന് ബോധശാസ്ത്രത്തിലേക്ക് ഊന്നൽ മാറിക്കൊണ്ടിരിക്കുകയാണ്.

5. ചിന്തയും ഭാഷയും തമ്മിലുള്ള ബന്ധം എന്താണ്? ഇതിനെപ്പറ്റി നമുക്ക് ഭാഷാശാസ്ത്രത്തിന്റെ പ്രത്യേകിച്ചും ചോംസ്കിയുടെ കാഴ്ചപ്പാട് എടുക്കാം. ചോംസ്കിയുടെ ആദ്യകാലത്തെ എഴുത്തിൽ ഒരിടത്ത് (Aspects of the Theory of syntax-ൽ അദ്ദേഹം ജർമ്മൻ തത്വചിന്തകനായ ഹുംബോൾട്ടിനെ (Humboldt) ഉദ്ധരിയ്ക്കുന്നുണ്ട്. Language makes infinite use of finite means. അതായത്, ഭാഷ പരിമിതമായ അതിന്റെ ഉപാധികളെക്കൊണ്ട് അപരിമിതമായ കാര്യങ്ങൾ സാധിയ്ക്കുന്നു. ഭാഷയുടെ കൈയിരിപ്പ് പരിമിതമാണ്: എണ്ണിത്തീർക്കാവുന്ന ഒരു വാക്സഞ്ചയവും (നിഘണ്ടു), എണ്ണിയൊടുക്കാവുന്ന വ്യാകരണ നിയമങ്ങളും. എന്നാൽ ഭാഷ അപരിമിതമാണ്, രണ്ടർത്ഥത്തിൽ. ഒരർത്ഥത്തിൽ ഭാഷ അപരിമിതമാകുന്നത്: നിങ്ങൾക്ക് ഒരു ഭാഷയിൽ എത്ര വാക്കുകളുണ്ടെന്ന് ചോദിയ്ക്കാമെങ്കിലും, എത്ര വാക്യങ്ങളുണ്ടെന്ന് ചോദിയ്ക്കാൻ പറ്റില്ല. കാരണം, വാക്യങ്ങളുടെ എണ്ണത്തിന് അവസാനമില്ല. കൂടാതെ, ഒരു വാക്യത്തിന് പരമാവധി എത്ര നീളമുണ്ടാകാം എന്ന് ചോദിക്കാൻ പറ്റില്ല. കാരണം, ഒരു വാക്യത്തിന് അനന്തമായ നീളമുണ്ടാകാം. രണ്ടാമത്തെ അർത്ഥത്തിൽ ഭാഷ അപരിമിതമാകുന്നത് - ഈ അർത്ഥമാണ് നമുക്ക് കൂടുതൽ പ്രസക്തമായിട്ടുള്ളത് - ഇങ്ങനെയാണ്. നിങ്ങൾ പറയുന്ന ഓരോ വാചകവും ഒരു പുതിയ വാചകമാണ്. (സ്വാഭാവികമായ ഒരു സന്ദർഭത്തിൽ ഉച്ചരിയ്ക്കുന്ന വാചകങ്ങളെപ്പറ്റിയാണ് ഞാൻ പറയുന്നത്. നാടകം കളിയ്ക്കുമ്പോഴുള്ള വാചകങ്ങളെപ്പറ്റിയല്ല. നിങ്ങൾ ഒരാളെ ഉദ്ധരിയ്ക്കുകയല്ലാത്തപ്പോൾ നിങ്ങൾ പറയുന്ന ഒരോ വാചകവും ആ നിമിഷത്തിൽ, ആ സന്ദർഭത്തിനു വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു പുതിയ വാചകമാണ്.) ഇതെങ്ങിനെയാണ് സാധിയ്ക്കുന്നത്? ഇതിനെപ്പറ്റി സംസാരിക്കുമ്പോൾ ചോംസ്കി അടുത്തകാലത്തായി ഉപയോഗിക്കുന്ന ഒരു പ്രത്യേക സംജ്ഞ (term) ഉണ്ട്: the discrete infinity of language. ഭാഷയുടെ ഘടകങ്ങൾ പരിച്ഛേദ്യങ്ങളാണ് (discrete elements), എന്നാൽ അവയെക്കൊണ്ട് അപരിമിതമായ (infinite) ഉപയോഗമാണ് ഭാഷ സാധിക്കുന്നത്.

ഭാഷയെപ്പറ്റിയുള്ള ഈ ഉൾക്കാഴ്ചയെ നമുക്ക് ചിന്തയെപ്പറ്റിയുള്ള പഠനത്തിലേയ്ക്ക് നീട്ടിത്തൊടുവിയ്ക്കാൻ ശ്രമിയ്ക്കാം. (താഴെപ്പറയുന്നത് ചോംസ്കിയുടെ ചിന്തയല്ല; എന്റെ 'കൂട്ടിച്ചേർക്കൽ' ആണ്!) അപ്പോൾ എന്താണ് നമുക്ക് കിട്ടുക? ആലോചിച്ച് നോക്കൂ: 'നിങ്ങൾ പറയുന്ന ഓരോ വാചകവും ഒരു പുതിയ വാചകമാണ്, എന്ന് പറഞ്ഞുവല്ലോ; എന്നാൽ അതേ അർത്ഥത്തിൽത്തന്നെ, നിങ്ങൾ വിചാരിയ്ക്കുന്ന ഓരോ വിചാരവും ഒരു പുതിയ വിചാരമാണ്.

ഈ പറഞ്ഞതിന്റെ ഗൗരവം ശരിയ്ക്കും മനസ്സിലാക്കണം. ഞാൻ പറയുന്നത്, ചോംസ്കി ഭാഷയെപ്പറ്റി ഉന്നയിച്ചിട്ടുള്ള വാദങ്ങൾ മുഴുവൻ നമുക്ക് അങ്ങനെത്തന്നെ എടുത്തിട്ട് ഒരുപക്ഷേ, ബോധത്തിനേയും ചിന്തയേയുംപറ്റി പ്രയോഗിയ്ക്കാൻ കഴിയും എന്നാണ്.

അതെങ്ങിനെയെന്ന് കൂടുതൽ വിശദമായി പരിശോധിക്കാം. ഭാഷയെപ്പറ്റി നമ്മൾ രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്ന്: ഭാഷ പരിമിതമായ ഉപാധികൾകൊണ്ട് അപരിമിതമായ കാര്യങ്ങൾ സാധിയ്ക്കുന്നു. രണ്ട്: നമ്മൾ ഉച്ചരിയ്ക്കുന്ന ഓരോ വാക്യവും ഒരു പുതിയ വാക്യമാണ്. ഭാഷയ്ക്ക് ഇതു രണ്ടും എങ്ങിനെയാണ് സാധിയ്ക്കുന്നത്? ഭാഷയ്ക്ക് പരിമിതമായ ഒരു വാക്സഞ്ചയമാണ് ഉള്ളത്. (അതെത്ര വലുതായാലും. എണ്ണിത്തീർക്കാവുന്ന അത്രയേ ഉള്ളൂ.) കൂടാതെ, പരിമിതമായ ഘടനാനിയമങ്ങളുമുണ്ട് - വാക്കുകൾ ചേർത്ത് എങ്ങിനെയാണ് പദസംഘാതങ്ങളും (phrases) വാക്യങ്ങളും ഉണ്ടാക്കുക എന്നതി

ചിന്തയുടെ നിഘണ്ടു ആശയങ്ങളുടെ നിഘണ്ടുവാകണം. അത്, ഭാഷയുടെ നിഘണ്ടു പോലെ, പരിമിതമാണോ, അതായത് സംഖ്യേയമാണോ? ഈ നിഘണ്ടുവിലെ 'വാക്കു'കൾ എങ്ങിനെയുള്ളവയാണ്? ചില ആശയങ്ങൾ സങ്കീർണ്ണങ്ങളും - ഉദാഹരണത്തിന് 'നായ', 'പശു', 'പക്ഷി', ചിലവ മൗലികങ്ങളും - ഉദാഹണത്തിന് നിറങ്ങൾ, ജൈമിതിക രൂപങ്ങൾ - ആണ്. ഇവയെ എങ്ങിനെയാണ് ഈ നിഘണ്ടുവിൽ സംവിധാനം ചെയ്തിരിക്കുന്നത്? അർത്ഥവിജ്ഞാനീയക്കാർ (ലൊമിശേരശലൈ) ഇതിനെയൊക്കെപ്പറ്റി ഇനി ഗവേഷണം നടത്തട്ടെ.



വര: ജോൺസ് മാത്യു

നെപ്പറ്റിയുള്ള നിയമങ്ങൾ എന്നാൽ, ഈ നിയമങ്ങളെ ശ്രദ്ധിയ്ക്കുക ; അവയ്ക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്. അവ 'പുനശ്ചംക്രമണ' (recursive) സ്വഭാവമുള്ളവയാണ്. (ഉദാഹരണത്തിന്, ഒരു നാമസംഘാതത്തിന്റെ അകത്ത് വേറൊരു നാമസംഘാതം തൊടുക്കാൻ പറ്റും, ഒരു വാക്യത്തിന്റെ അകത്ത് വേറൊരു വാക്യവും.) ഈ നിയമങ്ങളാണ് എണ്ണിയാൽത്തീരാത്ത അത്ര വാക്യങ്ങളുടെ സാധ്യത തുറക്കുന്നത്.

ഇനി ചിന്തയുടെ കാര്യമെടുക്കാം. നമ്മൾ ചിന്തിയ്ക്കുന്ന ഓരോ ചിന്തയും ഒരു പുതിയ ചിന്തയാണ് എന്ന് പറഞ്ഞു. മനസ്സിന് ഇത് എങ്ങിനെയാണ് സാധിയ്ക്കുന്നത്? ഇടതടവില്ലാതെ പുതിയ ചിന്തകൾ സൃഷ്ടിയ്ക്കുവാൻ അതിന് എങ്ങിനെയാണ് കഴിയുന്നത്? ഭാഷയെപ്പറ്റി നമുക്കറിയുന്നത് ചിന്തയുടെ പഠനത്തിലേയ്ക്ക് കൊണ്ടുവരുകയാണെങ്കിൽ, എന്ത് അനുമാനങ്ങളാണ് നമുക്ക് സാധിയ്ക്കുക? ചിന്തയ്ക്കും, ഒരു നിഘണ്ടുവും ഘടനാനിയമങ്ങളും ഉണ്ടെന്ന് പറയേണ്ടിവരും. ചിന്തയുടെ നിഘണ്ടു ആശയങ്ങളുടെ നിഘണ്ടുവാകണം. അത്, ഭാഷയുടെ നിഘണ്ടുപോലെ, പരിമിതമാണോ, അതായത് സംഖ്യേയമാണോ? ഈ നിഘണ്ടുവിലെ 'വാക്കു'കൾ എങ്ങിനെയുള്ളവയാണ്? ചില ആശയങ്ങള സങ്കീർണ്ണങ്ങളും - ഉദാഹരണത്തിന് 'നായ', 'പശു', 'പക്ഷി', ചിലവ മൗലികങ്ങളും - ഉദാഹണത്തിന് നിറങ്ങൾ, ജൈമിതിക രൂപങ്ങൾ - ആണ്. ഇവയെ എങ്ങിനെയാണ് ഈ നിഘണ്ടുവിൽ സംവിധാനം ചെയ്തിരിക്കുന്നത്? അർത്ഥവിജ്ഞാനീയക്കാർ (semanticists) ഇതിനെയൊക്കെപ്പറ്റി ഇനി ഗവേഷണം നടത്തട്ടെ.

6. ഭാഷയും ചിന്തയും വെവ്വേറെ ആക്കാൻ പറ്റുമോ? അത് വലിയൊരു ചോദ്യം തന്നെയാണ്. അതിനെപ്പറ്റി പല അഭിപ്രായങ്ങളും ഉണ്ട്. ഭാഷ ഉപയോഗിച്ചാണ് നമ്മൾ ചിന്തിയ്ക്കുന്നത് എന്ന് പലർക്കും അഭിപ്രായമുണ്ടാകാം. 'ചിന്തയുടെ ഭാഷ' (language of thought) എന്ന ഒരു പ്രയോഗവുമുണ്ട്. പക്ഷേ, ചിലപ്പോൾ നമുക്ക് ഭാഷ ഇല്ലാതെയും ചിന്ത ഉണ്ടാകാം എന്ന് തോന്നുന്നു. എനിയ്ക്ക് നല്ല നിശ്ചയമില്ല. കൂടാതെ, മൃഗങ്ങളും ചിന്തിയ്ക്കുന്നുണ്ട്, അവയ്ക്കും മനസ്സുണ്ട്, തീർച്ചയായും. അവയുടെ കാര്യത്തിൽ, 'ചിന്തയുടെ ഭാഷ' ഉച്ചരിയ്ക്കാവുന്ന വാക്കുകൾ ആകാൻ പറ്റില്ലല്ലോ.

അങ്ങനെ നോക്കുമ്പോൾ, ഇതേ പറയാൻ പറ്റുകയുള്ളൂ: ചിന്തയ്ക്കും ഭാഷയ്ക്കും ഒരേ ഘടന ഉണ്ടാകാം. അതുകൊണ്ടാണ് നമുക്ക് ഇവയെ വേർതിരിയ്ക്കാൻ ഇത്ര പ്രയാസം തോന്നുന്നത്. കൂടാതെ അവ ഒരേ സമയത്ത്, ഒരുമിച്ചാണ് പോകുന്നത്. പക്ഷേ, അവയെ ഒന്നാണെന്ന് പറയേണ്ട കാര്യമില്ല എന്ന് തോന്നുന്നു.

7. ചോംസ്കിയുടെ പക്ഷത്തിൽ, ഭാഷാശാസ്ത്രം എന്നുപറയുന്നത് ബോധശാസ്ത്രത്തിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മനുഷ്യബോധത്തിന്റെ ഏറ്റവും നന്നായി ഗവേഷണം ചെയ്യപ്പെട്ടിട്ടുള്ള ഭാഗമാണ് ഭാഷാജ്ഞാനം. ആ ഭാഗത്തെപ്പറ്റി നമുക്ക് കുറച്ച് നന്നായിട്ട് അറിയാമെന്നു തോന്നുന്നു. ആ ഭാഗത്ത് നമുക്ക് ഉള്ള അറിവിനെ, ബോധത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് ഉപയോഗിക്കുക എന്നത്, ഒരുപക്ഷേ, അവയുടെ ഗവേഷണത്തിന് ഒരു പഴുത് ഉണ്ടാക്കിത്തരുമായിരിക്കും. അതാണ് നമ്മൾ ഇപ്പോൾ ശ്രമിച്ചത്. നമ്മുടെ അനുമാനം, ഭാഷയിൽ വാക്കുകൾ ഘടിപ്പിച്ച് വാക്യങ്ങൾ

ഉണ്ടാക്കുന്ന പ്രക്രിയപ്പോലെതന്നെയാകാം, മനസ്സിൽ ആശയങ്ങൾ ഘടിപ്പിച്ച് ചിന്തകൾ ഉത്പാദിപ്പിക്കുന്ന പ്രക്രിയയും. രണ്ടും ഒരുപോലെ ആകാം എന്നേ പറയാൻ വയ്ക്കൂ. ആകണം എന്നില്ല. പക്ഷേ, ഒരു കാര്യം നിശ്ചയമാണ്: മനുഷ്യന്റെ സ്മരണശക്തി (ഓർമ്മ) എത്ര വലുതായാലും പരിധിയുള്ളതാണ്. അപ്പോൾ മനസ്സിലെ വിചാരങ്ങൾക്ക് പരിധിയുള്ള ഒരു ആധാരം ഉണ്ടായേ പറ്റൂ.

ബോധത്തിനെപ്പറ്റി നമുക്ക് കാര്യമായി ഒന്നും പറയാൻ ആയിട്ടില്ല. 'ബോധം' എന്താണെന്ന് ഇപ്പോൾ ചോദിയ്ക്കരുത്. നമുക്ക് ഒരു ശാസ്ത്രമാണ് - ചാരുകസേരയിൽ ഇരുന്നുള്ള തത്വചിന്ത അല്ല- വേണ്ടത് എങ്കിൽ, നമുക്ക് കൈകാര്യം ചെയ്യാവുന്ന തരത്തിലുള്ള ചോദ്യങ്ങൾ രൂപപ്പെടുത്തണം. നമ്മൾ ഇതുവരെ പറഞ്ഞുകൊണ്ടുവന്നത് - അതായത്, ഭാഷയുടേയും ചിന്തയുടേയും അടിസ്ഥാന പ്രക്രിയകൾ ഒരുപോലെയാകാമെന്നുള്ളത് - ഗവേഷണ യോഗ്യമായ ഒരു ചോദ്യമാണെന്ന് തോന്നുന്നു.

നമ്മുടെ കാഴ്ചയുടെ (vision) നേരെ നടുക്കായി ഒരു 'അന്ധസ്ഥലം' (blind spot) ഉണ്ടെന്ന് കാഴ്ചയെപ്പറ്റിയുള്ള ഗവേഷണം കണ്ടുപിടിച്ചിട്ടുണ്ട്. ആർക്കും അത് കാണാൻ പറ്റില്ല. കാരണം മസ്തിഷ്കം അതിന്റെ ചുറ്റുമുള്ള നിറങ്ങളേയും വരകളേയും അതിലേയ്ക്ക് പ്രസരിപ്പിച്ച് അതിനെ മൂടിക്കളയുന്നു. അതുകാരണം നമ്മൾ ഒരിയ്ക്കലും ഒരു അപൂർണ്ണചിത്രം കാണുന്നില്ല; എപ്പോഴും കണ്ണ് ഒരു പൂർണ്ണചിത്രമാണ് കാണുന്നത്.

**8.** ചോംസ്കിയുടെ ഭാഷാശാസ്ത്രത്തിൽ അടുത്തകാലത്ത് ഉണ്ടായിട്ടുള്ള ഒരു സിദ്ധാന്ത പരിഷ്കരണത്തിന്റെ പേരാണ് minimalism. Minimalism- ത്തിൽ ഒരു വാക്യത്തെയോ പദസംഘാതത്തെയോ നിബന്ധിയ്ക്കുന്നത് 'അടിയിൽനിന്ന് മേലോട്ട്' ആണ്. (ഉദാഹരണത്തിന്, 'കണ്ടു' എന്ന ക്രിയാപദത്തോട് 'സീതയെ' എന്ന് ചേർത്ത് 'സീതയെ കണ്ടു' എന്ന പദസംഘാതം ഉണ്ടാക്കുന്നു; അങ്ങിനെതന്നെ പിന്നെയും മേലോട്ട്.) ഈ നിബന്ധനത്തിന്റെ അല്ലെങ്കിൽ 'ചേർക്ക'ലിന്റെ (merge) ഒരു പ്രത്യേകത, ഓരോ പ്രാവശ്യവും ഈ പ്രക്രിയ രണ്ടു വസ്തുക്കളെ മാത്രമേ ഒരുമിച്ച് ചേർക്കുന്നുള്ളൂ എന്നതാണ്. (ഉദാഹരണത്തിന്, 'കണ്ടു', 'രാമൻ', 'സീതയെ' എന്ന മൂന്ന് വസ്തുക്കളെ ഒറ്റയടിയ്ക്ക് ചേർത്ത് 'രാമൻ സീതയെ കണ്ടു' എന്ന വാക്യം ഉണ്ടാക്കുന്നില്ല.) അതായത്, ഈ 'ചേർക്കൽ' പ്രക്രിയ ഒരു 'ദ്വന്ദ്വപ്രക്രിയ' ആണ് (binary operation).

ഭാഷയുടെ ഈ മാതൃക നമ്മൾ ചിന്തയുടേയും മാതൃകയായി കടം വാങ്ങുകയാണെങ്കിൽ, നമുക്ക് ചിന്തയെപ്പറ്റി എന്താണ് പറയേണ്ടിവരിക? ഓരോ ചിന്തനക്രിയയും, രണ്ട് ആശയങ്ങളെ മാത്രം കൂട്ടിച്ചേർക്കുന്ന 'ദ്വന്ദ്വപ്രക്രിയ' ആണെന്ന് പറയേണ്ടിവരും. നമ്മൾ അനുഭവമുൾക്കൊള്ളുമ്പോൾ ചെയ്യുന്നതായ പ്രക്രിയയെ, ചെറിയ ചെറിയ ദ്വന്ദ്വപ്രക്രിയകളായി വ്യാകരിയ്ക്കേണ്ടിവരും. അപ്പോൾ നമ്മൾ 'യാഥാർത്ഥ്യ'ത്തിൽ, അതായത് പ്രാപഞ്ചിക ലോകത്തിൽ, കാണുന്നതായിട്ടുള്ള ബന്ധങ്ങൾ ഉണ്ടല്ലോ, മനുഷ്യമനസ്സിന് എളുപ്പത്തിൽ ഗ്രാഹ്യമായിട്ടുള്ളവ; അവ ദ്വന്ദ്വസ്വഭാവമുള്ള ബന്ധങ്ങൾ ആകണം.

**9.** വെറും ഒരു 'വികൃതി'യ്ക്കുവേണ്ടി നമ്മൾ സങ്കല്പിയ്ക്കുകയാണെന്ന് വെയ്ക്കുക: യഥാർത്ഥലോകത്തിൽ ചില ബന്ധങ്ങൾ ഉണ്ട്, ദ്വന്ദ്വബന്ധങ്ങളായി വ്യാകരിയ്ക്കാൻ പറ്റാത്തവ; അവയുടെ മൗലിക സ്വഭാവം അവ മൂന്നു വസ്തുക്കളുടെ, അല്ലെങ്കിൽ നാല് വസ്തുക്കളുടെ, ബന്ധമാണ് എന്നതാണ്. അത്തരത്തിലുള്ള ബന്ധങ്ങൾ മനുഷ്യമനസ്സിന്റെ പരിധിയ്ക്ക് പുറത്തായിരിക്കും. അതായത്, നമുക്ക് അചിന്ത്യങ്ങളായ ചിന്തകളുണ്ട് എന്ന് വരാം.

ഇതൊക്കെ തികച്ചും ഊഹാധിഷ്ഠിതം (speculative) ആണെന്ന് ഓർമ്മവെയ്ക്കണം. എന്നിരുന്നാലും ഈ പറഞ്ഞതിൽ വല്ല സത്യവുമുണ്ടെങ്കിൽ, മനുഷ്യമനസ്സ് യഥാർത്ഥ ലോകത്തെ ഭാഗികമായിട്ട് മാത്രമാണ് കാണുന്നത് എന്ന്



നോം ചോംസ്കി

വരും. അതായത് നമ്മുടെ പ്രപഞ്ചാനുഭവത്തിൽ, അഥവാ പ്രപഞ്ചചിത്രത്തിൽ, വലിയ വിടവുകളുണ്ടാകാം. പക്ഷെ, എവിടെയാണ് ആ വിടവുകളെന്നോ, വിടവുകളുണ്ടെന്ന കാര്യമോ, നമ്മൾ അറിയില്ല. വിടവുകൾ നമ്മൾ ഒരിയ്ക്കലും കാണില്ല. അതെങ്ങിനെയെന്നാൽ, ഉദാഹരണത്തിന്, നമ്മുടെ കാഴ്ചയുടെ (vision) നേരെ നടുക്കായി ഒരു 'അന്ധസ്ഥലം' (blind spot) ഉണ്ടെന്ന് കാഴ്ചയെപ്പറ്റിയുള്ള ഗവേഷണം കണ്ടുപിടിച്ചിട്ടുണ്ട്. ആർക്കും അത് കാണാൻ പറ്റില്ല. കാരണം മസ്തിഷ്കം അതിന്റെ ചുറ്റുമുള്ള നിറങ്ങളേയും വരകളേയും അതിലേയ്ക്ക് പ്രസരിപ്പിച്ച് അതിനെ മൂടിക്കളയുന്നു. അതുകാരണം നമ്മൾ ഒരിയ്ക്കലും ഒരു അപൂർണ്ണചിത്രം കാണുന്നില്ല; എപ്പോഴും കണ്ണ് ഒരു പൂർണ്ണചിത്രമാണ് കാണുന്നത്. അതുപോലെ, നമ്മുടെ പ്രപഞ്ചത്തിൽ വിടവുകളുണ്ടെങ്കിൽ നമ്മൾ അത് ഒരിയ്ക്കലും കാണില്ല; മനുഷ്യമനസ്സ് അതിന് അശക്തമാണ്.

മനസ്സിന് ദ്വന്ദ്വപ്രക്രിയകളേ സാധിയ്ക്കൂ എന്ന് പറഞ്ഞുവല്ലോ. ഈ പറഞ്ഞതും, പണ്ടത്തെ ബൗദ്ധ - വേദാന്ത ചിന്തയിൽ പ്രപഞ്ചത്തെ ദ്വന്ദ്വങ്ങൾ ആയിട്ട് കാണുക എന്ന് പറഞ്ഞതും തമ്മിൽ സാമ്യമുണ്ടോ എന്നറിയില്ല. ഏതായാലും അവിടെയ്ക്ക് കടക്കേണ്ട. ഗവേഷണസാധ്യങ്ങളായ ചോദ്യങ്ങളിലേയ്ക്ക് മാത്രമായി നമുക്ക് നമ്മളെത്തന്നെ ഒതുക്കിനിർത്താം.

10. നമ്മുടെ 'സത്വബോധ'ത്തെ (idea of the self-നെ)പ്പറ്റി ഇപ്പോൾ നല്ല പഠനങ്ങൾ നടക്കുന്നുണ്ട്. വി.എസ്. രാമചന്ദ്രൻ (V.S. Ramachandran) എന്ന ആൾ Stanford-ൽ വളരെ രസകരമായ പരീക്ഷണങ്ങൾ ചെയ്തിട്ടുണ്ട്. ഇതിനെപ്പറ്റി. വിശദാംശങ്ങൾ ഓർമ്മയില്ലെങ്കിലും, ഒരു പരീക്ഷണത്തിന്റെ ഏകദേശം രൂപം പറയാം. പരീക്ഷണ വിധേയന്റെ ഒരു കൈ അയാൾക്ക് കാണാൻ പറ്റാത്തവിധത്തിൽ മേശയ്ക്കടിയിൽ വെയ്ക്കുന്നു. എന്നിട്ട് പരീക്ഷകൻ മേശയിൽ തൊടുന്നു; അതേ സമയത്തുതന്നെ അയാളുടെ (പരീക്ഷണ വിധേയന്റെ) കൈയും - അയാൾ കാണാതെ - തൊടുന്നു. കൈയിൽ സംഭവിയ്ക്കുന്നത് എന്താണെന്ന് പരീക്ഷണവിധേയന് കാണാൻ പറ്റുന്നില്ല. മേശമേൽ സംഭവിയ്ക്കുന്നത് എന്താണെന്ന് അയാൾക്ക് കാണാൻ പറ്റുന്നുണ്ട്. പക്ഷേ, മേശമേൽ പരീക്ഷകൻ തൊടുന്ന സമയത്ത് തന്നെയാണ് അയാൾക്ക് സ്പർശനബോധം കിട്ടുന്നത്. ഈ പ്രക്രിയ കുറെ പ്രാവശ്യം ആവർത്തിച്ചാൽ, പെട്ടെന്ന് അയാളുടെ മസ്തിഷ്കത്തിൽ (അല്ലെങ്കിൽ മനസ്സിൽ) ഒരു തകിടം മറിച്ചിൽ സംഭവിയ്ക്കുന്നു: മേശ തന്റെ ശരീരത്തിന്റെ ഭാഗമാണെന്ന് അയാൾ വിശ്വസിയ്ക്കാൻ തുടങ്ങുന്നു. അതിന്റെ അർത്ഥം, നമ്മുടെ സത്വത്തെപ്പറ്റിയുള്ള ബോധം നമ്മുടെ മനസ്സിന്റെ ഒരു 'നിർമ്മിതി' ആണ്, അത് മാറ്റാവുന്നത് ആണ് എന്നാണ്.

എന്റെ ഒരു പഴയ കവിതയിൽ ('ഗ്വാട്ടിമാലയിൽ ഒരു കാല്') ഞാൻ ചെയ്തത് എന്റെ സത്വത്തിന്റെ അതിർത്തികളെ, പ്രത്യേകിച്ച് എന്റെ സംവേദനത്തിന്റെ അതിർത്തികളെ, മാറ്റുകയാണ്. സാധാരണഗതിയിൽ നമ്മുടെ സംവേദനത്തിന്റെ, അഥവാ വേദനയുടെ, അതിർത്തികളാണ് നമ്മുടെ അതിർത്തികൾ. മുടിയിൽ വേദന ഇല്ല. നഖത്തിൽ വേദന ഇല്ല. നമ്മുടെ നഖവും മുടിയും ഒക്കെ നമുക്ക് നമ്മുടെ ഭാഗമാണെന്ന് തോന്നുന്നത് അവ നമ്മോട് ഘടിപ്പിച്ചിട്ടുണ്ട് എന്നതുകൊണ്ടാണ്. ഞാൻ മുടി മുറിച്ചാൽ അത് പിന്നെ എന്റെ ഭാഗമല്ല. പക്ഷേ, വളരെ മൗലികമായി നമ്മുടെ സത്വത്തിന്റെ അതിർത്തി എന്നു പറയുന്നത് നമ്മുടെ സംവേദനത്തിന്റെ അതിർത്തിയാണ്. കൂടാതെ, സാധാരണയായി ഈ വേദനയുടെ അതിർത്തികൊണ്ട് വരയ്ക്കുന്നതായിട്ടുള്ള 'നമ്മളുടെ സത്വം സ്ഥലത്തുടർച്ചയുള്ളത് (spacially continuous) ആയിരിക്കും. പക്ഷേ, മേലെ പറഞ്ഞ ആ കവിതയിൽ ഞാൻ ചെയ്യുന്നത് സ്ഥലത്തുടർച്ചയില്ലാത്ത ഒരു സത്വത്തെ സങ്കല്പിയ്ക്കുകയാണ്. കവിതയിലെ ആളുടെ ഒരു കാലു വളരെ ദൂരത്താണ്, ഗ്വാട്ടിമാലയിലാണ്. പക്ഷേ, അയാളുടെ ആ കാലിനുള്ള എല്ലാ സംവേദനങ്ങളും അയാൾക്ക് അപ്പോൾത്തന്നെ കിട്ടും. ഇവിടെ ചൊറിഞ്ഞാൽ കിട്ടുന്നത് മാതിരി, ആ കാലിൽ ചൊറിഞ്ഞാലും ഉടനെ അറിയാം. ആ കാലിൽ വെയിലടിയ്ക്കുന്നതായിട്ട് അയാൾ അറിയുന്നു. ആ കാലിന്മേൽ കട്ടുറുമ്പ് അരിയ്ക്കുന്നത് അയാൾ അറിയുന്നു. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം വരുകയാണെങ്കിൽ അയാളുടെ സത്വത്തിൽ - അയാളുടെ 'ഞാൻ' എന്ന ബോധത്തിൽ - സ്ഥലത്തുടർച്ചയില്ലാത്തതും വിദൂരവും

വര: ജോൺസ് മാത്യു



ശ്രീരാമകൃഷ്ണനെപ്പറ്റിയുള്ള ഒരു കഥയുടെ പരാമർശവും ആയിട്ടാണ് അത് അവസാനിയ്ക്കുന്നത്. രാമകൃഷ്ണൻ ഒരിയ്ക്കൽ ധ്യാനിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഒരാൾ ഒരു പശുവിനെ തല്ലുന്നത് കണ്ടു. അപ്പോൾ അദ്ദേഹം കുഴഞ്ഞ് നിലത്ത് വീഴുകയും അദ്ദേഹത്തിന്റെ പുറത്ത് ആ അടിച്ചതിന്റെ പാടുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു എന്നാണ് പറയുന്നത്. അപ്പോൾ എന്താണ് സംഭവിയ്ക്കുന്നത്? അദ്ദേഹം തന്റെ സത്വത്തിന്റെ അതിർത്തികളെ വലുതാക്കുകയാണ്, പശുവിന്റെ വേദന ഉൾക്കൊള്ളാൻ. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ സത്വത്തിന്റെ അതിർത്തി വേദനയുടെ അതിർത്തിയാണ്.

ആയ ആ കാലും ഉശപ്പെടുത്തിയിരിയ്ക്കും. അങ്ങിനെയിരിയ്ക്കുമ്പോൾ അയാൾ ഒരു ധനികനാണെങ്കിൽ ആ കാലിനെ എണ്ണ തൊട്ടുഴിയാനും അതിന്മേൽ കുട ചൂടിയ്ക്കാനും ഒരു ഭൃത്യനെ അവിടെ നിയമിയ്ക്കും എന്നൊക്കെ കവിതയിൽ പറയുന്നുണ്ട്. സത്വത്തെ എങ്ങിനെയാണ് നിർമ്മിയ്ക്കുന്നത് എന്നാണ് കവിതയുടെ പ്രശ്നം. സംവേദനംകൊണ്ടാണ് എന്നാണ് ഉത്തരം. പിന്നെ ശ്രീരാമകൃഷ്ണനെ പ്പറ്റിയുള്ള ഒരു കഥയുടെ പരാമർശവും ആയിട്ടാണ് അത് അവസാനിയ്ക്കുന്നത്. രാമകൃഷ്ണൻ ഒരിയ്ക്കൽ ധ്യാനിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഒരാൾ ഒരു പശുവിനെ തല്ലുന്നത് കണ്ടു. അപ്പോൾ അദ്ദേഹം കുഴഞ്ഞ് നിലത്ത് വീഴുകയും അദ്ദേഹത്തിന്റെ പുറത്ത് ആ അടിച്ചതിന്റെ പാടുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു എന്നാണ് പറയുന്നത്. അപ്പോൾ എന്താണ് സംഭവിയ്ക്കുന്നത്? അദ്ദേഹം തന്റെ സത്വത്തിന്റെ അതിർത്തികളെ വലുതാക്കുകയാണ്, പശുവിന്റെ വേദന ഉൾക്കൊള്ളാൻ. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ സത്വത്തിന്റെ അതിർത്തി വേദനയുടെ അതിർത്തിയാണ്.

11. ഞാൻ വേറെ ഒരു കാര്യം പറയട്ടെ. നമ്മുടെ സത്വത്തിന്റെ വളരെ ചെറിയ ഒരു ഭാഗമാണ് നമുക്ക് ബോധത്തിൽ വരുന്നത്. ഉദാഹരണത്തിന്, ഞാൻ എന്റെ വിരൽ ഒന്ന് പൊക്കുന്നു. മസ്തിഷ്കത്തിൽനിന്ന് വിരലിലേയ്ക്ക് പോകുന്ന കല്പന, കരണത്തിന്റെ ആ പ്രക്രിയ, അത് നമുക്ക് എപ്പോഴും നിഗൂഹിതമാണ്. ഒരിയ്ക്കലും അത് നമുക്ക് നിരീക്ഷിയ്ക്കാൻ പറ്റില്ല. നമ്മളുടെ കരണത്തിന്റെ പ്രവർത്തനം നമുക്ക് ഒരിയ്ക്കലും ബോധത്തിൽക്കൊണ്ടുവരാൻ പറ്റില്ല. (എന്റെ 'മീനായ് ജനിച്ചു' എന്ന കവിതയിലെ ഒരു പ്രമേയം ഇതാണ്.) എന്നുമല്ല, ബോധത്തിന്റെ പ്രവർത്തനവും നമുക്ക് ബോധത്തിൽ കൊണ്ടുവരാൻ പറ്റില്ല. കാഴ്ച കണ്ണിനെ കാണാത്തതുപോലെ. കാഴ്ച കണ്ണിനെ കാണുന്നില്ലല്ലോ. കാഴ്ച മറ്റു സാധനങ്ങളേ കാണുന്നുള്ളൂ. അതുപോലെയാണ് നമ്മുടെ ബോധം. ബോധം മറ്റൊന്നിനെ കാണുന്നു. ബോധത്തിനെ കാണുന്നില്ല. അതുകൂടാതെ നമ്മളുടെ സത്വം (self) എന്ന് പറയുന്നതിന്റെ പകുതി മുക്കാൽ ഭാഗവും ബോധത്തിന്റെ പിന്നിലാണ്. അതിന്റെ മുന്നിലല്ല. ജീവന്റെ പരിണാമത്തിൽ ബോധം എന്നുള്ളത് ഉണ്ടായതിന്റെ ഒരേ ഒരു കാരണം മറ്റു സാധനങ്ങളെ കാണുവാനാണ്. ശത്രുവിൽനിന്ന് ഓടിപ്പോകാനും ഇരയെ ഓടിയെത്തിപ്പിടിയ്ക്കാനും വേണ്ടിയിട്ടാണ്. ബോധം എപ്പോഴും പുറത്തേയ്ക്ക് നോക്കുന്ന ഒന്ന് ആണ്. അതിന് അകത്തേയ്ക്ക് നോക്കിയിട്ട് യാതൊന്നും കിട്ടാനില്ല. അപ്പോൾ അനാവശ്യമായത് മുഴുവൻ ബോധത്തിന്റെ പിന്നിലേയ്ക്ക് വച്ചിരിയ്ക്കുകയാണ്, പ്രകൃതി. ബോധത്തിന്റെ വിളക്കുകളൊക്കെ പുറത്തേയ്ക്കാണ് ലക്ഷീകരിച്ചിരിക്കുന്നത്. നമ്മുടെ സത്വം ബോധത്തിന്റെ പിറകിലാണ്. നമ്മളുടെ ഉള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ഈ സമയത്ത് നടക്കുന്നുണ്ട്. ഇപ്പോൾ ഹൃദയം മിടിയ്ക്കുന്നുണ്ട്. ശ്വാസകോശങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. ശരീരത്തിന്റെ ഓരോ കോശത്തിലും (cell- ലും) എണ്ണാൻ കഴിയാത്തത്ര പ്രക്രിയകൾ നടക്കുന്നുണ്ട്. ദഹനാവയവങ്ങൾ ഭക്ഷണം ദഹിപ്പിയ്ക്കുന്നുണ്ട്, സ്വേദഗ്രന്ഥികൾ വിയർപ്പ് പൊടിപ്പിയ്ക്കുന്നുണ്ട്. പക്ഷേ, ഇത് മുഴുവൻ നമുക്ക് അജ്ഞാതം ആണ്. പിന്നെ എന്താണ് നമുക്ക് ബോധത്തിൽ വരുന്നതായിട്ടുള്ളത്? വേദന നമുക്ക് ബോധപ്പെടുന്നുണ്ട്. അതിന്റെ കാരണം, വേദനയെപ്പറ്റി എന്തെങ്കിലും ചെയ്തേ പറ്റൂ. അപ്പോൾ അതിനെ പ്രകൃതി ബോധത്തിൽ കൊണ്ടുവരുന്നു. അതുപോലെ, വിശപ്പ്. അതിനെപ്പറ്റി എന്തെങ്കിലും ചെയ്തേ പറ്റൂ. അല്ലാതെ നമ്മൾക്ക് ശ്രദ്ധ കൊടുത്തിട്ട് എന്തെങ്കിലും ചെയ്യേണ്ടതല്ലാത്ത കാര്യങ്ങൾ ഉണ്ടല്ലോ - ഹൃദയം മിടിയ്ക്കുന്നതും, കോശങ്ങളിലുള്ള പ്രക്രിയകളും, മുടി വളരുന്നതും, നഖം വളരുന്നതും. ഇതൊന്നും നാം ബോധപ്പെടുന്നില്ല. അത് മുഴുവൻ ബോധത്തിന്റെ പിന്നിലാണ്. അപ്പോൾ, നമ്മളുടെ സത്വം എന്ന് പറയുന്നത് വളരെ വലിയ ഒരു സാധനമാണ്: അതിന്റെ വളരെ ചെറിയ അംശമേ ബോധത്തിൽ വരുന്നുള്ളൂ.

12. എന്തൊക്കെയാണ് നമ്മുടെ ഇന്ദ്രിയ ബോധങ്ങൾ? 'അന്ധന്റെ കാഴ്ച' (blind sight) എന്ന ഒരു പ്രതിഭാസമുണ്ട്. തികച്ചും അന്ധനായ ഒരാൾ, പക്ഷെ, അയാൾ നടക്കുമ്പോൾ അയാളുടെ നേരെ മുന്നിൽ ഒരു വലിയ പ്രതിബന്ധം വരുകയാണെന്ന് വിചാരിക്കുക: ഒരു മരം, അല്ലെങ്കിൽ ഒരു വിളക്കുകാല്. അത് വളഞ്ഞുവച്ച് പോകാനുള്ള എന്തോ ഒരു ബോധം ഉണ്ട് അയാൾക്ക്. അത് എന്തോ ഒരുതരം 'കാഴ്ച' ആണോ എന്ന് നമുക്കറിയില്ല. അതുപോലെ, വേറെയും പല ഇന്ദ്രിയബോധങ്ങൾ ഉണ്ടാകാം, മൃഗങ്ങൾക്ക് ഒക്കെ ഉള്ളതുപോലെ. അതൊക്കെ നമുക്ക് ഒരു പക്ഷെ, കിട്ടുന്നുമുണ്ടാവാം. പക്ഷെ, നമ്മൾ അവയെ ഉപയോഗിയ്ക്കുന്നില്ല, നമ്മൾ 'അന്ധന്റെ കാഴ്ച' ഉപയോഗിക്കാത്തത് മാതിരി.

അത് എന്റെ ഒരു കവിതയിൽ പറഞ്ഞിട്ടുണ്ട് (മീനായ് ജനിച്ചു): 'എന്തൊക്കെയുണ്ട് നമുക്ക് ഇല്ലാത്ത ഇന്ദ്രിയ ബോധങ്ങൾ, ജ്ഞാന ചക്ഷുസ്സുകൾ'. നമ്മളിലേയ്ക്ക് പല തരം വിവരങ്ങൾ (information) പ്രവഹിയ്ക്കുന്നുണ്ട്. മിയ്ക്കതും പക്ഷെ നമ്മൾ ഉപയോഗിയ്ക്കുന്നില്ല. കാരണം നമുക്ക് അതിനുള്ള സജ്ജീകരണം ഇല്ല. അതിപ്പോൾ എങ്ങിനെയാണെന്ന് വെച്ചാൽ, നമ്മൾ ഇവിടെ ഇരിയ്ക്കുമ്പോൾ നമ്മളിൽകൂടി ടി.വി.കേന്ദ്രങ്ങൾ പ്രക്ഷേപിയ്ക്കുന്ന എല്ലാ പരിപാടികളും കടന്നുപോയിക്കൊണ്ടിരിയ്ക്കുന്നുണ്ട്. നമ്മൾ അത് ഒന്നും കാണുന്നില്ല. കാരണം നമ്മൾ ടി.വി.സെറ്റ് അല്ല, അത് സ്വീകരിയ്ക്കാൻ. പുറമേനിന്ന് വരുന്ന വിവരങ്ങൾ, അവയെ സ്വീകരിയ്ക്കാനുള്ള സജ്ജീകരണം ഉണ്ടെങ്കിലേ, (ഒരർത്ഥത്തിൽ) ഉള്ളൂ, അല്ലെങ്കിൽ അവ ഇല്ല.

13. വി.എസ്.രാമചന്ദ്രൻ എന്ന ആൾ സ്റ്റാൻഫോർഡിൽ ഗവേഷണം ചെയ്യുന്നതിനെപ്പറ്റി പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേര് Phantoms of the Brain എന്നാണ്. അദ്ദേഹം പല ഗവേഷണത്തിലും പ്രസിദ്ധനാണെങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായിട്ടുള്ള ഗവേഷണം 'അയഥാർത്ഥ അവയവങ്ങ'ളെ (Phantom limbs)നെ പറ്റിയുള്ളതാണ്. 'അയഥാർത്ഥ അവയവങ്ങൾ' എന്ന് പറയുന്നത് ഇങ്ങിനെയാണ്. ഒരാളുടെ കാല് മുറിച്ചുപോയി എന്നു വിചാ

**നമ്മളിലേയ്ക്ക് പലതരം വിവരങ്ങൾ (information) പ്രവഹിയ്ക്കുന്നുണ്ട്. മിയ്ക്കതും പക്ഷെ നമ്മൾ ഉപയോഗിയ്ക്കുന്നില്ല. കാരണം നമുക്ക് അതിനുള്ള സജ്ജീകരണം ഇല്ല. അതിപ്പോൾ എങ്ങിനെയാണെന്ന് വെച്ചാൽ, നമ്മൾ ഇവിടെ ഇരിയ്ക്കുമ്പോൾ നമ്മളിൽകൂടി ടി.വി.കേന്ദ്രങ്ങൾ പ്രക്ഷേപിയ്ക്കുന്ന എല്ലാ പരിപാടികളും കടന്നുപോയിക്കൊണ്ടിരിയ്ക്കുന്നുണ്ട്. നമ്മൾ അത് ഒന്നും കാണുന്നില്ല. കാരണം നമ്മൾ ടി.വി.സെറ്റ് അല്ല, അത് സ്വീകരിയ്ക്കാൻ. പുറമേനിന്ന് വരുന്ന വിവരങ്ങൾ, അവയെ സ്വീകരിയ്ക്കാനുള്ള സജ്ജീകരണം ഉണ്ടെങ്കിലേ, (ഒരർത്ഥത്തിൽ) ഉള്ളൂ അല്ലെങ്കിൽ അവ ഇല്ല.**

രിയ്ക്കുക. കാല് പോയി എന്നുള്ളത് അയാൾക്കറിയാം. പക്ഷെ, മസ്തിഷ്കം അത് അറിയുന്നില്ല. മസ്തിഷ്കത്തിന് ആ കാല് ഇപ്പോഴും ഉണ്ട്. എന്നു മാത്രമല്ല വളരെ വിചിത്രമായിട്ടുള്ള ഒരു വസ്തുത എന്താണെന്നുവച്ചാൽ ഈ ഇല്ലാത്ത കാലിൽ സ്പർശനബോധം അനുഭവിയ്ക്കുന്നുണ്ട്. എന്തോ കാലിന്മേൽ തൊടുന്നുവെന്ന് ചിലപ്പോൾ പറയും. ചിലപ്പോൾ കാലിൽ വേദനയുണ്ടെന്ന് പറയും. ഈ അയഥാർത്ഥ അവയവങ്ങൾ എന്ന പ്രതിഭാസം വൈദ്യശാസ്ത്രത്തിൽ രേഖപ്പെടുത്തിയിട്ട് കുറെ കൊല്ലങ്ങളായി. പക്ഷെ, ഇത് എങ്ങിനെയാണ് മനസ്സിലാക്കേണ്ടതെന്ന് ഡോക്ടർമാർക്കറിയില്ലായിരുന്നു; കൂടാതെ ഇല്ലാത്ത കാലിലെ വേദന എങ്ങിനെയാണ് ചികിത്സിക്കുക എന്നുള്ളതും. അവർ സാധാരണ ചെയ്തിരുന്നത് ഇതിനെ വെറും ഒരു മാനസികഭ്രമമായി കണക്കാക്കി ചികിത്സിയ്ക്കുകയാണ്. 'നിങ്ങൾക്ക് അങ്ങിനെയൊന്നും ഇല്ല. നിങ്ങൾ വെറുതെ വിചാരിയ്ക്കുന്നതാണ്. നിങ്ങളുടെ ഒരു ഭാവന മാത്രമാണ്. കാൽ ഇല്ലെന്ന് നിങ്ങൾക്ക് കാണാൻ പറ്റില്ലേ. അപ്പോൾ എങ്ങിനെയാണ് അതിൽ വേദനയുണ്ടാകുന്നത്'. ഇത്തരത്തിലുള്ള മാനസികമായ 'ഉപദേശം' കൊടുത്തിട്ട് തിരിച്ചയയ്ക്കുകയാണ്. പക്ഷേ, പലപ്പോഴും രോഗി തിരിച്ചുപോയിട്ട് പിന്നെയും വരും കാലിൽ വേദനയുണ്ടെന്ന് പറഞ്ഞിട്ട്.

രാമചന്ദ്രൻ ഈ പ്രശ്നത്തിന് ഒരു ഉത്തരം കണ്ടത് ഇങ്ങിനെയാണ്. അദ്ദേഹം മസ്തിഷ്കത്തിലെ 'ദേഹ പ്രതിരൂപ'ത്തെ (body image-നെ)പ്പറ്റി പഠിച്ചു. നമ്മുടെ ശരീരത്തിന്റെ ഒരു പ്രതിരൂപം മസ്തിഷ്കത്തിൽ ഉണ്ട്. നമ്മുടെ ശരീരത്തിന്റെ ഘടനപോലെയൊന്നും അല്ല അതിന്റെ ഘടന; മനുഷ്യശരീരത്തിന്റെ ഒരു ചെറിയ ചിത്രം മനസ്സിൽ പതിച്ചതുപോലെയൊന്നും വിചാരിയ്ക്കരുത്. പക്ഷെ, ഒരു ദേഹപ്രതിരൂപം അവിടെ ഉണ്ടെന്ന കാര്യം മനസ്സിലാക്കിയാൽ മതി. കൂടാതെ, ദേഹത്തിന്റെ വിവിധ ഭാഗങ്ങളിൽ കിട്ടുന്നതായ ബോധനങ്ങൾ (sensations) ദേഹപ്രതിരൂപത്തിലെ അതാത് ഭാഗങ്ങളിലാണ് സൃഷ്ടിയ്ക്കപ്പെടുന്നത്. അപ്പോൾ, ഒരാളുടെ കാല് മുറിഞ്ഞുപോയി എന്ന് വിചാരിയ്ക്കുക. അതിൽപ്പിന്നെ ദേഹപ്രതിരൂപത്തിൽ കാലിനോട് ബന്ധപ്പെട്ട ആ ഭാഗത്തേയ്ക്ക് ഒരു ബോധനവും വരില്ല. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞാൽ സംഭവിയ്ക്കാവുന്നത് എന്തെന്നാൽ, ആ ഉപയോഗശൂന്യമായിട്ടുള്ള ഭാഗത്തേയ്ക്ക് മറ്റ് ശരീരഭാഗങ്ങളിൽനിന്നുള്ള ബോധനങ്ങൾ കടന്നുചെല്ലും. വളരെ വിചിത്രമായിട്ടുള്ള ഒരു കേസ് പറയാം. ഒരാൾക്ക് ഒരു കൈ പോയി. അയാൾക്ക് ആ കൈയിന്മേൽനിന്ന് പക്ഷെ ബോധനങ്ങൾ വരുന്നുണ്ട്. ഇല്ലാത്ത കൈയിൽനിന്ന് എങ്ങിനെയാണ ബോധനങ്ങൾ വരുന്നതെന്ന് പഠനം നടത്തിയപ്പോൾ കണ്ടത് അയാളുടെ കൈയിന്മേൽനിന്നെന്ന് തോന്നുന്ന ബോധനങ്ങൾ മുഴുവൻ മുഖത്തെ ഒരു കവിളിൽനിന്നാണ് വരുന്നത് എന്നാണ്. സംഭവിയ്ക്കുന്നത് എന്താണെന്നുവെച്ചാൽ, ദേഹപ്രതിരൂപത്തിൽ കൈയുടെ ഭാഗവും മുഖത്തിന്റെ ഭാഗവും വളരെ അടുത്താണ്. അപ്പോൾ കൈയുടെ ഭാഗം ഉപയോഗിയ്ക്കാതെ വന്നപ്പോൾ മുഖത്തിന്റെ ഭാഗത്തുനിന്നുള്ള ബോധനങ്ങൾ ഇങ്ങോട്ടേയ്ക്ക് പ്രസരിച്ചു തുടങ്ങിയിരിയ്ക്കണം. അപ്പോൾ മുഖത്ത് നടക്കുന്നതായിട്ടുള്ള 'സംഭവങ്ങൾ' കൈയിന്റെ 'സംഭവങ്ങൾ' ആയി തോന്നും. ഉദാഹരണത്തിന് അയാളുടെ മുഖത്ത് കുറച്ച് ചൂടുവെള്ളം ഒഴിച്ചപ്പോൾ 'എന്റെ കൈ പൊള്ളുന്നു' എന്നുപറഞ്ഞു. അപ്പോൾ, ഇതാണ് അയഥാർത്ഥ അവയവങ്ങൾ എന്ന പ്രതിഭാസം. ഞാൻ പറഞ്ഞുകൊണ്ടുവരുന്നത് എന്താണെന്നുവെച്ചാൽ നമ്മളുടെ സത്വത്തെ (self-നെ) പ്പറ്റിയുള്ള നമ്മളുടെ ആശയം മസ്തിഷ്കം സൃഷ്ടിയ്ക്കുന്നത് വളരെ രസകരവും വളരെ സങ്കീർണ്ണവും ആയ വിധത്തിൽ ആണ്. അതിന് അതിന്റേതായിട്ടുള്ള നിയമങ്ങളുണ്ട്.

14. 'ചോംസ്കി', ഞാൻ പറഞ്ഞുവല്ലോ ആദ്യം തന്നെ, ഭാഷയുടെ 'ജന്മജ' സ്വഭാവത്തിലാണ് മുറുക്കിപ്പിടിയ്ക്കുന്നത്. അതായത്, ഭാഷ പഠിയ്ക്കാനും ഉപയോഗിയ്ക്കാനുമുള്ള നമ്മുടെ 'ഭാഷക്കഴിവ്' (language faculty) ജന്മജമാണെന്നാണ് സിദ്ധാന്തിയ്ക്കുന്നത്. എല്ലാ മനുഷ്യഭാഷകൾക്കും - അഗാധമായ ഒരു അർത്ഥത്തിൽ - ഒരേ വ്യാകരണമാണുള്ളത്. അതിനെ നമ്മൾ 'വിശ്വവ്യാകരണം' (universal grammar) എന്നുവിളിയ്ക്കുന്നു. ഈ രണ്ട് ആശയങ്ങളും - ജന്മജസിദ്ധാന്തം, വിശ്വവ്യാകരണം - അദ്ദേഹം ശക്തിയായി വിശ്വസിയ്ക്കുന്ന ആശയങ്ങളാണ്. വിശ്വവ്യാകരണം എന്നുള്ള ആശയം ചോംസ്കിയല്ല ആദ്യമായി കൊണ്ടുവന്നത്. അത് തത്വചിന്തകരുടെ ഇടയിൽ വളരെക്കാലമായി കിടന്ന് കളിയ്ക്കുന്ന ഒരാശയമാണ്. പക്ഷെ, അവർക്ക് അതിനെ കൂടുതൽ വികസിപ്പിച്ചെടുക്കാൻ, അതിന് കൂടുതൽ കഴമ്പ്

നൽകാൻ കഴിഞ്ഞില്ല. എങ്ങിനെയാണ് വിശ്വവ്യാകരണം ഉണ്ടാകുന്നത് എന്ന് ചോദിച്ചിട്ടുണ്ടെങ്കിൽ അവർ പറയുമായിരുന്നു: എല്ലാ മനുഷ്യരും ഒരുപോലെയല്ലേ ചിന്തിയ്ക്കുന്നത്? ഒരു വാചകത്തിലെ വാക്കുകളുടെ അനുക്രമം, മനസ്സിലെ വിചാരങ്ങളുടെ അനുക്രമം അനുസരിച്ചായിരിയ്ക്കണം. അതുകൊണ്ടാണ് എല്ലാ ഭാഷകൾക്കും ഒരേ വ്യാകരണം ഉണ്ടാകുന്നത്. പക്ഷെ, അങ്ങിനെയാണെങ്കിൽ, എല്ലാ മനുഷ്യരും ഒരേപോലെ ചിന്തിയ്ക്കുന്ന സ്ഥിതിയ്ക്ക് എല്ലാ ഭാഷകളിലും വാക്കുകളുടെ അനുക്രമം ഒന്നായിരിയ്ക്കണമല്ലോ? എന്നാൽ ഇത് തികച്ചും തെറ്റാണ്; ഭാഷകൾ തമ്മിൽ വാക്കുകളുടെ ക്രമത്തിൽ വലിയ വ്യത്യാസങ്ങളുണ്ട്. ചോംസ്കി, ഈ പറഞ്ഞതുപോലെയുള്ള അതിസരളമായ സമീപനം അല്ല എടുക്കുന്നത്. ചോംസ്കി വിശ്വവ്യാകരണത്തിന് അടിത്തറ കാണുന്നത് മസ്തിഷ്കത്തിന്റെ ഘടനയിലാണ്.

15. ഇവിടെയാണ് നമ്മൾ ചോംസ്കിയുടെ മൂന്നാമത്തെ വലിയ ആശയത്തിലേയ്ക്ക് വരുന്നത്. (ഒന്നാമത്തെ ആശയം 'ജന്മജ സിദ്ധാന്തം', രണ്ടാമത്തേത് 'വിശ്വ വ്യാകരണം'.) മൂന്നാമത്തെ ആശയം എന്താണെന്ന് ഇങ്ങിനെ പറയട്ടെ: മനുഷ്യമനസ്സിനെപ്പറ്റി ചിന്തിയ്ക്കുന്ന കാര്യത്തിൽ, മുമ്പുണ്ടായിരുന്ന രീതിയിൽനിന്ന് ചോംസ്കി തെറ്റി നിന്നു. മുമ്പ് നമ്മൾ മനസ്സിനെപ്പറ്റി ആലോചിയ്ക്കുമ്പോൾ, മനസ്സ് എന്നത് ഉൾപ്പിരിവുകളും ഉപഘടകങ്ങളും ഒന്നും ഇല്ലാത്ത ഒരൊറ്റ ഒന്നായിട്ടാണ്, ഒരു കേവല വസ്തുവായിട്ടാണ്, പ്രായേണ വിചാരിച്ചിരുന്നത്. ആ പാരമ്പര്യത്തിൽനിന്നാണ് ചോംസ്കി വിഘടിച്ച് മുന്നോട്ടുപോയത്. ചോംസ്കിയ്ക്ക് അങ്ങിനെ വിഘടിയ്ക്കാൻ സാധിച്ചത്, അതേ കാലത്ത്, അതായത് 1950-കളിൽ, നടത്തിക്കൊണ്ടിരുന്ന മസ്തിഷ്കപഠനങ്ങൾ കാരണമാണ്. ആ മസ്തിഷ്ക പഠനങ്ങൾ കാണിച്ചത് നമ്മുടെ പല മാനസിക ക്കഴിവുകളും മസ്തിഷ്കത്തിന്റെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളിലാണ് ഇരിയ്ക്കുന്നത് എന്നാണ്. കാഴ്ചയ്ക്ക് ഒരു സ്ഥലമുണ്ട്. കേൾവിയ്ക്ക് ഒരു സ്ഥലമുണ്ട്. അനുമാനത്തിന് (reasoning) സെറിബ്രൽ കോർട്ടെക്സിന്റെ ഒരു ഭാഗമുണ്ട്. അങ്ങിനെ ഇതൊക്കെ സ്ഥലാധിഷ്ഠിതം (localized) ആണ്. അപ്പോൾ ചോംസ്കി അനുമാനിച്ചു, ഭാഷയും മസ്തിഷ്കത്തിന്റെ ഒരുഭാഗത്ത് സ്ഥലാധിഷ്ഠിതമാണ്.

ഈ ചിന്താഗതിയുടെ ഭാഗമായിട്ടാണ് നമുക്ക് ചോംസ്കിയുടെ മൂന്നാമത്തെ ആശയം ലഭിയ്ക്കുന്നത്. മനസ്സ് ഉപഘടകങ്ങൾ (modules) ഉള്ളതാണ്. ഉപഘടകങ്ങൾ സ്വതന്ത്രങ്ങൾ ആണ്, അവ തമ്മിൽ എപ്പോഴും കൊടുത്തുവാങ്ങലുകൾ ഉണ്ടെങ്കിലും.

മനസ്സിനെപ്പറ്റിയുള്ള നമ്മുടെ ചിന്തയുടെ പിന്നോക്കാവസ്ഥ ഒരു ഉദാഹരണംകൊണ്ട് വിശദമാക്കാം: ഒരു അപരിഷ്കൃത സമുദായത്തെ സങ്കല്പിക്കുക. ആ സമുദായത്തിൽ ആരും മനുഷ്യശരീരം കീറിമുറിച്ച് അകത്ത് കണ്ടിട്ടില്ല. അതുകൊണ്ട് അവർക്കറിയില്ല, മനുഷ്യശരീരത്തിൽ അവയവങ്ങളുണ്ടെന്ന കാര്യം. അവർ മനുഷ്യശരീരത്തെ ഉൾപ്പിരിവുകളോ, അറകളോ, അവയവങ്ങളോ ഒന്നും ഇല്ലാത്ത ഒരൊറ്റ, കേവലവസ്തുവായി കാണുന്നു. ഈ കേവലവസ്തുവിന് പക്ഷെ - അവർ പറയുന്നു - മനസ്സിലാക്കാൻ പറ്റാത്ത ഒരു ഗുണമുണ്ട്, ജീവൻ എന്ന ഗുണം. ഈ ഗുണം കാരണമാണ് ശരീരം അതിന്റെ പ്രവർത്തികളൊക്കെ ചെയ്യുന്നത് - ഭക്ഷണം കഴിയ്ക്കുക, വിസർജ്ജിക്കുക, നാഡിമിടിയ്ക്കുക, ശ്വാസോച്ഛ്വാസം ചെയ്യുക മുതലായവ. തീർച്ചയായും ശരീരത്തെ ഈ വിധത്തിൽ കാണുന്ന ഈ സമുദായത്തിന് ശരീരത്തെപ്പറ്റിയുള്ള പഠനത്തിൽ ഒരിയ്ക്കലും മുന്നോട്ടുപോകാൻ കഴിയില്ല. എന്നാൽ മനസ്സിനെ സംബന്ധിച്ചിടത്തോളം നമ്മൾ ഈ അപരിഷ്കൃത സമുദായത്തിന്റെ സ്ഥിതിയിലായിരുന്നു. നമ്മൾ മനസ്സിന്റെ ഉള്ളിലേക്ക് നോക്കാൻ വിസമ്മതിച്ചു. മനസ്സിനെ ഒരു കേവലവസ്തുവായി കണക്കാക്കി. അതിന് പക്ഷെ - നമ്മൾ പറഞ്ഞു - മനസ്സിലാക്കാൻ പറ്റാത്ത ഒരു ഗുണമുണ്ട്, ബുദ്ധിശക്തി എന്ന ഗുണം. ഈ ഗുണം കാരണമാണ് മനസ്സ് അതിന്റെ പ്രവർത്തികളൊക്കെ ചെയ്യുന്നത് - ഇന്ദ്രിയബോധനങ്ങളെ സ്വീകരിയ്ക്കുക, അനുമാനപരമായ ബുദ്ധിപ്രവർത്തികളിൽ ഏർപ്പെടുക, ഭാഷ പഠിയ്ക്കുകയും ഉപയോഗിയ്ക്കുകയും ചെയ്യുക മുതലായവ.

മനസ്സിനെപ്പറ്റിയുള്ള നമ്മുടെ അറിവിന്റെ ഈ സ്ഥിതിയ്ക്ക് മാറ്റം വന്നത് ചോംസ്കിയെപ്പോലുള്ളവർ ഊന്നിപ്പറഞ്ഞതുകൊണ്ടാണ്. മനസ്സ് ഒരു കേവലവസ്തു അല്ല എന്ന്, അതിന് അവയവങ്ങൾ ഉണ്ട്, ശരീരത്തെപ്പോലെ തന്നെ. ഓരോ ശരീരാവയവത്തിനും അതിന്റേതായ പ്രവർത്തിയും പ്രക്രിയയും ഉള്ള പോലെ, മനസ്സിന്റെ അവയവങ്ങൾക്കും അവയുടേതായ പ്രവർത്തിയും, അവയുടേതായ ഘടനയും, അവയുടേതായ പ്രക്രിയകളുമുണ്ട്. എന്തൊക്കെയാണ് മനസ്സിന്റെ അവയവങ്ങൾ, അല്ലെങ്കിൽ ഉപഘടകങ്ങൾ? സ്മരണ (ഓർമ്മ) എന്നത് ഒരു ഉപഘടകമാണ്. അനുമാനപരമായ ചിന്തയും ഒരു ഉപഘടകമാണ്. അതുപോലെതന്നെ ഭാഷ ഒരു ഉപഘടകം ആണ്. അങ്ങിനെ മനസ്സ് പല ഉപഘടകകങ്ങളുടെ സമാഹാരമാണ് ('Mind is modular') എന്ന വാദമാണ് ചോംസ്കിയുടെ മൂന്നാമത്തെ അടിസ്ഥാനാശയമായി ഞാൻ വിശേഷിപ്പിച്ചത്.

ഈ വാദമാണ് ചോംസ്കിയ്ക്ക് ഭാഷയെ മസ്തിഷ്കത്തിന്റെ ഒരു ഭാഗത്ത് പ്രതിഷ്ഠിയ്ക്കാൻ സഹായിച്ചത്. ഗവേഷണം കാണിയ്ക്കുന്നത് ഭാഷക്കഴിവ് (language faculty) മസ്തിഷ്കത്തിന്റെ ഇടത്തേ പകുതിയിലാണ് എന്നാണ്. അപ്പോൾ, ഭാഷക്കഴിവ് മസ്തിഷ്കത്തിന്റെ ഒരു പ്രത്യേകസ്ഥലത്ത് പ്രതിഷ്ഠിതമാണ്. അത് മനസ്സ് / മസ്തിഷ്കത്തിന്റെ ഒരു ഉപഘടകമാണ് - ഇത് രണ്ടും സിദ്ധിച്ച സ്ഥിതിയ്ക്ക്, ചോംസ്കിയ്ക്ക് വേറെ ഒരു കാര്യവുംകൂടി പറയാൻ സാധിച്ചു. വിശ്വവ്യാകരണം മസ്തിഷ്കത്തിന്റെ പ്രസ്തുത ഭാഗത്തിന്റെ ഘടനയിൽനിന്ന് ഉൽഭവിയ്ക്കുന്നതാണ്. ആ ഘടനയാകട്ടെ, എല്ലാ മനുഷ്യരിലും ഒരുപോലെയാണ്. അങ്ങിനെ ചോംസ്കി വിശ്വവ്യാകരണത്തിന് കൊടുത്ത അടിത്തറ, മുമ്പത്തെ തത്വചിന്തകരുടെ 'ചിന്തകളുടെ അനുക്രമം വാക്കുകളുടെ അനുക്രമത്തെ നിശ്ചയിക്കുന്നു' എന്ന തരത്തിലുള്ള തികച്ചും കഴമ്പില്ലാത്ത വാദങ്ങൾ പോലെയല്ല.

16. ബൗദ്ധമനഃശാസ്ത്രത്തിൽ

മനസ്സിനെ വളരെ കണിശം ആയിട്ട് അപഗ്രഥനം ചെയ്തിട്ടുണ്ട്. വേദാന്തത്തിലും അങ്ങിനെ ചെയ്തിട്ടുണ്ട്. അഹങ്കാരം അല്ലെങ്കിൽ അഹം ബുദ്ധി എന്നു പറയുന്നത് ഒരു പക്ഷെ നമ്മുടെ സത്വബോധമാകാം, ദേഹം പ്രതിരൂപം ഉൾപ്പെടെ. ചിത്തം എന്നു പറയുന്നത് ഓർമ്മയാണോ?

17. ഏതായാലും ഓർമ്മ (സ്മരണ) മുതലായ ഉപഘടകങ്ങൾ ഉണ്ട്, മനസ്സിൽ, വെവ്വേറെയായി. ഒരാളുടെ ഓർമ്മയ്ക്ക് കേടുപറ്റാം, അനുമാനശക്തിയ്ക്ക് തകരാറൊന്നും പറ്റില്ലല്ലോ. എന്നാൽ സാധിയ്ക്കുന്നത് എന്താണെന്നുവെച്ചാൽ അപകടത്തിൽപ്പെട്ടിട്ട് മസ്തിഷ്കത്തിന് ക്ഷതം പറ്റിയിട്ടുള്ള ആളുകളെ പഠനവിധേയരാക്കാം. മസ്തിഷ്കത്തിന്റെ ഏതു ഭാഗത്തിനാണ് ക്ഷതം പറ്റിയിട്ടുള്ളത് അതിനനുസരിച്ച് എന്ത് കഴിവുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്ന് പഠിയ്ക്കാം.

ഭാഷക്കഴിവിനെ നമ്മൾ ഒരൊറ്റ ഉപഘടകമായിട്ടാണ് ഇതുവരെ പറഞ്ഞുവന്നത്. എന്നാൽ, ഭാഷാക്കഴിവിന്റെ ഉള്ളിൽതന്നെ ഉപഘടകങ്ങൾ ഉണ്ട്. വാക്യഘടനയുടെ ഉപഘടകം, എന്നാൽ മൗലികമായ വാക്കുകളും അവയുടെ അനുക്രമവും ഒക്കെ ശരിയാണ്).

18. ഭാഷക്കഴിവ് മസ്തിഷ്കത്തിന്റെ ഇടത്തേ പകുതിയിൽ ആണെന്ന് പറഞ്ഞുവല്ലോ. ഇടത്തേ പകുതിയ്ക്ക് കേടുപറ്റിയിട്ടുണ്ടെങ്കിൽ ആദ്യമൊക്കെ ഭാഷക്കഴിവ് തകരാറിലാകാം. പക്ഷെ, ചിലപ്പോൾ സംഭവിയ്ക്കുന്നത് എന്തെന്നാൽ, വലത്തെ പകുതി അല്പാല്പമായി ഭാഷയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ('ദേഹപ്രതിരൂപ'ത്തിന്റെ കാര്യത്തിൽ നമ്മൾ പറഞ്ഞുവല്ലോ, ഇല്ലാത്ത അവയവത്തിന്റെ ഭാഗം, ദേഹപ്രതിരൂപത്തിൽ, മറ്റു ഭാഗങ്ങൾ കൈയ്യടക്കാം എന്ന്. അതുപോലെ തന്നെ, ഒരർത്ഥത്തിൽ, എന്നാൽ ഇവിടെ നടക്കുന്നത് കൈയ്യടക്കലല്ല, ഒന്ന് മറ്റേതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കലാണ്.)

1950-കളിൽ, നടത്തിക്കൊണ്ടിരുന്ന മസ്തിഷ്കപഠനങ്ങൾ കാണിച്ചത് നമ്മുടെ പല മാനസികക്കഴിവുകളും മസ്തിഷ്കത്തിന്റെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളിലാണ് ഇരിയ്ക്കുന്നത് എന്നാണ്. കാഴ്ചയ്ക്ക് ഒരു സ്ഥലമുണ്ട്. കേൾവിയ്ക്ക് ഒരു സ്ഥലമുണ്ട്. അനുമാനത്തിന് (reasoning) സെറിബ്രൽ കോർട്ടെക്സിന്റെ ഒരു ഭാഗമുണ്ട്. അങ്ങിനെ ഇതൊക്കെ സ്ഥലാധിഷ്ഠിതം (localized) ആണ്. ഭാഷയും മസ്തിഷ്കത്തിന്റെ ഒരു ഭാഗത്ത് സ്ഥലാധിഷ്ഠിതമാണ്.



*പെയിന്റിങ്: ഷാജു നെല്ലായി*

വാക്സഞ്ചയത്തിന്റെ ഉപഘടകം, പ്രത്യയങ്ങളുടെ ഉപഘടകം എന്നിങ്ങനെ. ഒരു കേസ്സിൽ ഒരാളുടെ പ്രത്യയങ്ങൾ ചേർക്കാനുള്ള കഴിവു മാത്രം പോയി, അയാളുടെ വാക്യഘടനയ്ക്ക് പിശകൊന്നും പറ്റാതെ (ഉദാഹരണത്തിന്, അയാൾ മലയാളിയാണെന്ന് സങ്കല്പിയ്ക്കുകയാണെങ്കിൽ, 'കുട്ടികൾ' എന്നതിലെ- കൾ ചേർക്കാൻ അയാൾക്ക് കഴിയില്ല,

റൊന്നും പറ്റാതെ. അതായത് അവ സ്വതന്ത്രം ആണ്. ഇതിന് ഉപോദ്ബലകമായിട്ടുള്ള തെളിവുണ്ട്. എങ്ങിനെയാണ് അത്തരം തെളിവ് നമുക്ക് കിട്ടുന്നത്? മനുഷ്യമനസ്സിന്റെ മുകളിൽ നമുക്ക് ചിലതരം പരീക്ഷണങ്ങൾ ചെയ്യാൻ പറ്റില്ലല്ലോ - ഉദാഹരണത്തിന്, ഒരാളുടെ മസ്തിഷ്കത്തിന്റെ ഒരു ഭാഗം എടുത്തുകളയാ

മസ്തിഷ്കത്തിന്റെ വളർച്ചയെപ്പറ്റി മുമ്പുണ്ടായിരുന്ന നമ്മുടെ അറിവ് ഇങ്ങിനെയായിരുന്നു. ഭ്രൂണത്തിലന്നപോലെ ജനനത്തിനുശേഷവും മസ്തിഷ്കം വളർന്നുകൊണ്ടിരിയ്ക്കും. പക്ഷെ, 28-30 വയസ്സെത്തുന്നതുവരെ മാത്രം. അതിനുശേഷം അതിന് വളർച്ചയില്ല, മാറ്റമില്ല. മറിച്ച് അതിന്റെ അറകൾ

(സെല്ലുകൾ) നഷ്ടപ്പെട്ടുകൊണ്ടി രിയ്ക്കും. ആ ധാരണ ഇന്ന് തെറ്റാണെന്ന് തെളിഞ്ഞിരിയ്ക്കുന്നു. ഉപയോഗിക്കുന്നതുകൊണ്ട്, അതായത് വ്യായാമം കൊടുക്കുന്നതുകൊണ്ട്, മസ്തിഷ്കത്തിന്റെ ചില ഭാഗങ്ങൾ ശാരീരികമായിത്തന്നെ (നമുക്ക് കാണാവുന്ന വിധത്തിൽ തന്നെ) വലുതാകും. ഒരു നോബൽ സമ്മാനിതൻ (പേരോർമ്മയില്ല) ഹൈദരബാദിലെ CCMB-യിൽ "The changing Brain" എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം നൽകിയിരുന്നു. അദ്ദേഹം പറഞ്ഞ ഒരു രസകരമായ കാര്യം പറയാം. നമ്മുടെ മസ്തിഷ്കത്തിന്റെ ഒരു ഭാഗം ഉണ്ട് സ്ഥലപരിചയത്തിനായി (orientation) നീക്കിവെച്ചിരിയ്ക്കുന്നതായി. അത് ഉപയോഗിച്ചാണ് നമ്മൾ സ്ഥലങ്ങളും വഴികളും മനസ്സിൽ വെയ്ക്കുന്നത്. ലണ്ടനിലെ ടാക്സിഡ്രൈവർമാർ ഉണ്ടല്ലോ. അവർ വിശ്രുതരാണ് വിസ്തൃതമായ ആ നഗരത്തിലെ ഓരോ മുക്കും മൂലയും അവർക്കറിയാം എന്ന കാര്യത്തിൽ. മസ്തിഷ്ക ശാസ്ത്രജ്ഞന്മാർ അവരുടെ മസ്തിഷ്കം പഠനവിധേയമാക്കിയപ്പോൾ കണ്ടത്, മസ്തിഷ്കത്തിന്റെ പ്രസ്തുത ഭാഗം വികസിച്ചിരിക്കുന്നുവെന്നാണ്. അപ്പോൾ, മസ്തിഷ്കത്തിന് മാറ്റം വരുന്നുണ്ട് നമ്മൾ അറിവ് സമ്പാദിയ്ക്കുമ്പോൾ.

ഐൻസ്റ്റൈന്റെ മരണശേഷം അദ്ദേഹത്തിന്റെ മസ്തിഷ്കം ശാസ്ത്രജ്ഞന്മാർ പരിശോധിച്ച കാര്യം അറിയാമല്ലോ. പക്ഷെ, അവർക്ക് കാര്യമായിട്ട് യാതൊന്നും കണ്ടുപിടിയ്ക്കാൻ പറ്റിയില്ല, എന്തുകൊണ്ടാണ് ഈ മനുഷ്യൻ ഇത്ര വലിയ ഒരു പ്രതിഭാശാലി ആയത് എന്നതിനെപ്പറ്റി.

മസ്തിഷ്കത്തെപ്പറ്റി നമുക്കുള്ള അറിവ് അണുപ്രായം മാത്രമാണെന്നാണ് പറയുന്നത്. ഐസ് കട്ടയുടെ അഗ്രം മാത്രമാണ് നമ്മൾ കണ്ടിട്ടുള്ളത്. ചോംസ്കി ഹൈദരാബാദിൽ CCMBയിൽ നല്കിയ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു, മസ്തിഷ്കപഠനം എത്ര പ്രാഥമികാവസ്ഥയിൽ ആണെന്ന്. അദ്ദേഹത്തിന്റെ ഉദാഹരണം: ഇപ്പോൾ കംപ്യൂട്ടറിനെപ്പറ്റി നമുക്ക് ഒന്നും അറിയില്ലെന്ന് വിചാരിയ്ക്കുക. അതിനെപ്പറ്റി പഠിയ്ക്കാൻ വലിയ ഒരു കട്ടപ്പാര എടുത്ത് അതിലേയ്ക്ക് കുത്തിക്കയറ്റി എന്ന് വെയ്ക്കുക. അപ്പോൾ കംപ്യൂട്ടർ കേട് വരും. എന്നിട്ട് 'ഹാ ഹാ അതിന്റെ പ്രവർത്തനം നിന്നുപോയി!' എന്ന് നമ്മൾ കണ്ടുപിടിക്കും. മിയ്ക്കവാറും ആ സ്ഥിതിയിലാണ്, അപകടത്തിൽപ്പെട്ട ആളുകളെ ആസ്പദമാക്കിയുള്ള മസ്തിഷ്ക പഠനം.

## 19. *ഭാഷയുടെ കാര്യത്തിൽ സമൂഹത്തിന് പങ്കില്ലേ?*

ഉണ്ടല്ലോ. ഭാഷയുടെ വളർച്ചയിൽ മാത്രമല്ല, ശരീരത്തിന്റെ വളർച്ചയിലും സമൂഹത്തിനും സാഹചര്യത്തിനും പങ്കുണ്ട്. ഭക്ഷണം കഴിയ്ക്കാത്ത അമ്മയുടെ കുട്ടിയ്ക്ക് ശരീരത്തൂക്കം കുറഞ്ഞിരിയ്ക്കും. അതുകൂടാതെ അങ്ങിനത്തെ കുടുംബത്തിൽ ജനിച്ചിട്ടുള്ള ആളുടെ ശരീരവികസനം കുറഞ്ഞിരിയ്ക്കും. ഭാഷയുടെ കാര്യത്തിൽ, സാമൂഹിക സാഹചര്യം ഭാഷണത്തിന്റെ ഉള്ളടക്കത്തെ ബാധിയ്ക്കും. പക്ഷെ, ഭാഷണത്തിനു പിന്നിലുള്ള മാനസിക പ്രക്രിയകളെ ബാധിയ്ക്കില്ല. വിദ്യാഭ്യാസമുള്ളവന് മലയാളത്തിൽ അറിയാവുന്നതായിട്ടുള്ള ചില വാക്കുകൾ വിദ്യാഭ്യാസമില്ലാത്തവന് അറിയില്ലെന്നു വരും. പക്ഷെ, അറിവുള്ള വാക്സഞ്ചയത്തിൽനിന്ന് ഉപയോഗിയ്ക്കാനായി വാക്കുകൾ പരതിയെടുക്കുന്ന പ്രക്രിയ, വാക്കുകളെ ഒന്നിച്ചുചേർത്ത് വാക്യങ്ങളുണ്ടാക്കുന്ന പ്രക്രിയ, ഇവയിലൊന്നും രണ്ടുപേർക്കും വ്യത്യാസം ഉണ്ടാവാൻ സാദ്ധ്യതയില്ല. എങ്ങിനെയെന്നാൽ നാം ശരീരത്തിൽ രക്തചംക്രമണം നടത്തുന്ന പ്രക്രിയ സാമൂഹിക കാരണങ്ങളാൽ വ്യത്യസ്തമാകില്ലല്ലോ? അതുപോലെ, ശരീരത്തിലെ അറകളിൽ (സെല്ലുകളിൽ) നടക്കുന്ന പ്രക്രിയകൾ സാമൂഹികാടിസ്ഥാനത്തിൽ വ്യത്യാസപ്പെടുന്നുണ്ടോ?

ചോംസ്കി പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ 'ഭാഷ' എന്ന വാക്ക് പല അർത്ഥത്തിലാണ് നമ്മൾ ഉപയോഗിക്കുന്നത്, അത് പല പ്രശ്നങ്ങൾക്കും ഇടയാക്കുന്നു.

'ഭാഷ' എന്ന വാക്ക് മാത്രമല്ല, 'മനസ്സ്' എന്ന് പറയുന്നതും 'ബോധം' എന്ന് പറയുന്നതും ഒക്കെ വളരെ വിധങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ആശയങ്ങൾ ആണ്. അപ്പോൾ ഇവയെപ്പറ്റി പഠനം ചെയ്യുമ്പോൾ നമ്മൾ ആദ്യമായിട്ട് ഒരു നിർവ്വചനം ചെയ്യണം. നിർവ്വചിയ്ക്കുമ്പോൾ, അതായത് അതിർത്തികൾ വരയ്ക്കുമ്പോൾ, എപ്പോഴും ചില കൊടുത്തുവാങ്ങലുകൾ ഉണ്ടാകും. ഇത് ഇതിന്റെ ഭാഗമല്ല എന്നുപറഞ്ഞ് തള്ളാം, അല്ലെങ്കിൽ അതു കൂടി ഇതിന്റെ അകത്ത് ഉൾപ്പെടുത്തണം എന്നു പറയാം. എല്ലാ ശാസ്ത്രശാഖയിലും സംഭവിയ്ക്കുന്നതാണ് ഇതൊക്കെ. കൂടാതെ അതിർത്തികൾ മാറാം, ഗവേഷണ ഫലമായി. ഇപ്പോൾ രസതന്ത്രവും ഭൗതികവും തമ്മിലുള്ള അതിർത്തി പോയല്ലോ. മുമ്പ് ഇവ രണ്ടും തികച്ചും വേർപിരിഞ്ഞ ശാഖകളായിരുന്നു; 20-ാം നൂറ്റാണ്ടിൽ സംഭവിച്ചതെന്തെന്നാൽ ഇവ രണ്ടും ഒന്നായിച്ചേർന്നു. അങ്ങിനെ, നമ്മൾ എപ്പോഴും ഒരു ശാസ്ത്രം തുടങ്ങുമ്പോൾ ഈ നിർവചിച്ച ആശയവും കൊണ്ടാണ് തുടങ്ങുന്നത്. അത് തെറ്റായിരിക്കാം. അത് പഠനം പുരോഗമിച്ചതിനുശേഷമേ പറയാൻ പറ്റുള്ളൂ.

**20.** ഭാഷയുടെ കാര്യത്തിൽ സാമൂഹിക സാഹചര്യത്തിന് പക്ഷെ, വേറൊരു തരത്തിലുള്ള പ്രധാനപ്പെട്ട പങ്കുണ്ട്. ഒരു ശിശുവിന്റെ ഭാഷാക്കഴിവ് തൊടുത്തുവിടാൻ (trigger ചെയ്യാൻ) അതിന്റെ സാഹചര്യത്തിൽ ഭാഷ വേണം; അതായത്, കുട്ടിയുടെ ചുറ്റും ആളുകൾ സംസാരിയ്ക്കണം. ഈ തൊടുത്തുവിടൽ കുട്ടിയായിരിക്കുമ്പോൾ തന്നെ ചെയ്യണമെന്നുണ്ട്. ഈ പറഞ്ഞതിന് തെളിവാണ് 'ചെന്നായ വളർത്തിയ കുട്ടി' (wolf child) മുതലായ കേസുകൾ. ചില കുട്ടികളെ ചെന്നായകൾ വളർത്തിയതാണെന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്. അത് എത്ര ശരിയാണെന്ന് നമുക്ക് പറയാൻ പറ്റില്ല. പക്ഷെ, കാട്ടുപ്രദേശത്ത് മനുഷ്യനുമായിട്ട് യാതൊരു സമ്പർക്കവുമില്ലാതെ ചില കുട്ടികൾ ( പല സാഹചര്യങ്ങൾ കൊണ്ടും) വളർന്നുവന്ന കേസുകളുണ്ട്. അവരെ ചിലപ്പോൾ കണ്ടെടുക്കുമ്പോൾ പതിനാറോ പതിനേഴോ വയസ്സായിട്ടുണ്ടാകും. അവർ നാല് കാലിന്മേലൊക്കെ നടക്കും. ഈ കുട്ടികളെ

ഭാഷ പഠിപ്പിയ്ക്കാൻ ശ്രമിച്ചിട്ട് പരാജയപ്പെട്ടിട്ടുണ്ട്. അതിന്റെ കാരണമായി പറയുന്നത് എന്താണെന്നുവെച്ചാൽ ഭാഷക്കഴിവ് വളരെ ചെറുപ്പത്തിൽ, ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ തൊടുത്തുവിടണം. അല്ലെങ്കിൽ അത് നശിച്ചു പോകും എന്നാണ്.

ഞാൻ ഇങ്ങിനത്തെ 'തൊടുത്തുവിടലി'നെപ്പറ്റി വേറൊരു ഉദാഹരണം പറയാം: പൂച്ചകൾക്കുമേൽചെയ്ത ഒരു ഗവേഷണം. പൂച്ചയുടെ - സസ്തനജീവികളുടെ പൊതുവേ - കാഴ്ചക്കഴിവിനെ വളരെ വിശദമായി ഗവേഷണം ചെയ്ത് പഠിച്ചിട്ടുണ്ട്. പൂച്ചയുടെ മസ്തിഷ്കത്തിലെ കാഴ്ചയുടെ ഭാഗത്ത് പ്രത്യേകം പ്രത്യേകം ന്യൂറോണുകൾ ഉണ്ട്. കുത്തനെയുള്ള വരകൾ, വിലങ്ങനെയുള്ള വരകൾ, വൃത്തം, കോൺ എന്നീ രൂപങ്ങളോട് പ്രതികരിയ്ക്കുന്നവയായി. ഗവേഷകർ പുതുതായി പിറന്ന പൂച്ചക്കുട്ടികളെ ചില നിയന്ത്രിത പരിസ്ഥിതികളിൽ വളർത്തി. ഉദാഹരണത്തിന് ഒരു പൂച്ചക്കുട്ടിയെ കുത്തനെയുള്ള വരകൾ ഒരിയ്ക്കലും കാണാത്ത, സിലിണ്ടർ ആകൃതിയിലുള്ള ഒരു പേടകത്തിൽ വളർത്തി. വളർച്ചയുടെ ഒരു ദശ കഴിഞ്ഞതിനുശേഷം, അതിനെ പുറത്തേയ്ക്കെടുത്തെങ്കിലും ആ പൂച്ചയ്ക്ക് ജീവകാലം കുത്തനെയുള്ള വരകൾ കാണാൻ കഴിയില്ലായിരുന്നു. അപ്പോൾ അതിന്റെ അർത്ഥം ഈ വരകളെക്കൊണ്ട് തൊടുത്തുവിടേണ്ടതായിട്ടുള്ള കാഴ്ചക്കഴിവിന്റെ ഭാഗം ഉണ്ടല്ലോ, അത് ജനിച്ചപാട് തന്നെ തൊടുത്തുവിടണം എന്നാണ്. അല്ലെങ്കിൽ അത് പിന്നീട് സാധിക്കില്ല. പിന്നീട് കാഴ്ച പഠിയ്ക്കാൻ പറ്റില്ല. (വളരെ വിശദമായിട്ടുള്ള പഠനങ്ങൾ നടന്നിട്ടുണ്ട്, മനുഷ്യന്റെ കാഴ്ചക്കഴിവിനെപ്പറ്റിയും. MIT മുതലായ സ്ഥലങ്ങളിലാണ് പ്രധാനമായിട്ട് നടന്നിട്ടുള്ളത്. MIT-ൽ ഒരു brain imaging lab ഉണ്ട്).

അപ്പോൾ അകത്തുള്ളത് വികാസം പ്രാപിയ്ക്കാൻ പുറത്തുള്ളതിന്റെ സഹായം വേണമെന്നാണ് പറയുന്നത്. ഇവിടെയാണ് പരിസ്ഥിതിയുടെ ആവശ്യം വരുന്നത്. കുട്ടിയിൽ ഭാഷ രൂപപ്പെടണമെങ്കിൽ കുട്ടിയോട് അമ്മ സംസാരിയ്ക്കണം. ഒരു കുട്ടിയെ നിങ്ങൾ മനുഷ്യനായിട്ടുള്ള സമ്പർക്കം ഇല്ലാത്ത ഒരു സാഹചര്യത്തിൽ വളർത്തിയിട്ടുണ്ടെങ്കിൽ പിന്നീട് കുട്ടിയ്ക്ക് ഭാഷ പഠിക്കാൻ പറ്റില്ല. ഉദാഹരണത്തിന് (ഇത് ശരിയാണോ എന്നെനിയ്ക്കറിയില്ല; എന്റെ psycholinguistics കേട്ടുകേൾവി മാത്രമാണ്). സംസാരിയ്ക്കാത്ത അച്ഛനമ്മമാരുടെ കേൾവിയുള്ള കുട്ടിയുടെ കാര്യമെടുക്കൂ. സംസാരിയ്ക്കാത്ത (മൂകരായ) ആളുകളുണ്ടല്ലോ, അവർ പലരും മൂകർ ആകുന്നത് കേൾവി ഇല്ലാത്തതുകൊണ്ട് ആണ്. അങ്ങനെയുള്ള രണ്ട് മാതാപിതാക്കന്മാരുടെ കുട്ടിയുടെ കാര്യം എടുക്കൂ. ആ കുട്ടി 'നോർമൽ' ആണെങ്കിലും അതിന്റെ വീട്ടിൽ ഭാഷ കേൾക്കുന്നില്ല. ആ കുട്ടി പിന്നീട് സ്കൂളിൽ പോകുമ്പോൾ ഭാഷ കേൾക്കുന്നു.



വര: ജോസഫ് എം. വർഗ്ഗീസ്

നമ്മുടെ മസ്തിഷ്കത്തിന്റെ ഒരു ഭാഗം ഉണ്ട് സ്ഥലപരിചയത്തിനായി (orientation) നീക്കിവെച്ചിരിയ്ക്കുന്നതായി. അത് ഉപയോഗിച്ചാണ് നമ്മൾ സ്ഥലങ്ങളും വഴികളും മനസ്സിൽ വെയ്ക്കുന്നത്. ലണ്ടനിലെ ടാക്സിഡ്രൈവർമാർ ഉണ്ടല്ലോ, അവർ വിശ്രുതരാണ് വിസ്തൃതമായ ആ നഗരത്തിലെ ഓരോ മുക്കും മൂലയും അവർക്കറിയാം എന്ന കാര്യത്തിൽ. മസ്തിഷ്ക ശാസ്ത്രജ്ഞന്മാർ അവരുടെ മസ്തിഷ്കം പഠനവിധേയമാക്കിയപ്പോൾ കണ്ടത്, മസ്തിഷ്കത്തിന്റെ പ്രസ്തുത ഭാഗം വികസിച്ചിരിക്കുന്നുവെന്നാണ്. അപ്പോൾ, മസ്തിഷ്കത്തിന് മാറ്റം വരുന്നുണ്ട് നമ്മൾ അറിവ് സമ്പാദിയ്ക്കുമ്പോൾ.

പക്ഷേ, അതിന് എപ്പോഴും ഭാഷയുടെ ഒരു 'കമ്മി' (deficit) ഉണ്ടാകും. കാരണം അതിന്റെ ശരിയായ വികസനദശയിൽ അത് ഭാഷ കേട്ടില്ല.

അപ്പോൾ പരിസ്ഥിതി വളരെ പ്രധാനം ആണ്. പലപ്പോഴും പരിസരിതിയിലുള്ള എന്തെങ്കിലും വേണം. ഉള്ളിലെ കഴിവുകളുടെ സംവിധാനത്തെ തൊടുത്തുവിടാൻ. പക്ഷെ, കഴിവുകളുടെ സംവിധാനങ്ങൾ തികച്ചും നമ്മുടെ അകത്തുള്ളതാണ്. പരിസ്ഥിതിയല്ല, ഒരു മനുഷ്യക്കുട്ടിയ്ക്ക് ഭാഷയുടെ കഴിവുണ്ടോ എന്ന് തീരുമാനിയ്ക്കുന്നത്. അതിനിപ്പോൾ വലിയ ഉദാഹരണമൊന്നും വേണ്ട. പിറന്നപാട് ഒരു പൂച്ചക്കുട്ടിയെ എടുത്ത് ഒരു പക്ഷിയുടെ കൂട്ടിൽവച്ച് വളർത്തിനോക്കുക. അത് താൻ പക്ഷിയാണെന്ന് വിചാരിയ്ക്കാം. imprinting എന്ന പ്രതിഭാസം കാരണം. പക്ഷെ, അത് ഒരിയ്ക്കലും പറക്കില്ല. കാരണം അതിന് പറക്കുന്നതിനായിട്ടുള്ള മസ്തിഷ്കത്തിന്റെ മാത്രമല്ല ശരീരത്തിന്റേയും സജ്ജീകരണങ്ങൾ ഇല്ല. സമൂഹത്തിന് അല്ലെങ്കിൽ പരിസ്ഥിതിയ്ക്ക്, ഒരു തൊടുത്തുവിടൽ - കാഞ്ചിവലിയ്ക്കൽ - ധർമ്മമേ ഉള്ളൂ. അല്ലാതെ അത് ഭാഷയുടെ സംവിധാനങ്ങൾ മസ്തിഷ്കത്തിൽ സൃഷ്ടിയ്ക്കുന്നൊന്നുമില്ല. വളരെ ലളിതമായിട്ട് പറയുകയാണെങ്കിൽ, ചാവി തിരിയ്ക്കുമ്പോഴാണ് കാറ് സ്റ്റാർട്ട് ചെയ്യുന്നത്. ചാവി തിരിച്ചില്ലെങ്കിൽ കാറ് സ്റ്റാർട്ട് ചെയ്യില്ല. പക്ഷെ, കാറിന്റെ അകത്തുള്ള യാന്ത്രികസംവിധാനമാണ് കാർ ഓടിയ്ക്കുന്നത്. അല്ലാതെ വെറുതെ വായുവിൽ ചാവി തിരിച്ചതുകൊണ്ട് ഒന്നും സംഭവിയ്ക്കില്ല.

21. തത്വചിന്തയിലുണ്ടായ linguistic turn-ഉം (ഭാഷയിലേക്കുള്ള തിരിയൽ), ഭാഷാശാസ്ത്രവും തമ്മിലുള്ള ബന്ധം എന്താണ്?) വിറ്റ്ഗെൻസ്റ്റൈൻ (Wittgenstein) ന്റേയും ചോംസ്കിയുടേയും നിലപാടുകൾ വേറെയാണല്ലോ, ഭാഷയെപ്പറ്റി, അവ പൊരുത്തപ്പെടുത്താമോ എന്ന് എനിയ്ക്കറിയില്ല. വിറ്റ്ഗെൻസ്റ്റൈനിന്റെ നിലപാട് നല്ലപോലെ അറിയില്ല.

കൂടാതെ, ഭാഷാശാസ്ത്രത്തിൽ തന്നെ പല വിഭാഗങ്ങളുണ്ട്. ഉദാഹരണത്തിന് ഹാലിഡേ (Halliday) യുടെ ഭാഷാശാസ്ത്രം, അത് ബ്രിട്ടനിൽ ഉരുത്തിരിഞ്ഞ ഭാഷാശാസ്ത്രമാണ്. അത് structuralist ആണ്. അവർക്ക് മനസ്സും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു നിലപാടും ഇല്ല. ചോംസ്കി ആണ് ഭാഷ മനസ്സ്/ മസ്തിഷ്കത്തിലെ ശാരീരികമായ യാഥാർത്ഥ്യമുള്ള ഒരു വസ്തുവാണെന്ന് വാദിച്ചത്.

22. ബോധവും ബുദ്ധിശക്തിയും തമ്മിലുള്ള ബന്ധം? ബുദ്ധിശക്തിയെപ്പറ്റി പറയുമ്പോൾ മിക്കപ്പോഴും സാമൂഹിക താരതമ്യ പശ്ചാത്തലത്തിലാണ് നമ്മൾ അതിനെപ്പറ്റി ആലോചിക്കുക. ബുദ്ധിമാനായിട്ടുള്ള ഒരാൾ, മന്ദബുദ്ധിയായ ഒരാൾ, നമ്മൾ I.Q. വിനെപ്പറ്റി സംസാരിക്കുന്നു. വളരെ High I.Q. ഉള്ള ആൾ, വളരെ Low I.Q. ഉള്ള ആൾ. എന്നാൽ ജീവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ആളുകൾക്കിടയിലെ ബുദ്ധിവ്യത്യാസം തുലോം തുച്ഛമാണ്, ജീവികൾ തമ്മിലുള്ള ബുദ്ധിവ്യത്യാസം കണക്കിലെടുക്കുമ്പോൾ നായയും നമ്മളും തമ്മിലുള്ള ബുദ്ധിവ്യത്യാസം ഉണ്ടല്ലോ. അതാണ് ശരിയായിട്ടുള്ള വലിയ വ്യത്യാസം. ഒരു സാധാരണക്കാരനും ഐൻസ്റ്റൈനുമായിട്ടുള്ള വ്യത്യാസം അതുമായിട്ട് തട്ടിച്ചുനോക്കുമ്പോൾ. വളരെ ചെറുതാണ്. നമുക്ക് ഈ ചെറിയ വ്യത്യാസങ്ങൾ പഠിക്കുന്നതിന് മുമ്പ് ആ വലിയ വ്യത്യാസങ്ങൾ പഠിക്കണം. നായയ്ക്ക് എന്തുകൊണ്ട് ഗണിതശാസ്ത്രം സാധ്യമല്ല? ആ വലിയ വ്യത്യാസം -ജീവികൾ തമ്മിലുള്ള ആ വലിയ ദൂരം - ആണ് നമുക്ക് ശരിയ്ക്കും പഠിക്കേണ്ടത്. നായയ്ക്ക് താഴെയും ജന്തുക്കളുണ്ടല്ലോ. അവയ്ക്കും ഉണ്ട് ബുദ്ധിശക്തി. കാരണം അവയും ശത്രുക്കളിൽ നിന്നും ഓടിയകലുന്നു. ഇര തേടുന്നു. അപ്പോൾ, എങ്ങിനെയാണ് ജീവലോകത്തിൽ ബുദ്ധിശക്തി വികസിച്ചുവന്നത്? അതാണ് നമുക്ക് ആദ്യം പഠിക്കേണ്ടത്. അല്ലാതെ മനുഷ്യരുടെ ഇടയിലുള്ള ബുദ്ധിശക്തിയിലുള്ള വ്യത്യാസങ്ങളല്ല. അത് വളരെ ചെറുതാണ്. ചോംസ്കി ഒരു ഭാഷണത്തിൽ പറഞ്ഞു: (CCMB യിൽവെച്ച് ആണെന്നാണ് എന്റെ ഓർമ്മ) നമ്മൾ എപ്പോഴും മനുഷ്യരെപ്പറ്റി പറയുമ്പോൾ മനുഷ്യരുടെ വ്യത്യാസങ്ങളെയാണ് കാണുക. അതിനെപ്പറ്റിയാണ് എല്ലാ ചർച്ചകളും. വെളുത്ത വർഗ്ഗക്കാരും, കറുത്ത വർഗ്ഗക്കാരും, ആണും പെണ്ണും. എന്നാൽ ചൊവ്വയിൽ നിന്ന് ഒരു ജീവി ഭൂമിയിൽ വന്നിട്ടുണ്ടെങ്കിൽ അയാൾക്ക് എല്ലാ മനുഷ്യരും ഒരുപോലെയാണ് തോന്നുക. നമുക്കിപ്പോൾ ഒരു തവളയും മറ്റേതവളയും തമ്മിൽ കണ്ടാൽ തിരിച്ചറിയുന്നുണ്ടോ. എന്നാൽ, ആ തവളയുടെ പെൺതവളയ്ക്ക് അതിനെ തിരിച്ചറിയാൻ പറ്റും. നമുക്ക് രണ്ടു പക്ഷികളെ കണ്ടിട്ടുണ്ടെങ്കിൽ ഒരേ മാതിരിയാണ് തോന്നുക. പക്ഷേ, ഒരു പക്ഷിക്ക് അതിന്റെ ഇണയെ തിരിച്ചറിയാൻ കഴിയും. അപ്പോൾ, വളരെ വ്യത്യാസങ്ങൾ അവരുടെ ഇടയിലുണ്ട്. നമ്മൾ അത് കാണുന്നില്ല. അതുമാതിരിത്തന്നെ മൃഗങ്ങൾ നമ്മളെ കാണുന്നത് വെറും മനുഷ്യർ എന്ന രീതിയിൽ ആയിരിക്കും. ഒറ്റ ഇനത്തിന്റെ അംഗങ്ങളായിട്ട്. നമ്മൾ തമ്മിലുള്ള വ്യത്യാസങ്ങൾ വളരെ തുച്ഛമാണ്, ആ ജീവലോകത്തിലെ വ്യത്യാസങ്ങളെവെച്ച് നോക്കുമ്പോൾ.

23. (സത്വം (self) എന്നുപറയുന്നത് എന്താണ്? self-ഉം consciousness-ഉം ഒന്നാണോ?)

ഞാൻ സത്വവും ബോധവും (self-ഉം consciousness-ഉം) ഒന്നാണെന്ന് പറയില്ല. നമ്മൾ ബോധത്തിൽ കൊണ്ടുവരുന്നത് സത്വത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ്. ഞാൻ കൈയിന്റെ ഒരു വിരൽ പൊക്കുമ്പോൾ എനിക്ക് കൈയിന്റെ വിരൽ പൊങ്ങുന്നത് കാണാം. അത് ബോധത്തിൽ വരുന്ന കാര്യമാണ്. കൈയിന്റെ വിരൽ പൊക്കുമ്പോഴുള്ള ബോധനം (sensation) എനിക്ക് കിട്ടും. അതും ബോധത്തിൽ വരുന്ന കാര്യമാണ്. പക്ഷെ, കൈയിന്റെ വിരൽ പൊക്കാനുള്ള മസ്തിഷ്കത്തിന്റെ ആ ചോദനത്തിന്റെ സ്പന്ദം ഉണ്ടല്ലോ, മസ്തിഷ്കത്തിൽനിന്ന് പോകുന്ന കല്പന - അതാണ് നമ്മൾ will എന്നു പറയുന്നത്; അതിനെ സംസ്കൃതത്തിൽ ഇച്ഛ, ചോദന, കരണം എന്നൊക്കെയാണോ പറയുന്നത്? അതിന്റെ പ്രവർത്തനം ഒരിക്കലും ബോധത്തിൽ വരില്ല. ചൈതന്യം എന്ന അർത്ഥത്തിലല്ല ഞാൻ ബോധം എന്ന വാക്ക് എടുക്കുന്നത്.





**'ഞാൻ' എന്ന് പറയുന്നത് നമ്മളുടെ വേദനയുടെ അറ്റങ്ങളും അതിർത്തികളും നമ്മളുടെ കരണത്തിന്റെ അതിർത്തികളും ആണ്. ദു:ഖവും സങ്കടവുമല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഞാൻ ഉദ്ദേശിക്കുന്നത് ശാരീരികമായ വേദനയാണ്, ശരീരത്തിന്റെ ബോധനങ്ങൾ (sensations) ആണ്. നമ്മളുടെ കരണത്തിന് വഴങ്ങുന്നത് എന്താണോ അത് നമ്മുടെ സത്വത്തിന്റെ ഭാഗമാണ്. ഇപ്പോൾ എന്റെ വിചാരം കൊണ്ട് എനിയ്ക്ക് ഭൂമിയുടെ വേറൊരു ഭാഗത്തുള്ള എന്തെങ്കിലും പൊക്കാനും താഴ്ത്താനും കഴിയുകയാണെങ്കിൽ ഒരുപക്ഷെ ഞാൻ അത് എന്റെ ഭാഗം ആയിട്ട് കരുതി എന്നുവരും.**



*പെയിന്റിങ്ങിന് കടപ്പാട്: പബ്ലിക്ക് ഹെൽത്ത് ഫോറം പയ്യന്നൂർ*

ബോധവത് ആയിട്ടുള്ളതെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മൾ അറിയുന്നതായിട്ടുള്ള സാധനങ്ങളാണ്. ഞാൻ എന്റെ കരണത്തിന്റെ പ്രവർത്തനങ്ങൾ ഒരിയ്ക്കലും അറിയുന്നില്ല. എന്നാൽ എന്റെ കരണത്തിന്റെ പ്രവർത്തനങ്ങൾ എന്റെ സത്വത്തിന്റെ ഭാഗമല്ല എന്ന് പറയുന്നത് എനിയ്ക്ക് സമ്മതമല്ല. എന്റെ കരണം എന്റെ ഭാഗമാണ്. കാരണം 'ഞാൻ' എന്ന ആ തോന്നിച്ചയുണ്ടല്ലോ, അത് കരണത്തിനോട് വളരെ ബന്ധപ്പെട്ടതാണ്. വി.എസ്. രാമചന്ദ്രന്റെ പുസ്തകത്തിൽ ഒരു കേസ് വിവരിയ്ക്കുന്നുണ്ട്. ഒരാളുടെ ഒരു കൈ പക്ഷവാതം പിടിച്ച് തളർന്നു. അയാൾക്ക് അതിന്റെ മേൽ ഒരു നിയന്ത്രണവുമില്ല. അയാൾ പറയുന്നത് ഇത് എന്റെ കൈ അല്ലെന്നാണ്. അപ്പോൾ ഇത് പിന്നെ ആരുടെ കൈയാണെന്ന് ചോദിച്ചാൽ അയാൾ പറയുന്നത് ഇത് എന്റെ ജ്യേഷ്ഠന്റെ കൈയാണെന്നാണ്!. 'ഞാൻ' എന്നതിനെപ്പറ്റിയുള്ള നമ്മളുടെ സങ്കല്പത്തെപ്പറ്റി വളരെ രസകരമായിട്ടുള്ള പരീക്ഷണങ്ങളും നിരീക്ഷണങ്ങളും ആ പുസ്തകത്തിലുണ്ട്.

അപ്പോൾ 'ഞാൻ' എന്ന് പറയുന്നത് നമ്മളുടെ വേദനയുടെ അറ്റങ്ങളും അതിർത്തികളും നമ്മളുടെ കരണത്തിന്റെ അതിർത്തികളും ആണ്. വേദന എന്ന് പറയുമ്പോൾ മനസ്സിന്റെ വേദനയല്ല ഞാൻ ഉദ്ദേശിക്കുന്നത്; ദു:ഖവും സങ്കടവുമല്ല ഞാൻ ഉദ്ദേശിക്കുന്നത്. ഞാൻ ഉദ്ദേശിക്കുന്നത് ശാരീരികമായ വേദനയാണ്, ശരീരത്തിന്റെ ബോധനങ്ങൾ (sensations) ആണ്. ശാരീരിക ബോധനങ്ങളാണ് നമ്മളുടെ 'ഞാനി'നെ സൃഷ്ടിക്കുന്ന ഒരു ഘടകം. രണ്ടാമത്തെ ഘടകം നമ്മളുടെ കരണം ആണ്. നമ്മളുടെ കരണത്തിന് വഴങ്ങുന്നത് എന്താണോ അത് നമ്മുടെ സത്വത്തിന്റെ ഭാഗമാണ്. ഇപ്പോൾ എന്റെ വിചാരംകൊണ്ട് എനിയ്ക്ക് ഭൂമിയുടെ വേറൊരു ഭാഗത്തുള്ള എന്തെങ്കിലും പൊക്കാനും താഴ്ത്താനും കഴിയുകയാണെങ്കിൽ ഒരുപക്ഷെ ഞാൻ അത് എന്റെ ഭാഗം ആയിട്ട് കരുതി എന്നുവരും.

### 24. *അമ്മ കുട്ടിയുടെ വേദന അറിയില്ലേ? അപ്പോൾ കുട്ടി അമ്മയുടെ self- ന്റെ ഭാഗമല്ലേ?*

ഞാൻ പറയുന്ന അർത്ഥത്തിൽ, selfന്റെ ഭാഗമല്ല. കാരണം അമ്മേയ്ക്ക് കുട്ടിയുടെ ബോധനങ്ങൾ കിട്ടുകയില്ല. അമ്മയ്ക്ക് മാനസികമായിട്ടുള്ള വേദന തോന്നാം. മാനസികമായിട്ടുള്ള വേദനയല്ല ഞാൻ പരാമർശിച്ചത്, സത്വത്തിന്റെ അതിർത്തി നിശ്ചയിക്കുന്നതായിട്ട്.

മറിച്ച്, നമ്മൾ മുമ്പ് പറഞ്ഞ ഒരു ദൃഷ്ടാന്തം എടുക്കുകയാണെങ്കിൽ, രാമകൃഷ്ണ പരമഹംസൻ ചെയ്തത് തന്റെ സത്വത്തിൽ അടികൊണ്ട പശുവിനെ ഉൾക്കൊണ്ടു എന്നതാണ്. രാമകൃഷ്ണന് അതിന്റെ ശാരീരിക ബോധനങ്ങൾ (sensations) കിട്ടിയെന്നുള്ളതാണ്, അതുകൊണ്ടാണ് അദ്ദേ

ഹത്തിന്റെ പുറത്ത മുറിവുകൾ വീണത്. അത് വെറും കഥയായിരിയ്ക്കാം, ഞാൻ അത് ഒരു ഉദാഹരണമായി എടുത്തു എന്നുമാത്രം.

നമ്മുടെ അനുകമ്പയും, നമ്മുടെ ശാരീരികബോധനങ്ങളും, രണ്ടും വ്യത്യസ്തമാണ്. അനുകമ്പ empathy, sympathy) എന്നൊക്കെ പറയുന്നത് നമ്മൾ മനസ്സുകൊണ്ട് ചെയ്യുന്നതായിട്ടുള്ള ഒരു ക്രിയ ആണ്. പക്ഷെ, ഞാൻ 'സത്വബോധം' (idea of the self) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അക്ഷരാർത്ഥത്തിൽ ഉള്ള ഒന്നാണ്. യോഗശാസ്ത്രത്തിൽ നമ്മുടെ സത്വബോധത്തെ വിപുലീകരിക്കാം എന്നു പറയുന്നുണ്ടോ? അത് സാധ്യമാണെങ്കിൽ ഒരു പക്ഷെ, നമ്മുടെ സത്വത്തിന്റെ ഭാഗമായതും എന്നാൽ നമ്മുടെ ബോധത്തിൽനിന്ന് മറഞ്ഞിരിയ്ക്കുന്നതും ആയ കാര്യങ്ങൾ - കരണത്തിന്റെ പ്രവർത്തനം മുതലായ അറിവിന്റെ പിറകിലുള്ള കാര്യങ്ങൾ - യോഗത്തിന്റെ ഫലമായി നമുക്ക് കാണാൻ പറ്റുമെന്നൊക്കെ വരുമായിരിയ്ക്കും.

### *25 നമ്മുടെ സ്മരണ/ ഓർമ്മ എന്നത് നമ്മുടെ ഈ ജീവിതത്തിലുള്ള അനുഭവങ്ങൾ മാത്രമാണോ?*

അത് ഒരു രസകരമായ ചോദ്യമാണ്. നമ്മുടെ ഓർമ്മ നമ്മുടെ ഈ ജീവിതത്തിലുള്ള അനുഭവങ്ങൾ മാത്രമല്ലായിരിയ്ക്കാം. നമ്മുടെ വംശത്തിന്റെ ഓർമ്മയുംകൂടി അതിന്റെ അകത്തുണ്ട് എന്നുവരാം. ഉദാഹരണത്തിന് instinct എന്ന് പറയുന്ന അറിവ് - പക്ഷിയ്ക്ക് കൂടുണ്ടാക്കുന്നതിനെ പറ്റിയുള്ള അറിവ്. ചിത്തം എന്നുപറയുന്നത് വെറും ഈ ജീവിതത്തിൽ സമ്പാദിച്ച അനുഭവങ്ങളുടെ ഓർമ്മയാണോ? നമ്മുടെ വംശത്തിന്റെ ഓർമ്മകളും കൂടി ചിത്തത്തിന്റെ ഭാഗമായിരിക്കാം. എനിയ്ക്കറിയില്ല. തീർച്ചയായും, selfന്റെ ഭാഗമായിട്ട് വരും അത്.

ഓർമ്മയെ പറ്റിയുള്ള ആധുനിക പഠനങ്ങൾ പറയുന്നത്, അത് ഛായാഗ്രഹണം പോലെയല്ല, സിനിമ പിടിക്കുന്നത് പോലെയല്ല. ഓർമ്മ എപ്പോഴും ഓരോ നിമിഷത്തിലും പുനഃസൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്; അല്ലാതെ വെറും റെക്കോർഡ് ചെയ്യൽ അല്ല അത്. നമ്മുടെ കാഴ്ചപോലും മനസ്സിൽ സൃഷ്ടിക്കുന്നതാണല്ലോ. അതുപോലെ തന്നെയാണ് ഓർമ്മയും. അത് അപ്പപ്പോൾ സൃഷ്ടിയ്ക്കുന്നതാണ്. അത് കാരണം അത് വളരെ അവിശ്വസനീയമാണ്, ആശ്രയിക്കാൻ പറ്റാത്തത് ആണ്. അതിനെപ്പറ്റി വളരെ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഒരാൾ താൻ ശരിയ്ക്കും കണ്ടത് എന്നു പറയുകയും വിശ്വസിയ്ക്കുകയും ചെയ്യുന്നത് പക്ഷെ, ചിലപ്പോൾ തികച്ചും തെറ്റായിരിക്കും.

### *26. സ്വപ്നം എന്താണ്?*

എനിയ്ക്ക് സ്വപ്നം എന്നുപറയുന്നത് ഒരിക്കലും ഒരു പ്രഹേളിക ആയിരുന്നിട്ടില്ല. കാരണം, നമ്മളുടെ ഉണർന്നിരിയ്ക്കുന്ന സമയത്തെ മനസ്സിനെ ഒന്നു സൂക്ഷിച്ചുനോക്കൂ. മനസ്സ് എപ്പോഴും സ്വപ്നം കാണുന്നുണ്ട്. ഏത് നിമിഷത്തിലും സ്വപ്നം കാണുന്നുണ്ട്. നമ്മളുടെ മനസ്സ് വർത്തമാനത്തിൽ നടക്കുന്നതായിട്ടുള്ള കാര്യത്തിന്റെ മുകളിൽ പിടിച്ചുനിർത്താൻ ഒരു യോഗിയ്ക്കു മാത്രമേ കഴിയുകയുള്ളൂ. സാധാരണക്കാരുടെ മനസ്സ് എന്തെങ്കിലും ഒരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽനിന്ന് പിടിച്ചിട്ട് കഥകൾ ഉണ്ടാക്കും. ഭാവിയെപ്പറ്റി, ഭൂതകാലത്തെപ്പറ്റിയൊക്കെ കഥകൾ ഉണ്ടാക്കും. ഈ പ്രക്രിയകൾ തന്നെയാണ് സ്വപ്നത്തിൽ നടക്കുന്നത്. മനസ്സ് ഒരു നിമിഷത്തിന്റെയുള്ളിൽ വലിയ കഥകൾ ഉണ്ടാക്കുന്നുണ്ട്. അപ്പോൾ ഞാൻ പറയുന്നത്, സ്വപ്നം എന്നത് മനസ്സിന്റെ എപ്പോഴും നടന്നുകൊണ്ടിരിയ്ക്കുന്നതായിട്ടുള്ള ഒരു പ്രക്രിയയാണ്. സ്വപ്നവും സാധാരണ ജാഗ്രതാവസ്ഥയും തമ്മിലുള്ള ഒരേ വ്യത്യാസം, ഉണർന്നിരിയ്ക്കുമ്പോൾ നമ്മൾ ഇന്ദ്രിയങ്ങളിൽ നിന്നുള്ള സന്ദേശങ്ങളെക്കൂടെ പരുവപ്പെടുത്തി ഉൾക്കൊള്ളുന്നുണ്ട് എന്നതാണ്. സ്വപ്നത്തിൽ അതില്ല. അത്രമാത്രമേയുള്ളൂ. എന്ത് ചെറിയ സംഭവം ഉണ്ടെങ്കിലും അവിടെനിന്ന് പിടിച്ച് മനസ്സ് എപ്പോഴും ഇങ്ങനെ പൊയ്ക്കൊണ്ടിരിയ്ക്കും. പിന്നത്തെ ശ്രദ്ധാർഹമായിട്ടുള്ള എന്തെങ്കിലും വിവരം ഇന്ദ്രിയങ്ങളിൽനിന്ന് വരുന്നതുവരെ ഈ പോക്ക് ഇങ്ങനെ തുടർന്നുകൊണ്ടിരിയ്ക്കും. മനസ്സ് യഥാർത്ഥ്യത്തെ സ്പർശിക്കുന്നത്, നീണ്ട കാലുള്ള ചില ജലപ്രാണികൾ വെള്ളത്തിന്റെ മുകളിൽ സഞ്ചരിയ്ക്കുന്നതുപോലെയാണ്. വെള്ളത്തിൽ മുങ്ങില്ല. നീണ്ട കാലുകളെക്കൊണ്ട് വല്ലപ്പോഴും തൊടും. എന്നിട്ട് പെട്ടെന്ന് വേറൊരിടത്തേക്ക് ചാടും. അതുപോലെയാണ് മനസ്സ് വർത്തമാനത്തെ സ്പർശിക്കുന്നത്. വലിയ അപകടമുള്ളപ്പോൾ ഒഴികെ. വലിയ അപകടമുള്ള സമയത്ത് മനസ്സ് ഏകാഗ്രമായ ശ്രദ്ധ കൊടുക്കും. ഉദാഹരണത്തിന് നിങ്ങളുടെ മുന്നിൽ ഒരു വന്യമൃഗം വരുന്നുവെന്ന് വിചാരിക്കുക. ആ സമയത്ത് നല്ല ഏകാഗ്രതയുണ്ടാകും. അല്ലാത്ത സമയത്ത് മനസ്സ് എപ്പോഴും പകുതിയെ കാണുന്നുള്ളൂ. പകുതി കാണുന്നില്ല. കണ്ണിന്റെ ഒരു കോണുകൊണ്ട് മാത്രമാണ് നമ്മൾ വർത്തമാന യാഥാർത്ഥ്യത്തെ കാണുന്നത്. അതായത് ആവശ്യമുള്ളത്ര മാത്രമെ നമ്മൾ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നുള്ളൂ. കഴിയുന്നത്ര കുറച്ച്. ഇപ്പോൾ നിങ്ങൾ ഇവിടെനിന്ന് ചെറുതായിട്ട് ഒന്ന് നടന്നുനോക്കൂ. ആ സമയത്ത് നടക്കാൻ ആവശ്യമായിട്ടുള്ള റോഡിനെ പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതല്ലാതെ, മനസ്സിനെ നിരീക്ഷിച്ചിട്ടുണ്ടെങ്കിൽ കാണാം, ഈ റോഡിനെയല്ല, ശ്രദ്ധിയ്ക്കുന്നത്, പല കാര്യങ്ങളാണ് ആലോചിക്കുന്നത്. അതാണ് അതിന്റെ രീതി.

ഒരു തരം കരണം (will) ഉണ്ട് നമ്മുടെ ഉള്ളിൽ. അതാണ് ഇങ്ങനെ തിരിച്ചുകൊണ്ടിരിയ്ക്കുന്നത്, മനസ്സിനെ. ഒരു പക്ഷെ, അതിനെ ഒതുക്കുകയാണ് യോഗികൾ ചെയ്യുന്നത്. മനസ്സിന്റെ തിരിച്ചലിന് കാരണമൊന്നുമില്ല. തത്വചിന്തകനായ ഷോപ്പൻഹൗവർ (Schopen Hauer) നമ്മളെ മുന്നോട്ടു തള്ളുന്നതായ, തെളിക്കുന്നതായ, ഒരു കരണശക്തിയെപ്പറ്റി പറഞ്ഞിട്ടുണ്ട്; അത് ശരിയായിരിയ്ക്കാം. ഈ കരണം നമ്മെ ശാരീരികമായും വൈകാരികമായും മാനസികമായും തെളിയ്ക്കുന്നുണ്ടാകാം. അപ്പോൾ ഞാൻ പറഞ്ഞുകൊണ്ടുവരുന്നത്, മനസ്സ് എപ്പോഴും ഇങ്ങനെ കഥകൾ ഉണ്ടാക്കിക്കൊണ്ടേയിരിയ്ക്കും, സ്വപ്നങ്ങൾ കണ്ടുകൊണ്ടേയിരിയ്ക്കും.

**27.** മസ്തിഷ്കശാസ്ത്രം പഠിയ്ക്കുന്നവർ, ചെസ്സുകളിക്കാരുടെ മസ്തിഷ്കത്തിൽ നടക്കുന്ന വൈദ്യുതചലനങ്ങൾ പഠിച്ചിട്ടുണ്ട്. നമുക്കറിയാം, ചെസ്സുമാസ്റ്റർമാർ കളിയ്ക്കാനിരിക്കുമ്പോൾ നമ്മൾ ഒന്നുരണ്ടു കരുനീക്കങ്ങൾ മുന്നോട്ടു കാണുന്നതിനിടയിൽ അവർ ഒരു പത്ത് കരുനീക്കങ്ങൾ, അല്ലെങ്കിൽ ഇരുപത് കരുനീക്കങ്ങൾ, മുന്നോട്ടു കാണുമെന്ന്. അതുകൊണ്ട് അവരുടെ മസ്തിഷ്കം വളരെ അധികം പ്രവർത്തിയ്ക്കുന്നുണ്ടായിരിയ്ക്കും, നമ്മളുടെ മസ്തിഷ്കത്തെ അപേക്ഷിച്ച് എന്നാണ് നമ്മൾ കരുതുക. എന്നാൽ, സ്ഥിതി നേരെ മറിച്ചാണ്. ഒരു സാധാരണക്കാരൻ കളിയ്ക്കുമ്പോൾ അവന്റെ മസ്തിഷ്കം വല്ലാതെ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ചെസ്സുമാസ്റ്ററുടെ മസ്തിഷ്കത്തിൽ വളരെ ചെറിയ ചലനങ്ങളേ നടക്കുന്നുള്ളൂ. എന്താണ് സംഭവിയ്ക്കുന്നത് എന്നു വെച്ചാൽ: നമുക്ക് അപരിചിതം ആയിട്ടുള്ളതിനോട് സംവദിയ്ക്കുമ്പോഴാണ് മസ്തിഷ്കത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുന്നത്. പരിചിതമായതിനോട് സംവദിയ്ക്കുമ്പോൾ മസ്തിഷ്കത്തിന് ചലനങ്ങൾ ഇല്ല. ചെസ്സിലെ ആദ്യപാഠക്കാരൻ കളിയ്ക്കുമ്പോൾ അവന് ഓരോ കരുനീക്കവും നൂതനം ആണ്. അപ്പോൾ അതൊക്കെ ആലോചിയ്ക്കണം. മാസ്റ്റർക്ക് അതൊന്നും വേണ്ട. അയാൾ ചെസ്സ് ബോർഡ് കണ്ടാൽത്തന്നെ ഒരൊറ്റ നോട്ടംകൊണ്ട് അതിന്റെ സകല കാര്യങ്ങളും മനസ്സിലാക്കും. പിന്നെ, ഒന്നും ചെയ്യേണ്ട ആവശ്യമില്ല.

**28.** അടുത്തകാലത്ത് എഴുതിയ ഒരു കവിത വായിയ്ക്കാം. കവിതയുടെ പശ്ചാത്തല ആശയങ്ങൾ ചിലത് പറയാം. ഏത് മനുഷ്യസമൂഹത്തിനും ഒരു മതം ഉണ്ടാകും. എത്ര പ്രാകൃതമായ ഒരു സമൂഹത്തേയും എടുത്തു നോക്കൂ. അവർക്കും ഒരു മതം ഉണ്ട്, ദൈവത്തിനെപ്പറ്റിയിട്ടുള്ള എന്തെങ്കിലും ഒരു സങ്കല്പം ഉണ്ട്. എന്തുകൊണ്ടാണ് മനുഷ്യസമൂഹങ്ങളുടെ ഒരു സ്ഥിരഗുണമായി മതം നില്കുന്നത് എന്നാണ് ചോദ്യം. എന്റെ ഒരു ഊഹം: പ്രപഞ്ചത്തിനെ അന്വയിക്കുമ്പോൾ അതിന് ഒരു closure വേണം. closure എന്നുവെച്ചാൽ 'മുഴുമിയ്ക്കൽ' അതായത്, പ്രപഞ്ചത്തിനെ വിടവുകൾ അടച്ച് പൂർണ്ണമാക്കണം. (ഒരുപക്ഷെ മനസ്സിന് 'അടച്ച രൂപങ്ങൾ' closed figures മാത്രമേ ഗ്രഹിക്കാൻ പറ്റുകയുള്ളൂ). അതിനുള്ള ഒരു ഉപാധിയാണ് ഈ ദൈവസങ്കല്പം. അങ്ങിനെ നോക്കുമ്പോൾ, ബോധത്തിന്റെ ഒരു സ്വഭാവമാണ് ദൈവസങ്കല്പം. അതുകൊണ്ടാണ് നമ്മുടെ എല്ലാ സമൂഹത്തിലും ദൈവസങ്കല്പം ഉണ്ടാകുന്നത്. അവിടെനിന്ന് ഞാൻ ചോദിയ്ക്കുന്നത് മനുഷ്യരല്ലാത്ത ബോധമുള്ള എല്ലാ ജീവികൾക്കും അതതിന്റേതായിട്ടുള്ള ഒരു ദൈവസങ്കല്പം ഉണ്ടോയെന്നാണ്. അപ്പോൾ അതാണ് കവിതയുടെ പശ്ചാത്തലം. കവിതയുടെ പേര് 'ഞണ്ടിന്റെ ദൈവസങ്കല്പം'.

ഞണ്ടിനെപ്പറ്റി അറിഞ്ഞിരിയ്ക്കേണ്ടത്: ഞണ്ടിന്റെ കണ്ണ് തലയുടെ (അതായത് ശരീരത്തിന്റെ) നടുവിൽ, മുകളിൽ ആണ്. (അത് ഒരു composite eye ആണ്.) അതിന് ചക്രവാളത്തിൽ എവിടേയ്ക്കും കാണാം. അതുമാത്രമല്ല, ഞണ്ടിന് മുമ്പ്, പിമ്പ് എന്നൊന്നുമില്ല, എങ്ങോട്ടും നീങ്ങാം. അപ്പോൾ ഒരു പ്രത്യേകതരമാണ് ആ ജീവിയുടെ spaceന്റെ ഘടനയിരിക്കുന്നത്. മുമ്പ് - പിമ്പ് എന്ന ദിക് വിവേചനമില്ലാത്തതുകൊണ്ട് നമ്മൾ വിചാരിയ്ക്കാം അതിന് ദിക്‌വിവേചനമേ ഇല്ലെന്ന്. അത് തെറ്റായിരിയ്ക്കും: അതിന് എപ്പോഴും കടൽ ഏതു ദിക്കിലേയ്ക്കാണെന്നുള്ള അറിവുണ്ട്. കവിതയിൽ പറയുന്നു: ഈ കടലിന്റെ കിടപ്പ് കാട്ടുന്ന ദിക്‌രേഖയെ അനന്തതയോളം നീട്ടിയിട്ടായിരിയ്ക്കാം ഈ ജീവി ദൈവത്തെ സങ്കൽപ്പിക്കുന്നത്.

സ്വപ്നം എന്നുപറയുന്നത് ഒരിക്കലും ഒരു പ്രഹേളിക ആയിരുന്നിട്ടില്ല. കാരണം, നമ്മളുടെ ഉണർന്നിരിയ്ക്കുന്ന സമയത്തെ മനസ്സിനെ ഒന്നു സൂക്ഷിച്ചു നോക്കൂ. മനസ്സ് എപ്പോഴും സ്വപ്നം കാണുന്നുണ്ട്. ഏത് നിമിഷത്തിലും സ്വപ്നം കാണുന്നുണ്ട്. സാധാരണക്കാരുടെ മനസ്സ് എന്തെങ്കിലും ഒരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽനിന്ന് പിടിച്ചിട്ട് കഥകൾ ഉണ്ടാക്കും. ഭാവിയെപ്പറ്റി, ഭൂതകാലത്തെപ്പറ്റിയൊക്കെ കഥകൾ ഉണ്ടാക്കും. ഈ പ്രക്രിയകൾ തന്നെയാണ് സ്വപ്നത്തിൽ നടക്കുന്നത്.



വര: ജോൺസ് മാത്യു

ഞാൻ കവിത വായിക്കാം.

## ഞണ്ടിന്റെ ദൈവസങ്കല്പം

**ഞണ്ടിന്റെ** ദൈവസങ്കല്പം - എൻ പക്ഷം
**അതുണ്ടെന്ന്!** ചക്രവാളത്തെ ഒരു നോക്കിൽ
സമ്പൂർണ്ണവൃത്തമായ് കണ്ടുജീവിപ്പവർ
'മുമ്പ്' 'പിമ്പെ'ന്നുള്ള സങ്കല്പംമായ്കയാൽ
എങ്ങോട്ടും മുമ്പോട്ടായുള്ളവർ - നമ്മേക്കാൾ
എന്തു വ്യത്യസ്തം ഇവറ്റിൻ സ്ഥലാന്വയം!
മുമ്പോട്ടാണെങ്ങോട്ടുമെന്നതുകൊണ്ടിവ-
യ്ക്കുണ്ടാകാൻ പാടില്ല ദിക്ദിക്‌വിവേചനം
എന്നോ? ഹായ് തെറ്റി! നമ്മേക്കാൾ ബലവത്തായ്,
ഉന്മിഷത്തായ്, സർവ്വകർമ്മ നിയമമായ്
എത്ര തിരിഞ്ഞാലും എത്രയലഞ്ഞാലും
തെറ്റാത്തൊരു കാന്തസൂചിയിവയ്ക്കകം
എങ്ങോട്ടേയ്ക്കാണ് കടലെന്ന് കാട്ടിയും-
കൊണ്ടിരിപ്പുണ്ട് - ഇമവെട്ടാത്ത ദിക്ബോധം.
ഞണ്ടിന്റെയോരോചലനവും ചെയ്തിയും
ഉണ്ടാവതീയറിവോടപേക്ഷിച്ചുതാൻ.
ഇങ്ങനെയുള്ളൊരു സത്വത്തിൽ നില്ക്കുമ്പോൾ
എന്താകാം ആത്യന്തികത്തിന്റെ സങ്കല്പം?
ഈ പതറാത്തതാം ദിക്കിന്റെ രേഖയെ
നേരെയനന്തതയോളം പ്രസരിപ്പി-
ച്ചാകാം ഇവിടത്തെ ഈശ്വരകല്പന.
കണ്ണിന്റെ കാഴ്ചതൻ നേർനടുക്കുള്ളതാം
അന്ധസ്ഥലത്തിനെ മായ്ച്ചുകാണുന്നപോൽ,
എന്തോ പ്രപഞ്ചാന്വയത്തിലും നാം ചെയ്യു-
ന്നുണ്ട്- മറയ്ക്കുന്നു 'ദൈവ'ത്തിനെക്കൊണ്ടോ-
രന്ധസ്ഥലത്തെ, പ്രപഞ്ചം 'മുഴുമി'യ്ക്കാൻ.
നമ്മൾ അറിഞ്ഞത്കൊണ്ട് മൂടുന്നുപോൽ
നമ്മുടജ്ഞാതത്തെ (നമ്മൾ അറിയാതെ!)
ദൈവസങ്കല്പം ബോധത്തിൽ സ്വഭാവമാം.........

29. മുഴുമിയ്ക്കാത്ത ഒരു കവിതയുടെ തുടക്കം വായിക്കാം,

കണ്ണുകളെ ആവശ്യമാക്കിയത്
കൈകാലുകളാണ്.
കാഴ്ച വേണ്ടിവന്നത്
ജീവികളുടെ സ്ഥലജംഗമത്വം സംഭവിച്ചതിന് ശേഷമാണ്.

ഒന്നും ചെയ്യാൻ കഴിയാത്ത
കല്ലിൽ ഞാൻ ഇരുന്നുനോക്കിയപ്പോൾ
കല്ലിന് ലോകത്തിന്റെ ആവശ്യമില്ല.

കരണശക്തിയാണ്
മനസ്സിനെ ഉണ്ടാക്കിയതെങ്കിൽ
കരണശക്തിയുടെ ഉത്ഭവം കണ്ടുപിടി
യ്ക്കാൻ നോക്കി
ഞാൻ തൊട്ടാവാടിയിൽ എത്തി.

മാവിലയ്ക്ക് ഞാൻ തൊടുന്നത് അറിയു
ന്നുവെന്ന് വരാം.
പക്ഷെ, സത്വാനുഭവത്തിന്റെ ഒരു പരി
ണാമം മാത്രമായി
(എന്നാൽ തൊട്ടാവാടിയ്ക്ക് ഞാനും
അന്യനും എന്ന അറിവുണ്ട്
അതിന്റെ സങ്കോചത്തിൽ....)

30 "അറിവിനെക്കുറിച്ച് ഒരു വിമർശം" എന്ന കവിത ഓർക്കുന്നുണ്ടോ? അതിൽ പ്രതിപാദിക്കുന്ന പ്രശ്നം എന്താണെന്നു വച്ചാൽ മനസ്സിൽ വെറും സങ്കല്പിതമായിട്ടുള്ള കാര്യങ്ങളുണ്ടല്ലോ. അതും നമ്മൾ കാണുന്നതായിട്ടുള്ള യാഥാർത്ഥ്യവും മനസ്സ് എങ്ങിനെയാണ് വേർതിരിക്കുന്നത് എന്നാണ്. മനസ്സ് എപ്പോഴും അവയെ വേർതിരിക്കുന്നുണ്ട്. പക്ഷെ, എങ്ങിനെയാണ് അവയെ വേർതിരിക്കുന്നത്. അതിനുള്ള ഉത്തരമായി ഞാൻ പറയുന്നത് density of details (സൂക്ഷ്മാംശങ്ങളുടെ സാന്ദ്രത) കൊണ്ടാണ് നമ്മൾ യാഥാർത്ഥ്യത്തേയും സങ്കല്പത്തേയും വേർതിരിക്കുന്നത് എന്നാണ്. സങ്കല്പിതവസ്തുവിൽ വെറും രൂപരേഖകൾ (out-lines) മാത്രമേ ഉണ്ടാവുകയുള്ളൂ. നമ്മൾ ശരിക്ക് കാണുന്ന യഥാർത്ഥമായിട്ടുള്ളതിൽ വളരെ വളരെ details ഉണ്ട്. അവയിൽ ഒന്നിലേക്ക് ആഴത്തിൽ പോയിട്ടുണ്ടെങ്കിൽ കാണാം, അതിനകത്ത് പിന്നെയും details ഉണ്ട്. പിന്നെയും പിന്നെയും. അകങ്ങളുടെ ഒരു തീരാത്ത പരമ്പരയാണ് യാഥാർത്ഥ്യം.

31. ഭാഷാപോഷിണിയിൽ വന്ന 'സുഖം, സ്വാതന്ത്ര്യം, വേദന മുതലായവയെപ്പറ്റി' എന്ന കവിത

## സുഖം,
## സ്വാതന്ത്ര്യം,
## വേദന
## മുതലായവയെപ്പറ്റി

ബൾബിനോട്
സംഗം ചെയ്ത്
തളരുന്ന
തുമ്പിക്ക് വി-
ടുതി കിട്ടും
ഞാൻ പോയ് ബൾബ്
കെടുത്തിയാൽ.

സ്വിച്ചകത്താ-
ണതിനാ സ്വാ-
തന്ത്ര്യം വ്രാന്ത-
യിൽ പുറത്താ-

ണതിന്റെ വാ-
സനയുടെ സ്വിച്ചകത്താ-
ണതിനാ സ്വാ-
തന്ത്ര്യം കാണും
എന്റെ വിവേ-
കം പുറത്താ-

ണീ വിടുതി-
ക്കതെന്നോട്
കൃതജ്ഞമാ-
കില്ല, തീർച്ച!

വാസന യ-
നുചരന്റെ
മാർഗ്ഗങ്ങളിൽ
അടിക്കടി
നൽകിനിൽക്കും
സുഖമൂർച്ഛ-
ആര് നല്കും?
ഞാനോ അതോ
ബുദ്ധികാട്ടി?
പ്രകൃതി മു-
ഗ്ദ്ധതയല്ലേ
നമുക്കൊക്കെ
വേണ്ടൂ? എന്നാൽ -
എന്നാൽ എന്താ-
ണെടോ 'സുഖം'?

സുഖം വേദ-
നതൻ തീയിൽ
തുമ്പിയുടെ
തൊട്ടുകളി.
വേദനയോ?
സഹനത്തിൻ
സീമവിട്ട
സുഖം - സുഖം!

**നമുക്ക് ഭംഗിയുള്ളതായിട്ട് തോന്നുന്നത് എന്താണെന്നുവച്ചാൽ സമമാത്രയോട് (symmetry- ഓട്) അടുക്കുക. അതേസമയം, തികഞ്ഞ സമമാത്രയെ പരാജയപ്പെടുത്തിക്കൊണ്ട് എപ്പോഴും അല്പാല്പമായ വ്യത്യാസങ്ങൾ ഉണ്ടാകുക - ഇതാണ് സമമാത്ര ഉണ്ടാവുമെന്ന് തോന്നുന്നസമയത്ത് അതിൽ വ്യത്യാസം ഉണ്ടാകും. ഈ symmetryയും വ്യത്യാസവും തമ്മിലുള്ള അങ്ങോട്ടുമിങ്ങോട്ടുമുള്ള വലിമുറുക്കം ആണ് സൗന്ദര്യമെന്ന് പറയുന്നത്**

സുഖവും വേദനയും ഒരേ അനുഭവത്തിന്റെ രണ്ടറ്റങ്ങളാണെന്നുള്ളത് തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഇതിനെപ്പറ്റി ആദ്യമായിട്ട്, അല്ലെങ്കിൽ വളരെ മുമ്പ്, ബോധവാനായി സംസാരിച്ചിട്ടുള്ളത് സോക്രട്ടീസ് (Socrates) ആണ്. സോക്രട്ടീസിന്റെ മരണദിവസം കാരാഗൃഹത്തിൽ അദ്ദേഹത്തിന്റെ കാലിൽ ചങ്ങലയിട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് അനങ്ങാൻ വിഷമമുണ്ടായിരുന്നു. പക്ഷെ, മരണദിവസം രാവിലെ ജയിലധികാരികൾ വന്ന് ഈ ചങ്ങല അഴിച്ച് അദ്ദേഹത്തിന് മുറിയിൽ നടക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നുണ്ട്. അപ്പോൾ അദ്ദേഹം കട്ടിലിൻമേൽ ഇരുന്ന് കാല് തൊട്ടുഴിയുന്നു. എന്നിട്ട് പറയുന്നു എന്തൊരു സുഖമാണെന്ന്. അതിനുശേഷം ഈ മനുഷ്യൻ മരണത്തെപ്പറ്റിയല്ല ചിന്തിക്കുന്നത്. സുഖവും വേദനയും എന്നുള്ള പ്രശ്നത്തെപ്പറ്റിയിട്ടാണ് ചിന്തിക്കുന്നത്. എന്തൊരു മനുഷ്യൻ! അദ്ദേഹം പറയുന്നു, സുഖമെന്നത് വേദനയുടെ മറ്റേ അറ്റമാണ്. രണ്ടും ഒരേ അനുഭവമാണ്. ആദ്യത്തെയുള്ള ആ വേദനയാണ് ഇപ്പോൾ തനിക്ക് സുഖം തരുന്നത്. അദ്ദേഹം ഒരുപമ കൊണ്ടുവരുന്നുണ്ട്. അദ്ദേഹം പറയുന്നു സുഖവും വേദനയും രണ്ടു മുഖങ്ങളുള്ള ഒരു വിചിത്ര ജന്തുവാണ്. അപ്പോൾ ആശയം എന്താണെന്നുവച്ചാൽ നമ്മൾ വേദനയെന്നു പറയുന്നത് സുഖത്തിന്റെ ഒരറ്റവും സുഖമെന്നു പറയുന്നത് വേദനയുടെ ഒരറ്റവുമാണ്.

സുഖമായിട്ട് നമ്മൾ അംഗീകരിക്കുന്നത് എപ്പോഴും ഒരു മുറുക്കത്തിന്റെ അയയ്ക്കലാണ് - ഒരു tension-ന്റെ release ആണ്. മുറുക്കത്തെ അതിന്റെ മൂർദ്ധന്യത്തിൽ എത്തിച്ചിട്ട് അയച്ചുവിടുന്നതാണ് ലൈംഗികസുഖം. ആ മുറുക്കമില്ലെങ്കിൽ സുഖമില്ല. അപ്പോൾ ആ മുറുക്കം സുഖമാണോ വേദനയാണോ എന്നുള്ളത് ഒരു ചോദ്യമാണ്. ഒരു തരത്തിൽ അത് സുഖമാണ്. ഒരുതരത്തിൽ വേദനയാണ്. മുറുക്കത്തെ ക്രമത്തിൽ വർദ്ധിപ്പിച്ച് പെട്ടെന്ന് അയച്ചുവിടുമ്പോഴാണ് നമുക്ക് സുഖം കിട്ടുന്നത്. പക്ഷെ, അതുമാതിരിത്തന്നെ ഏതെങ്കിലും ഒരു ബോധനം (sensation) സുഖമായിട്ട് തന്നെയിരിക്കുമ്പോൾ, അതിന്റെ തീക്ഷ്ണത ഒരു പരിധിവിട്ടിട്ടുണ്ടെങ്കിൽ അത് വേദനയാണ്.

'നമ്പൂതിരി ഫലിതങ്ങൾ' എന്നൊരു പുസ്തകമുണ്ട്. അതിലുള്ള ഒരു കഥയിൽ ഒരു നമ്പൂതിരിയോട് ആരോ ചോദിക്കുന്നു. തിരുമേനിക്ക് എന്തനുഭവമാണ് സുഖത്തിന്റെ പരമകാഷ്ഠയായിട്ട് തോന്നിയിട്ടുള്ളത് എന്ന്. അതിനുത്തരമായി തിരുമേനി ഒരു നീണ്ടകഥ ആരംഭിക്കുന്നു. കഥകളി കണ്ടു, മൂത്രമൊഴിക്കാൻ തോന്നിയിട്ടും ഒഴിക്കാതെ. അതിനുശേഷം ഇല്ലത്തുവന്നു. ഉറങ്ങാൻ കിടന്നു. ഉറങ്ങി. അപ്പോഴേക്കും ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് മൂത്രമൊഴിക്കാതെ വയ്യെന്നായി. ഉറക്കം കാരണം എണീക്കാനും പറ്റുന്നില്ല. കുറെ കിടന്നു, അവസാനം ഉറക്കത്തിൽനിന്നും എണീറ്റ് പോയിട്ട് ഒരു മൂത്രമൊഴിക്കലുണ്ടായി. അതാണ് താൻ അനുഭവിച്ച ഏറ്റവും വലിയ സുഖം! സുഖത്തിന്റെ രഹസ്യം ശരിക്കും മനസ്സിലാക്കിയ ആളായിരുന്നു ആ നമ്പൂതിരി.

**32.** അതുമാതിരി തന്നെ നമ്മുടെ സൗന്ദര്യത്തിന്റെ അനുഭവവും ഈ മുറുക്കം വർദ്ധിപ്പിയ്ക്കൽ എന്നതുമായിട്ട് ബന്ധപ്പെട്ടതാണ്. ഹോപ്കിൻസിന്റെ (hopkins) വളരെ വിരളമായ ഗദ്യത്തിൽ വളരെ രസകരമായ ഒരു കൃതിയുണ്ട്. അതിന്റെ പേര് 'സൗന്ദര്യത്തെപ്പറ്റി ഒരു സംവാദം' (A dialogue on beauty) എന്നാണ്. അത് മുഴുമിക്കാത്ത ഒരു കൃതിയാണ്; പ്ലേറ്റോ (Plato)വിന്റെ സംവാദങ്ങളുടെ ചുവടുപിടിച്ചെഴുതിയതാണ്. അതിൽ രണ്ട് ഒക്സ്ഫോർഡ് അദ്ധ്യാപകർ 'സൗന്ദര്യം' എന്താണെന്ന് ചർച്ച ചെയ്യുകയാണ്. ചർച്ചാമദ്ധ്യേ ഒരാൾ - ഗ്രന്ഥകർത്താവിന്റെ ജിഹ്വയായി സംസാരിക്കുന്ന ആളെന്ന് ഒരു പക്ഷെ പറയാം - ഒരു

mapleയുടെ ഇല (വളരെ ഭംഗിയുള്ള വലിയ ഇലയാണ് അത്) എടുത്തുകാണിക്കുന്നു, ചോദിയ്ക്കുന്നു: എന്തുകൊണ്ടാണ് ഇത് ഭംഗിയുള്ളതായി തോന്നുന്നത്? ഇലയുടെ നടുവിൽ ഒരു തടിച്ച സിരയുടെ വരയുണ്ട്, അതിനെ രണ്ടാക്കി പകുത്തുകൊണ്ട്. അതിന്റെ രണ്ടുവശത്തും നേർത്ത സിരകളുണ്ട്. പിന്നെ ഇലയുടെ അരിക്, അതിർത്തികൾ. ഈ നടുവിലെ വരയുടെ രണ്ടുഭാഗത്തേയ്ക്കുള്ള രൂപചിത്രങ്ങളുടെ, പാറ്റേണുകളുടെ സമമാത്ര (symmetry) യാണ് സൗന്ദര്യം എന്ന് ആദ്യം മറ്റയാളെക്കൊണ്ട് പറയിയ്ക്കുന്നു. പക്ഷെ, എന്നിട്ട് ഇയാൾ വാദിക്കുന്നു: അല്ല, symmetry അല്ല സൗന്ദര്യം. കാരണം ഇവ രണ്ടും തികച്ചും ഒരേപോലെ അതായത് symmetrical, ആയിരുന്നെങ്കിൽ നമുക്ക് ഭംഗിയുള്ളതായിട്ട് തോന്നില്ല. എന്നാൽ ഈ വരയുടെ രണ്ടുഭാഗത്തുമുള്ള പാറ്റേണുകൾക്ക് യാതൊരു സാമ്യവുമില്ലെങ്കിൽ, എന്നാലും നമുക്ക് ഭംഗിയുള്ളതായിട്ട് തോന്നില്ല. നമുക്ക് ഭംഗിയുള്ളതായിട്ട് തോന്നുന്നത് എന്താണെന്നു വച്ചാൽ സമമാത്രയോട് (symmetry ഓട്) അടുക്കുക. അതേസമയം, തികഞ്ഞ സമമാത്രയെ പരാജയപ്പെടുത്തിക്കൊണ്ട് എപ്പോഴും അല്പാല്പമായ വ്യത്യാസങ്ങൾ ഉണ്ടാകുക - ഇതാണ് സമമാത്ര ഉണ്ടാവുമെന്ന് തോന്നുന്നസമയത്ത് അതിൽ വ്യത്യാസം ഉണ്ടാകും. ഈ symmetryയും വ്യത്യാസവും തമ്മിലുള്ള അങ്ങോട്ടുമിങ്ങോട്ടുമുള്ള വലിമുറുക്കം ആണ് സൗന്ദര്യമെന്ന് പറയുന്നത്. (എന്റെ 'വൃക്ഷം, വര' എന്ന കവിത ഇതിനെയൊക്കെപ്പറ്റിയാണ്).

പിരിമുറുക്കം ആണ് (പാക്ഷികമായെങ്കിലും) സുഖവും സൗന്ദര്യവും ഒക്കെ. അങ്ങനെയാണ് പ്രകൃതി നമ്മളെ ഉരുത്തിരിച്ചെടുത്തിരിയ്ക്കുന്നത്. പ്രകൃതി നമുക്ക് സുഖം തരുന്നതിന്റെ ഉദ്ദേശം അതിന്റേതായിട്ടുള്ള പ്രവൃത്തികൾ നമ്മൾ ചെയ്യണം എന്നതാണ്. സുഖവും വേദനയും നമ്മളെ പ്രകൃതിയുടെ മാർഗ്ഗത്തിൽ നടത്താനുള്ള ഉപാധികളാണ്.

33. ബോധത്തിനെ, അല്ലെങ്കിൽ അറിവിനെ, പറ്റിയുള്ള വലിയ ഒരു പ്രശ്നം എന്താണെന്ന് പറയട്ടെ: നമ്മൾ ഇപ്പോൾ ഒരു വസ്തു കാണുന്നുവെന്ന് വിചാരിയ്ക്കുക. വസ്തുവിൽ നിന്നുള്ള പ്രകാശരൂപമായ ഒരു ഉത്തേജനം കണ്ണിൽകൂടെ പോയി മസ്തിഷ്കത്തിലെ കാഴ്ചയുടെ സ്ഥലത്തെ ഉത്തേജിപ്പിയ്ക്കുന്നു. അപ്പോൾ അവിടെ വൈദ്യുതപ്രവർത്തനം ഉണ്ടാവുന്നു. ഒരു തരത്തിൽ അതുതന്നെയാണ് അറിവ്. പക്ഷെ, പലപ്പോഴും ആളുകൾ പിന്നെയും ചോദിയ്ക്കും: പക്ഷെ, അതൊരു വൈദ്യുതചലനം മാത്രമല്ലേ; ആരാണ് അതിനെ അറിയുന്നത്? എപ്പോഴും നമുക്ക് 'അതിന്റെ പിന്നിൽ' ഒരാളുണ്ട്. പക്ഷെ, ഈ ചിന്ത ശരിയാവാൻ സാദ്ധ്യതയില്ല. ആ 'പിന്നിലുള്ള ആൾ' ഈ വൈദ്യുതചലനത്തെ തന്നിൽത്തന്നെ ഏതെങ്കിലും വിധത്തിൽ പ്രതിനിധാനം (represent) ചെയ്യണമല്ലോ? പിന്നെ, ആ പ്രതിനിധാനത്തിന് പിന്നിൽ വേറെ ഒരു ആൾ വേണമല്ലോ, ആ പ്രതിനിധാനത്തെ അറിയാൻ? അങ്ങിനെ നോക്കുമ്പോൾ നമുക്ക് ലഭിയ്ക്കുന്നത് ഒരു 'അവസാനമില്ലാത്ത പിന്നോക്കം പോക്ക്' (infinite regression) ആയിരിയ്ക്കും. അപ്പോൾ എവിടെയെങ്കിലും ആ പോക്ക് നിർത്തണമെങ്കിൽ ഉടനെ നിർത്തുന്നതല്ലേ നല്ലത്? നമുക്ക് സമർത്ഥിക്കേണ്ടത് എന്താണെന്ന് വെച്ചാൽ ഈ മസ്തിഷ്കാന്തരസംഭവം തന്നെയാണ് അറിവ്.

ഒരുപക്ഷെ, നമുക്ക് പറ്റുന്ന തെറ്റ്, സാധാരണ അനുഭവങ്ങളുടെ കാര്യത്തിൽ നമുക്ക് പ്രയോജനകരമായിട്ടുള്ള ഒരു ചിന്താരൂപത്തെ (pattern of thinking) അതിന്റെ അതിർത്തിയ്ക്കു പുറത്ത് നമ്മൾ ഉപയോഗിയ്ക്കുന്നു എന്നതാണ്. സാധാരണ അനുഭവത്തെ സംബന്ധിച്ചിടത്തോളം, കാണുന്ന ആളും കാണുന്ന വസ്തുവും രണ്ടും വ്യത്യസ്തമാണ്. ഞാൻ നായയെ കാണുന്നു. ഞാൻ വേറെയാണ്, നായ വേറെയാണ്. എന്നാൽ ഈ ചിന്താരൂപത്തെ നമ്മൾ മസ്തിഷ്കത്തിലെ സംഭവത്തെപ്പറ്റി പറയുമ്പോൾ ഉപയോഗിയ്ക്കുന്നത്, ഒരു പക്ഷെ, തെറ്റായിരിയ്ക്കും. സങ്കല്പിക്കാൻ കുറച്ച് വിഷമമുള്ള കാര്യമാണ് ഇത്.

ഇതിനെപ്പറ്റി ആലോചിയ്ക്കുമ്പോൾ മനസ്സിന്റെ ഒരു 'വഴുക്കൽ' സംഭവിയ്ക്കാൻ എളുപ്പമാണ്. സാധാരണ ചിന്താരീതിയിലേയ്ക്കുള്ള ഒരു വഴുക്കൽ ആണോ സംഭവിയ്ക്കുന്നത്? അതോ ശരിയ്ക്കും അവിടെ അങ്ങിനത്തെ ഒരു ചോദ്യം അവശേഷിയ്ക്കുന്നുണ്ടോ? വളരെ വിഷമമായിട്ടുള്ള ഒരു പ്രശ്നം ആണ് അത്.

34. 'സെൻ ബുദ്ധമത' (zen buddhism)ത്തിൽ ചില മനസ്സിനെ കളിപ്പിയ്ക്കുന്ന പ്രശ്നങ്ങളെപ്പറ്റി ധ്യാനിയ്ക്കാൻ പറയുമല്ലോ, 'കോആൻ' (koan)എന്നാണ് അവയ്ക്ക് പേരുപറയുന്നത്. അങ്ങിനത്തെ ഒരു കോആൻ, 'നിങ്ങളുടെ അച്ഛനമ്മമാർ ജനിയ്ക്കുന്നതിന് മുമ്പ് നിങ്ങൾ എന്തായിരുന്നു' എന്നതിനെപ്പറ്റി ധ്യാനിയ്ക്കുകയാണ്. ആലോചിച്ചുനോക്കുക. തികഞ്ഞ ശൂന്യതയാണ് അനുഭവപ്പെടുക. അപ്പോൾ ഈ ശൂന്യതയിൽനിന്നാണ് നമ്മൾ ഉരുത്തിരിയുന്നത്. ഈ ശൂന്യതയിലേയ്ക്ക് തന്നെയാണ് നമ്മൾ മരണത്തിനുശേഷം എത്തിപ്പെടുന്നത്. അതായത് നമ്മളുടെ ജനനത്തിനും അച്ഛനമ്മമാരുടെ ജനനത്തിനും ഒക്കെ മുമ്പുള്ള നമ്മളുടെ സ്ഥിതിയുണ്ടല്ലോ, അതിലേയ്ക്കാണ് നമ്മൾ മരണത്തിനുശേഷം പോകുന്നത്. അപ്പോൾ ഇതിന്റെ രണ്ടിന്റേയും ഇടയിലാണ് നമ്മളുടെ ബോധവും മറ്റും. അപ്പോൾ പദാർത്ഥത്തിന്റെ അല്ലെങ്കിൽ മുമ്പുണ്ടായിരുന്നതിന്റെ ഘടനമൂലം സംഭവിയ്ക്കുന്ന ഒന്നായിരിയ്ക്കണം ബോധം. അല്ലാതെ ഒന്നും ആകാൻ പറ്റില്ല. അല്ലെങ്കിൽ പിന്നെ മതത്തിന്റെ പാതയെടുക്കണം. ജനിയ്ക്കുന്ന സമയത്ത് ആരെങ്കിലും വന്ന് നമ്മൾക്കുള്ളിലൊരു ആത്മാവിനെ കടത്തി വിടുക; ആ ആത്മാവ് നമ്മൾ മരിയ്ക്കുന്ന സമയത്ത് വായിൽക്കൂടി പുറത്തേയ്ക്ക് പോകുക - ഇതൊക്കെ പഴയ പ്രാകൃത ചിന്തയുടെ അവശിഷ്ടങ്ങളാണ്. ബുദ്ധമതത്തിന്റെ നിലപാട് നമ്മൾ (ഈ അർത്ഥത്തിൽ) ശൂന്യം ആണെന്നാണ്. നമ്മുടെ സത്വം (self) എന്നു പറയുന്നത് ഒരു വളരെ താൽക്കാലികം ആയിട്ടുള്ള സംഘാതമാണ്. തീ മാതിരി. തീ എന്നു പറയുന്നത് ഒരു പ്രക്രിയയാണ്. എവിടെയായിരുന്നു തീ മുമ്പ് എന്ന് ചോദിയ്ക്കുന്നതും, തീ കെട്ടതിനുശേഷം എവിടേയ്ക്കാണ് തീ പോയത് എന്നു ചോദിയ്ക്കുന്നതും നിരർത്ഥകമാണ്.

'ബോധം' എന്നൊന്ന് ഉണ്ടെന്നു

ള്ളത് നമുക്ക് അനുഭവം ആണ്. പക്ഷെ, ആ ബോധം പദാർത്ഥത്തിന്റെ ഒരു പ്രക്രിയ അല്ല, പുറത്തുനിന്ന് ആരോ ഉള്ളിൽ വയ്ക്കുന്നതാണ് എന്നുള്ള വാദം എനിയ്ക്ക് സമ്മതിയ്ക്കാൻ വിഷമം തോന്നുന്നുണ്ട്. പക്ഷെ, ഒന്നുണ്ട്. നമ്മൾ പദാർത്ഥത്തിനെപ്പറ്റി ഗവേഷണം ചെയ്യുമ്പോൾ കാണുന്നത് അത് ഊർജ്ജം ആണെന്നാണ്. നമുക്ക് പദാർത്ഥം എന്താണെന്നുള്ളത് മനസ്സിലായിട്ടില്ല. ഒരു പക്ഷെ, പദാർത്ഥം നമ്മൾ ഒരിയ്ക്കലും വിഭാവനം ചെയ്തിട്ടില്ലാത്ത ഗുണങ്ങളുള്ള ഒന്നാണെന്ന് വരാം.

35. മസ്തിഷ്കത്തിൽ നടക്കുന്ന ആ ചലനസംഭവം തന്നെയാണ് അറിവ് എന്ന് പറഞ്ഞുവല്ലോ. ഇത്തരം വൈദ്യുതപ്രക്രിയകൾ പക്ഷെ, ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്നുണ്ട്. അതൊന്നും നമുക്ക് ബോധം ആവുന്നില്ല. ശരീരത്തിന്റെ സെല്ലുകളിൽ എപ്പോഴും വൈദ്യുതപ്രക്രിയകൾ നടക്കുന്നുണ്ട്. പക്ഷെ, ശരീരഘടനയുടെ ഒരു പ്രത്യേക ഭാഗത്ത്, മസ്തിഷ്കത്തിൽ, നടക്കുന്ന പ്രക്രിയയ്ക്ക് ഒരു വിശേഷവിധിയുണ്ടെന്ന് പറയേണ്ടിവരും. അത്, അത് മാത്രം, എങ്ങനെയാണ് ബോധം ആവുന്നത് എന്നുള്ളത് ഒരു ചോദ്യമാണ്. കാര്യങ്ങൾ ഇങ്ങനെയല്ലായിരുന്നുവെങ്കിൽ വൈദ്യുതപ്രക്രിയയുടെ തന്നെ ഒരു ഗുണം ആണ് ബോധം എന്ന് പറയാമായിരുന്നു. പക്ഷെ, ഇപ്പോൾ അങ്ങിനെ വാദിയ്ക്കുകയാണെങ്കിൽ തിരിച്ചുചോദിയ്ക്കാം എന്തുകൊണ്ട് എന്റെ ശരീരത്തിലെ മറ്റു ഭാഗങ്ങളിലുണ്ടാകുന്ന വൈദ്യുതപ്രക്രിയകൾ ബോധത്തിൽ വരുന്നില്ല എന്ന്. വലിയ ചോദ്യങ്ങളാണ് ഇതൊക്കെ.

***36. സമുദായത്തിൽ കാണുന്ന ദേശം, മതം തുടങ്ങിയവയെപ്പറ്റിയുള്ള വർഗ്ഗബോധങ്ങൾ - class identification - ഇവയെപ്പറ്റി എന്തു പറയാം?***

ഞാൻ ഒരു മുസ്ലീമാണ്, ഹിന്ദുവാണ്, നായരാണ്, ഇംഗ്ലീഷുകാരനാണ്, ചൈനക്കാരനാണ് എന്ന തരത്തിലുള്ള 'സത്വ കല്പനകൾ' (identities) ഉണ്ടല്ലോ. ഇതൊക്കെ മനസ്സിന്റെ വളരെ ഉപരിതലത്തിൽ നടക്കുന്ന സംഭവങ്ങളാണ്. ഇത് ആലോചിച്ചാൽ മനസ്സിലാവും. ഒരു കുട്ടി ജനിയ്ക്കുന്നത് മുസ്ലീമായിട്ടോ ഹിന്ദുവായിട്ടോ അല്ല. പിന്നീടുള്ള, ശൈശവാദ്യത്തിൽ തന്നെയുള്ള, ബോധിപ്പിയ്ക്കലുകൾ ആണ് നമുക്ക് ഈ സത്വകല്പനകൾ തരുന്നത്. ഇത്തരം സത്വകല്പനകൾ സമുദായത്തിന്റെ ദൃഢതയ്ക്ക് ആവശ്യമായിരിയ്ക്കാം. കാരണം എല്ലാ മനുഷ്യസമുദായങ്ങളിലും ഇത്തരം ബോധങ്ങൾ ഉണ്ട്. പക്ഷെ, നമ്മൾ മനുഷ്യന്റെ പ്രകൃതിയെപ്പറ്റി പഠനം നടത്തുമ്പോൾ ആദ്യമായിട്ട് കാണുന്നത് ഈ സത്വകല്പനകളുടെ ഉപരിപ്ലവതയാണ്. കാരണം ഈ സത്വകല്പനകൾ മാറ്റാൻ പറ്റും. ഒരാൾക്ക് മതപരിവർത്തനം ചെയ്യാം. 'ഞാൻ ഇന്ത്യക്കാരനാണ്' എന്ന് അഭിമാനിച്ചുകൊണ്ടിരിയ്ക്കുന്ന ഒരാൾ കാനഡയിൽ പോയി പൗരത്വം എടുത്താൽ ക്രമേണ അയാളുടെ ദേശാഭിമാനം മാറാം. അയാൾ കാനഡക്കാരനാണെന്നുള്ള ബോധം വരാം. അപ്പോൾ ഇത്തരം വർഗ്ഗാഭിമാനങ്ങൾക്ക് വലിയ സ്ഥിരതയൊന്നുമില്ല.

37. ഭാഷയെപ്പറ്റിയും ഇത്തരം അഭിമാനങ്ങളും മമതാബന്ധങ്ങളും ഉണ്ട്. ഭാഷയെപ്പറ്റിയുള്ള സാമൂഹ്യപഠനത്തിൽ (sociology of language) എപ്പോഴും അതിനെപ്പറ്റി പറയാറുണ്ട്. 'എന്റെ ഭാഷ ഭംഗിയുള്ള ഭാഷയാണ്' എന്ന വാദം. ഹൈദരാബാദിൽ ചെന്ന് നിങ്ങൾ സാധാരണക്കാരോട് ചോദിച്ചിട്ടുണ്ടെങ്കിൽ ഒരുത്തൻ പറയും തെലുങ്ക് എന്ത് ഭംഗിയുള്ള ഭാഷയാണ് എന്ന്. അവിടത്തെ മുസ്ലീം പറയും ഉറുദു ഭംഗിയുള്ള ഭാഷയാണ് എന്ന്. ഈ 'ഭാഷ ഭംഗിയുള്ളത് ആണ്' എന്നുള്ള പറച്ചിലിന് ഭാഷാശാസ്ത്രത്തിൽ യാതൊരു അർത്ഥവുമില്ല. എനിയ്ക്ക് ഈ ഭാഷ ഇഷ്ടമാണെന്ന് പറയുന്നത്ര അർത്ഥമേയുള്ളൂ. അതേപോലെതന്നെ 'ശുദ്ധഭാഷ' എന്നുപറയുന്നതിനും യാതൊരു അർത്ഥവുമില്ല, ഭാഷാശാസ്ത്രത്തിൽ. സംസ്കൃതം അന്നത്തെ ചില സംസാരഭാഷകളിൽനിന്ന് പരിഷ്കരിച്ചെടുത്തിട്ടുള്ള ഭാഷ ആണ് എന്നാണ് പറഞ്ഞുവരുന്നത്. പക്ഷെ, പരിഷ്കരണം എന്ന ആ ആശയത്തിന് ഭാഷാശാസ്ത്രത്തിൽ യാതൊരു അർത്ഥവുമില്ല.

എഴുതുമ്പോൾ നമ്മൾ ഉപയോഗിയ്ക്കുന്ന 'നിലവാരമുള്ള ഭാഷ' (standard language) എന്ന സാധനമുണ്ടല്ലോ, അത് അധികാരം കൈയ്യാളിയ ഒരു ദേശ്യഭാഷ (dialect) മാത്രമാണ് - പല ദേശ്യഭേദങ്ങളുള്ളതിൽ ഒന്ന്. ഇംഗ്ലീഷിലെ standard english ഉണ്ടല്ലോ; അത് ലണ്ടനിലെ കൂലിവേലക്കാർ സംസാരിയ്ക്കുന്ന 'കോക്ക്നി' (cockney) ഇംഗ്ലീഷുമായിട്ട് താരതമ്യപ്പെടുത്തുമ്പോൾ, എന്തുകൊണ്ടാണ് ആദ്യത്തേത് നിലവാരഭാഷ ആയത്, മറ്റേതിനെ അപേക്ഷിച്ച്? എന്തുകൊണ്ടെന്നാൽ അതാണ് അധികാരത്തിലിരിയ്ക്കുന്ന വർഗ്ഗം സംസാരിയ്ക്കുന്ന ഭാഷ.

ഭാഷകൾ വേർതിരിച്ചറിയുന്ന കാര്യത്തിലും അധികാരത്തിന്റെ കളികൾ നടക്കുന്നുണ്ട്. ഒരു രസകരമായ കാര്യം പറയാം. ഒരു നൂറു കൊല്ലം മുമ്പുവരെ (എനിയ്ക്ക് കൃത്യമായിട്ട് അറിയില്ല) ഇന്ന് നമ്മൾ നോർവേ എന്നുപറയുന്ന ഭൂവിഭാഗം സ്വീഡനിലെ രാജാവിന്റെ കീഴിലായിരുന്നു. അന്ന് നോർവീജിയൻ എന്നുപറയുന്ന ഭാഷയെപ്പറ്റി കേട്ടിരുന്നില്ല. കാരണം അന്നത്തെ നിലപാട് നോർവീജിയൻ എന്നത് സ്വീഡിഷ് ഭാഷയുടെ ഒരു ദേശ്യഭേദം മാത്രമാണെന്നായിരുന്നു. പക്ഷെ, പിന്നീട് നോർവെക്കാർ സമരം ചെയ്ത് സ്വീഡിഷ് രാജാവിൽനിന്ന് മുക്തരായി അവരുടെ രാജ്യം സ്ഥാപിച്ചപ്പോൾ, പെട്ടെന്ന് നോർവീജിയൻ എന്നൊരു ഭാഷയുണ്ടായി. എങ്ങിനെയാണ് അതുണ്ടായത്? ആരോ പറഞ്ഞപോലെ, ഒരു ഭാഷയെന്ന് പറയുന്നത്, കൊടിയും പട്ടാളവും ഉള്ള ദേശ്യഭാഷ മാത്രമാണ്! ഇപ്പോൾ ഹിന്ദിയിൽ പല ദേശ്യഭേദങ്ങളും ഉണ്ടെന്ന് പറയുന്നു. മൈഥിലി ഹിന്ദിയുടെ ദേശ്യഭേദം ആണെന്നാണ് വെപ്പ്. പക്ഷെ, ഹിന്ദിയും മൈഥിലിയുമായിട്ട് അത്രയൊന്നും സാമ്യമില്ല. അല്ലെങ്കിൽ മറ്റ് ഉത്തരേന്ത്യൻ ഭാഷകൾ തമ്മിലുള്ള സാമ്യമേ ഉള്ളൂ. ശരിയായ മൈഥിലി സംസാരിക്കുന്ന ഒരാൾ ഹിന്ദിക്കാരനുമായിട്ട് സംസാരിച്ചാൽ തമ്മിൽ മനസ്സിലാവില്ല. മൈഥിലിയും ഹിന്ദിയും തമ്മിലുള്ള വ്യത്യാസം ഒരുപക്ഷെ, ബംഗാളിയും ഹിന്ദിയും തമ്മിലുള്ള വ്യത്യാസത്തിനേക്കാളും കൂടുതലാണ്. എന്നാൽ ബംഗാളി നമ്മൾ ഒരു വേറെ ഭാഷയായി കരുതുകയും മൈഥിലിയെ

ഹിന്ദിയുടെ ഒരു ദേശ്യഭേദമായിട്ട് കരുതുകയും ചെയ്യുന്നു. ഇത് വെറും രാഷ്ട്രീയമായ കാരണങ്ങൾകൊണ്ടാണ്. ബംഗാളിനു പണ്ടുമുതൽക്കേ രാഷ്ട്രീയാധികാരം ഉണ്ടായിരുന്നു. അതുകൊണ്ട് ബംഗാളി ഒരു ഭാഷയായി. എന്നാൽ ബംഗാളികൾക്ക് അധികാരം ഉണ്ടായിരുന്നില്ലെങ്കിൽ ഒരുപക്ഷെ, അതിനെ ഹിന്ദിയുടെ ഒരു ദേശ്യം ആയിട്ട് കരുതുമായിരുന്നു. അടുത്ത കാലംവരെ ഒറിയ ബംഗാളിയുടെ ഒരു ദേശ്യഭേദം എന്നാണ് ബംഗാളികൾ പറഞ്ഞിരുന്നത്.

നേരത്തെ പറഞ്ഞപോലെ ഒരു ഭാഷ 'ശുദ്ധം' ആണെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഉദാഹരണത്തിന് 'ശുദ്ധഹിന്ദി' എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത് ഉറുദു വാക്കുകളൊക്കെ നീക്കി സംസ്കൃത വാക്കുകൾ പകരം ഉപയോഗിയ്ക്കുകയെന്നുള്ളതാണ്. അങ്ങിനെ ചെയ്തോളൂ, അതുകൊണ്ട് വിഷമം ഒന്നുമില്ല. പക്ഷെ, അത് 'ശുദ്ധം' ആണ്, അല്ലെങ്കിൽ 'കലർപ്പുള്ളത്' ആണ്, എന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അതുപോലെതന്നെ ഒരു ഭാഷ കൂടുതൽ സങ്കീർണ്ണമാണ് മറ്റേതിനേക്കാളും എന്ന് പറയുന്നതിലും അർത്ഥമില്ല. ഒരു പൊതുധാരണയുണ്ട്, പ്രാകൃതവർഗ്ഗങ്ങൾ സംസാരിക്കുന്ന ഭാഷ വളരെ ലളിതമാണ്, അതിനു വലിയ വ്യാകരണമൊന്നും ഇല്ല എന്ന്. വാക്യഘടന (syntax) പഠിയ്ക്കുമ്പോൾ നമ്മൾ കാണുന്ന ഒരു കാര്യം ഇംഗ്ലീഷിന്റെ വ്യാകരണം പോലെ തന്നെ, അത്രതന്നെ, സങ്കീർണ്ണം ആണ് ആഫ്രിക്കയിലെ പിഗ്മികൾ (pygmy) സംസാരിയ്ക്കുന്ന ഭാഷയും. പിഗ്മി ഭാഷയിൽ വാക്കുകൾ അത്രതന്നെ കാണില്ല. കാരണം, അവർ സയൻസും മറ്റു വിഷയങ്ങളും ഒന്നും തൊട്ടിട്ടില്ല. അപ്പോൾ അവർക്ക് വാക്കുകൾ ചുരുക്കമായിരിയ്ക്കും. പക്ഷെ, അവരുടെ ഭാഷയുടെ ഘടനാനിയമങ്ങൾ ഉണ്ടല്ലോ, ലോകത്തിലെ ഏത് ഭാഷയെപ്പോലെയും തന്നെ സങ്കീർണ്ണമാണ് അത്. അതിന്റെ കാരണം ഒരു ഭാഷയുടെ ഘടനയുടെ സങ്കീർണ്ണത നിശ്ചയിക്കപ്പെടുന്നത് ജീവശാസ്ത്രപരമായിട്ടാണ്, നമ്മുടെ മസ്തിഷ്കത്തിലെ ഭാഷാകഴിവ് സ്ഥിതിചെയ്യുന്ന ഭാഗത്താണ്. അപ്പോൾ പിഗ്മിയുടെ ഹൃദയത്തിന്റെ ഘടനയും അമേരിയ്ക്കക്കാരന്റെ ഹൃദയത്തിന്റെ ഘടനയും ഒന്നാണെന്ന് പറയുന്നപോലെ മാത്രമാണ് അവരുടെ രണ്ടു പേരുടെയും ഭാഷയുടെ ഘടന ഒരേ സങ്കീർണ്ണതാനിലവാരം ഉള്ളത് ആണെന്ന് പറയുന്നത്.

38. അമേരിയ്ക്കയിലെ ഒരു പ്രസിദ്ധ സാമൂഹ്യഭാഷാശാസ്ത്രജ്ഞൻ (sociolinguist) ആയ വില്യം ലബോവ് (William Labov) അമേരിയ്ക്കയിലെ കറുത്തവർഗ്ഗക്കാരുടെ ഇംഗ്ലീഷ് അപഗ്രഥിച്ച് പഠിച്ചിട്ടുണ്ട്. അദ്ദേഹം ആ പഠനം നടത്തിയത് 1960-കളിലാണ്. ആ പഠനത്തിന് പ്രചോദനമായത് അമേരിയ്ക്കക്കാർക്ക് പൊതുവായിട്ടുണ്ടായിരുന്ന ഒരു വിശ്വാസമാണ്, കറുത്തവർ വ്യാകരണമൊന്നും ഇല്ലാതെയാണ് ഇംഗ്ലീഷ് സംസാരിക്കുന്നത് എന്ന്. ഒരു ഭാഷയ്ക്ക് വ്യാകരണം ഇല്ലായെന്ന് പറയുന്നത് അസംബന്ധം ആണ്. ഭാഷാശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ ആ പ്രസ്താവനയ്ക്ക് അർത്ഥമില്ല. വില്യം ലബോവ് ചെയ്തതെന്തെന്നാൽ, അദ്ദേഹം നീഗ്രോകളുടെ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് അതിനെ അപഗ്രഥിച്ചു. അദ്ദേഹം ലോകർക്ക് പ്രസിദ്ധം ചെയ്ത ഗവേഷണഫലം കാണിച്ചു, 'കറുത്ത ഇംഗ്ലീഷ്' (black english) 'വെളുത്ത ഇംഗ്ലീഷി'നോളം തന്നെ വ്യാകരണനിയമങ്ങളാൽ ബദ്ധമാണ്; ആ നിയമങ്ങൾ അല്പം വ്യത്യസ്തമാണ് എന്ന് മാത്രം. അല്ലാതെ ഒന്നിന് കുറച്ച് വ്യാകരണവും മറ്റേതിന് കൂടുതൽ വ്യാകരണവും ഉണ്ടെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അങ്ങിനെ നോക്കുമ്പോൾ, ഭാഷയുടെ മൗലികസ്വഭാവത്തെപ്പറ്റിയുള്ള ഭാഷാശാസ്ത്രത്തിന്റെ അറിവുകൾ സമുദായത്തിൽ നിലനില്ക്കുന്ന പല തെറ്റിദ്ധാരണകൾക്കും നീരസങ്ങൾക്കും മറുപടിയാണ്. ഇതുപോലെത്തന്നെയാണ് മനുഷ്യവർഗ്ഗങ്ങളെ (human races-നെ) കുറിച്ചുള്ള ഉൽക്കർഷ - അപകർഷവാദങ്ങളും. ശാസ്ത്രജ്ഞാനം ഇത്തരത്തിലുള്ള പൊതുധാരണകളും ദൂരീകരിയ്ക്കും. പൊതുധാരണകൾ പലപ്പോഴും വളരെ വിഷമങ്ങൾ ഉണ്ടാക്കുന്ന കാര്യങ്ങളാണ്.

> എപ്പോഴാണ് ഒരു പുതിയ ഭാഷയുണ്ടാകുന്നത്? മലയാളത്തിന്റെ ചരിത്രത്തിലേക്ക് പോകുമ്പോൾ നമ്മൾ കാണുന്നത് തമിഴിനോട് വളരെ അടുത്ത ഒരു ഭാഷയെയാണ്. അപ്പോൾ എപ്പോഴാണ് നമ്മൾ ഒരു വര വരച്ചിട്ട് ഇതിന് ശേഷം മലയാളം ആണ്, ഇതിനുമുമ്പ് തമിഴാണ് എന്ന് പറയുന്നത്? അത് ഒരു സങ്കല്പിച്ചുള്ള വരയാണ്. അതിന് ശരിയ്ക്കുള്ള ഒരു യുക്തിയൊന്നും കാണാൻ പറ്റില്ല. ഒരു വര വരയ്ക്കുകയാണ്.

*39 എപ്പോഴാണ് ഒരു ദേശ്യഭേദം ഭാഷയാകുന്നത്? എങ്ങിനെയാണ് ഒരു പുതിയ ഭാഷ ഉണ്ടാകുന്നത്?*

ഒരു ദേശ്യഭേദത്തെ ഭാഷയായി അവരോധിക്കുമ്പോൾ വാസ്തവത്തിൽ ഭാഷയിൽ പ്രത്യേകിച്ച് ഒന്നും സംഭവിച്ചിട്ടില്ല. നമ്മൾ ഭാഷയുടെ വസ്തുതകളെ കാണുന്നതിൽ മാത്രമാണ് ഒരു വ്യത്യാസം. നോർവീജിയയുടെ കാര്യമെടുക്കൂ. നോർവീജിയൻ പെട്ടെന്ന് ഉണ്ടായതല്ല. നോർവീജിയൻ മുമ്പും ഉണ്ടായിരുന്നു. അതുമാത്രമല്ല, നോർവീജിയയുടെ അകത്ത് തന്നെ അതിന്റെ അവാന്തരവിഭാഗങ്ങളായി പല ദേശ്യഭേദങ്ങളും ഇന്ന് നിലനില്ക്കുന്നുണ്ടാവാം. അതിനെ ഒന്നും നോർവേക്കാർ വേറെ ഭാഷയായി കാണു

ന്നില്ല. എപ്പോഴും ഭാഷകളിൽ പല ദേശ്യഭേദങ്ങളും ഉണ്ടാകും. എപ്പോഴാണ് അത് ഒരു ദേശ്യഭേദം മാത്രമായി കഴിയുന്നതെന്നും, എപ്പോഴാണ് അത് ഒരു സ്വതന്ത്രഭാഷയാകുന്നതെന്നും ഉള്ളത് ഒരു രാഷ്ട്രീയതീരുമാനം ആണ്, പലപ്പോഴും.

ഇപ്പോൾ നിങ്ങൾ നിലവാരമലയാളം അല്ലാത്ത ഒരു മലയാള ദേശ്യഭേദം എടുത്തിട്ട് അത് എഴുതാൻ ശ്രമിച്ചുനോക്കൂ. കുറച്ചുകഴിഞ്ഞാൽ ഒരുപക്ഷെ, അത് അവിടത്തെ നിലവാരഭാഷ ആകാം. പക്ഷെ, അതിനെ എഴുത്തുഭാഷയാക്കി എടുക്കാൻ ബലം കൊടുക്കുന്നത് പലപ്പോഴും അധികാരം ആണ്. ഇപ്പോൾ നമ്മളൊക്കെ സംസാരിക്കുന്ന ഭാഷയും എഴുതുന്ന ഭാഷയും വ്യത്യസ്തമാണ്. എന്റെ സംസാരം ഭാഷയിൽ 'സീത' എന്ന വാക്കിന്റെ കർമ്മവിഭക്തി രൂപം (accusative case) 'സീതേനെ' എന്നാണ്. എന്നാൽ ഞാൻ ഒരിയ്ക്കലും 'സീതേനെ' എന്നെഴുതില്ല. 'സീതയെ കണ്ടോ' എന്നേ എഴുതുകയുള്ളൂ.

എപ്പോഴാണ് ഒരു പുതിയ ഭാഷയുണ്ടാകുന്നത്? മലയാളത്തിന്റെ ചരിത്രത്തിലേക്ക് പോകുമ്പോൾ നമ്മൾ കാണുന്നത് തമിഴിനോട് വളരെ അടുത്ത ഒരു ഭാഷയെയാണ്. അപ്പോൾ എപ്പോഴാണ് നമ്മൾ ഒരു വര വരച്ചിട്ട് ഇതിന് ശേഷം മലയാളം ആണ്, ഇതിനുമുമ്പ് തമിഴാണ് എന്ന് പറയുന്നത്? അത് ഒരു സങ്കല്പിച്ചുള്ള വരയാണ്. അതിന് ശരിയ്ക്കുള്ള ഒരു യുക്തിയൊന്നും കാണാൻ പറ്റില്ല. ഒരു വര വരയ്ക്കുകയാണ്.

പക്ഷെ, ചരിത്രപരമായ കാരണങ്ങൾക്കൊണ്ട് പെട്ടെന്ന് ഒരു ഭാഷയിൽ വലിയ മാറ്റങ്ങൾ ഉണ്ടാകാം. ഇംഗ്ലീഷിന് അങ്ങിനെയാണ് സംഭവിച്ചത്. Angles, Saxons എന്നൊക്കെ പേരുള്ള ഗോത്രവർഗ്ഗങ്ങൾ ഇംഗ്ലണ്ടിൽ കുടിയേറ്റം നടത്തി. അങ്ങനെയാണ് Anglo-saxon എന്ന ഭാഷ അവിടെ ഉണ്ടായത്. ഈ Anglo-Saxon തന്നെയാണ് Old English എന്ന് പറയുന്നത്. അത് ഇപ്പോൾ നമുക്ക് വായിച്ചാൽ മനസ്സിലാവില്ല. Old English സംസ്കൃതം മാതിരിയാണ്. (അത് ഒരു Indo- European ഭാഷ ആയിരുന്നല്ലോ). സംസ്കൃതത്തിൽ വിഭക്തി പ്രത്യയങ്ങൾ ഉള്ള പോലെ, Old English-ലും വിഭക്തി പ്രത്യയങ്ങളുണ്ട്. ഞങ്ങൾ Old English പഠിയ്ക്കുമ്പോൾ അതൊക്കെ ഉരുവിട്ട് പഠിച്ചിരുന്നത് ഓർക്കുന്നുണ്ട്. ഈ ഭാഷയ്ക്ക് പെട്ടെന്ന് മാറ്റം സംഭവിയ്ക്കുന്നത് നോർമൻകാർ (Normans) ഇംഗ്ലണ്ട് കീഴടക്കിയപ്പോഴാണ് - AD 1066ൽ. നോർമൻകാരുടെ ഭാഷ ഫ്രഞ്ച് ആയിരുന്നു. അങ്ങിനെ ഫ്രഞ്ച് സംസാരിക്കുന്നവർ രാഷ്ട്രീയാധികാരം എടുക്കുകയും കുറെകാലത്തേയ്ക്ക് ഇംഗ്ലണ്ടിലെ ഭരണഭാഷ ഫ്രഞ്ച് ആവുകയും ചെയ്തു. അതിനുശേഷമാണ് നമ്മളുടെ Modern English ഉണ്ടാകുന്നത്. Modern English അല്ല, Middle English ഉണ്ടാകുന്നത്. പെട്ടെന്ന് വലിയ മാറ്റങ്ങൾ ഉണ്ടായി. ഫ്രഞ്ചുമായുള്ള അമിതമായ സങ്കരം കാരണം ഇംഗ്ലീഷിലെ വിഭക്തി പ്രത്യയങ്ങൾ ഇല്ലാതായി. ഇപ്പോൾ ഇംഗ്ലീഷിൽ വിഭക്തിപ്രത്യയങ്ങൾ ഇല്ലല്ലോ. ഇംഗ്ലീഷിൽ prepositions മാത്രമേ ഉള്ളൂ. അതൊക്കെ സംഭവിയ്ക്കുന്നത് ഈ കാലത്താണ്. രണ്ടു ഭാഷകൾ തമ്മിൽ പെട്ടെന്നുള്ള കൂടിച്ചേരൽകൊണ്ട്, രണ്ടുമൂന്ന് പുരുഷായുസ്സുകൾ കൊണ്ട് വലിയ മാറ്റങ്ങൾ ഉണ്ടാകാം. (വിഭക്തി പ്രത്യയങ്ങൾ എന്നു വച്ചാൽ നാമങ്ങളുടെ case endings. ഇംഗ്ലീഷിൽ ഇന്ന് ഒരൊറ്റ case ending -ഏ ഒള്ളൂ - possessive: John - John's. 'John saw Mary' എന്നുള്ളതിൽ Johnനും പ്രത്യയമില്ല, Maryയ്ക്കും പ്രത്യയമില്ല).

വിഭക്തി പ്രത്യയങ്ങൾ പോയതോടുകൂടി വാക്കുകളുടെ അനുക്രമം (word order) മാറി. Old Englishന്റെ അനുക്രമം സംസ്കൃതത്തിന്റെ അനുക്രമം ആയിരുന്നു; അതായത്, കർത്താവ് - കർമ്മം - ക്രിയ. ഉദാ: 'രാമൻ സീതയെ കണ്ടു'. വിഭക്തി പ്രത്യയങ്ങൾ പോയതോടുകൂടി എന്തോ കാരണംകൊണ്ട് ഇപ്പോഴത്തെ ഇംഗ്ലീഷ് അനുക്രമം വന്നു: John saw Mary. ഒക്കെ വളരെ ചെറിയ ഒരു കാലയളവിൽ വന്ന മാറ്റങ്ങളാണ്. ഭാഷ അപ്പാടെ മാറി. അലകും പിടിയും മാറി. അപ്പോൾ ഒരു വര വരച്ചിട്ട് നമ്മൾക്ക് പറയാൻ കഴിയും, ഇതിനുമുമ്പ് Old English ആണ്, ഇതിനുശേഷം Middle English ആണ് എന്ന്. (Middle English ചോസർ (chaucer)ടെ ഭാഷയാണ്).

Old English പല കാര്യങ്ങളിലും നമ്മുടെ ഭാഷയെപ്പോലെ ആയിരുന്നു. ഉദാഹരണത്തിന്, നമ്മുടെ ഭാഷകളിൽ 'എനിക്ക് ഇത് ഇഷ്ടമാണ്' എന്ന് പറയും, വാക്ക് വാക്കായി തർജ്ജമ ചെയ്താൽ, 'To me this likes. ഇംഗ്ലീഷിൽ 'I like this' എന്നാണ് പറയുക. പക്ഷെ, Old English-ൽ 'To me this likes' എന്ന തരത്തിലാണ് പറഞ്ഞിരുന്നത്.

ഭാഷകളിലെ മാറ്റങ്ങളെപ്പറ്റി ഒന്നു മനസ്സിലാക്കണം. പദങ്ങൾ മാറാൻ എളുപ്പമാണ്. പക്ഷെ, പ്രത്യയങ്ങൾ, വാക്കുകളുടെ അനുക്രമം മുതലായതൊക്കെ മാറുന്നത് വളരെ സംഘർഷമുള്ള അവസരങ്ങളിൽ മാത്രമാണ്. പല ചരിത്രപരമായ കാരണങ്ങൾകൊണ്ട് വാക്കുകൾ അവിടെനിന്നും ഇവിടെനിന്നും ഒക്കെ കടമെടുക്കാം. പക്ഷെ, നമ്മുടെ വ്യാകരണം അങ്ങനെ പെട്ടെന്ന് മാറില്ല. വ്യാകരണം മാറാൻ വളരെ സംഘർഷം വേണം.

### 40. *ചോംസ്കിയുടെ ഭാഷാശാസ്ത്രവും രാഷ്ട്രീയ നിലപാടും തമ്മിലുള്ള ബന്ധം?*

ചോംസ്കിയോട് എപ്പോഴും ചോദിയ്ക്കപ്പെടുന്ന ഒരു ചോദ്യമാണ് ഇത്. അദ്ദേഹത്തിന്റെ അഭിമുഖങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ ആരെങ്കിലും ഇത് ചോദിയ്ക്കാതിരിയ്ക്കില്ല: നിങ്ങളുടെ political philosophy-ഉം നിങ്ങളുടെ lingustics-ഉം തമ്മിൽ എന്താണ് ബന്ധം? അദ്ദേഹം എന്താണ് ഉത്തരം പറഞ്ഞിരുന്നത്? അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ - Knowledge of language (praeger, 1986) ഈ രണ്ട് വ്യത്യസ്ത തുറകളിൽ താൻ അഭിമുഖീകരിയ്ക്കുന്ന ചോദ്യങ്ങളെ 'പ്ലേറ്റോവിന്റെ പ്രശ്നം, ഓർവെല്ലിന്റെ പ്രശ്നം (Plato's problem and Orwells problem) എന്ന് വിശേഷിപ്പിക്കുന്നുണ്ട്. പ്ലേറ്റോവിന്റെ പ്രശ്നമാണ് ഭാഷാശാസ്ത്രത്തിന്റെ പ്രശ്നം: കുട്ടികൾ ഇത്ര തുച്ഛമായ ഭാഷാനുഭവത്തെ അടിസ്ഥാനമാക്കി എങ്ങിനെ ഇത്ര സങ്കീർണ്ണമായ ഒരു ഘടനയെ, അവരുടെ ഭാഷയുടെ വ്യാകരണത്തെ, വികസിപ്പിച്ചെടുക്കുന്നു എന്നുള്ളത്. അതിന് ഒരു ഉത്തരം കാണണമെങ്കിൽ, ജന്മസിദ്ധമായ ആന്തരികഘടനകൾ സങ്കല്പിച്ചേ പറ്റൂ. ജന്മജസിദ്ധാന്തം വളരെ ശക്തമായിട്ടുള്ള ഒന്നാണ്.

### 41 *ചോംസ്കി cartesian ആണെന്ന് പറയാൻ കാരണം?*

Cartesian അതായത് ഡേക്കാർട്ടിന്റെ അനുയായി - ആണെന്ന് പറയാൻ കാരണം ഇതാണ്: ഡേക്കാർട്ട് (Descartes) ആണല്ലോ പാശ്ചാത്യചിന്തകരുടെ കൂട്ടത്തിൽ ആദ്യമായി പറഞ്ഞത്, മനസ്സിന് സ്വത:സിദ്ധമായ - അനുഭവത്തിൽനിന്ന് ലഭിച്ചതല്ലാത്ത - ആശയങ്ങൾ ഉണ്ട് എന്ന്. ഡേക്കാർട്ടിന്റെ ഈ വാദത്തെ നിരാകരിച്ചുകൊണ്ടാണ് അനുഭവവാദത്തിന്റെ ആചാര്യൻ ലോക്ക് (Locke) പറഞ്ഞത്, മനുഷ്യമനസ്സ് ഭൂമിയിലേയ്ക്ക് വരുന്നത് ഒരു 'എഴുതപ്പെടാത്ത എഴുത്തുപലക' (tabula rasa) ആയിട്ടാണ്; എന്നിട്ട് അതിന്റെ മുകളിൽ അനുഭവം എഴുതുന്നതാണ് നമ്മുടെ അറിവ് മുഴുവൻ, എന്ന്. അനുഭവവാദി പറയുന്നു, നമ്മൾ ഒരു നായയെ കാണുന്നു, വേറൊരു നായയെ കാണുന്നു, മൂന്നാമത് ഒരു നായയെ കാണുന്നു; സാധാരണീകരണം കൊണ്ട് നമ്മൾ 'നായ' എന്നുള്ള ഒരു ആശയം സമ്പാദിയ്ക്കുന്നു. അമിതലളിതം (simplistic) ആയിട്ടുള്ള ഒരു സമീപനമാണ് ഇത്. വെറും സാധാരണീകരണം കൊണ്ട് നമ്മുടെ സങ്കീർണ്ണമായ വിജ്ഞാനങ്ങളെ ഉല്പാദിപ്പിക്കാൻ പറ്റില്ല. അവയ്ക്ക് ആധാരം വേണമെങ്കിൽ, ജന്മസിദ്ധമായ ഘടനകൾ നമ്മുടെ മനസ്സിൽ മുമ്പേതന്നെ ഉണ്ടായിരുന്നിരിക്കണം എന്ന് സങ്കല്പിച്ചേ പറ്റൂ. ഇതൊക്കെതന്നെയാണല്ലോ ചോംസ്കി ഭാഷാജ്ഞാനത്തെപ്പറ്റി പറയുന്നത്. അതുകൊണ്ടാണ് അദ്ദേഹം cartesian ആണ് എന്ന് പറയുന്നത്. നമ്മൾ നേരത്തെ പറഞ്ഞില്ലേ, ജ്യാമിതിക രൂപങ്ങൾ - കോൺ, ചാപം, വൃത്തം, ചതുരം, നേർവര എന്നൊക്കെയുള്ളത് - വെച്ചാണ് നമ്മൾ ദർശനാനുഭവത്തെ ഉൾകൊള്ളുന്നതെന്ന്. അപ്പോൾ ഇതൊക്കെ മനസ്സിലുള്ള രൂപങ്ങൾ ആണ്.

### 42.*Rationalism-വും Minimalismവും തമ്മിൽ ബന്ധമുണ്ടോ?*

Rationalism -വും Minimalism വും തമ്മിൽ ബന്ധമില്ല. Rationalism എന്ന് പറയുന്നത് അനുഭവവാദത്തിന്റെ എതിർപക്ഷമാണല്ലോ. ചോംസ്കി RATIONALIST ആണ്. mentalist ആണ്. എന്നാൽ 'മിനിമലിസം' (minimalism) എന്നു പറയുന്നത് ഭാഷാശാസ്ത്രത്തിന്റെ അകത്തുള്ള ഒരു സിദ്ധാന്തമാണ്. മുമ്പത്തെ ചോംസ്കിയുടെ സിദ്ധാന്തത്തിൽനിന്നുള്ളൊരു പുതിയ കാൽവെയ്പ് എന്നു മാത്രമേ ഉള്ളൂ. മിനിമലിസം ചോംസ്കി അവതരിപ്പിയ്ക്കുന്നത് 1992-ലുള്ള ഒരു പ്രബന്ധത്തിലാണ്. അതിന് തൊട്ടുമുമ്പുള്ള ചോംസ്കിയുടെ സിദ്ധാന്തത്തെ നമ്മൾ government and binding theory എന്നാണ് പറയുന്നത്. ആ സിദ്ധാന്തം ചോംസ്കി വിശദീകരിക്കുന്നത് 1981-ലെ 'Lectures on Government and binding' എന്ന പുസ്തകത്തിലാണ്. 1981 തൊട്ട് 1992 വരെയുള്ള സിദ്ധാന്തത്തെയാണ് Government and binding theory എന്നു പറയുന്നത്. അതിനുശേഷമുള്ള ചോംസ്കിയുടെ ചിന്തയെ നമ്മൾ മിനിമലിസം എന്ന് പറയുന്നു. മിനിമലിസത്തിന്റെ പുതുതായിട്ടുള്ള കാൽവെയ്പുകളിൽ പ്രധാനമായത്, വിശ്വവ്യാകരണത്തിന്റെ തത്വങ്ങൾ, ഭാഷാകഴിവും മറ്റു കഴിവുകളുമായി മനസ്സിൽ സംവദിയ്ക്കുന്ന 'സ്പർശമുഖ'ങ്ങളുടെ - interfaceകളുടെ - ആവശ്യങ്ങളുമായി ഘടിപ്പിയ്ക്കണമെന്നതാണ്. മറ്റൊരു പുതുമ ഇതാണ്. 'Government and binding theory-യിൽ ഒരു വാക്യത്തെ ഉണ്ടാക്കുന്നത് മുകളിൽനിന്ന് തുടങ്ങിയിട്ട് താഴത്തേയ്ക്കാണ്. മിനിമലിസത്തിൽ നമ്മൾ താഴത്തുനിന്ന് ചെറിയ ചെറിയ ഘടകങ്ങൾ കൂട്ടിക്കൂട്ടി മേലോട്ടാണ് വാക്യത്തെ പടുത്തുയർത്തുന്നത്. ആ പടുത്തുയർത്തലിന് ഉപയോഗിക്കുന്ന പ്രക്രിയയാണ് 'യോജനം' (merge), ഓരോ യോജന ക്രിയയും ദ്വന്ദ്വാത്മകം ആണ്. ഈ കാൽവെയ്പിന് സഹായകമായത് computational linguisticന്റെ ഒരു അവാന്തരവിഭാഗമായ 'tree adjoining grammar' (TAG) ആണ്. (TAG-ന്റെ ഉപജ്ഞാതാക്കളുടെ കൂട്ടത്തിൽ ഒരു ഇന്ത്യക്കാരനുമുണ്ട്, അരവിന്ദ്ജോഷി. പെൻസിൽവേനിയ സർവ്വകലാശാലയിൽ പ്രഫസറാണ്. ജോഷിയുടെ പേര് ചോംസ്കി എടുത്തുപറയുന്നുണ്ട്.)

### 43. *എല്ലാ അറിവും ഭാഷയുടെ മാധ്യമത്തിൽകൂടിയാണോ വരുന്നത്?*

ആയിരിക്കാം. പക്ഷെ, അങ്ങനെ പറയുമ്പോൾ 'ഭാഷ' എന്നത് നമ്മൾ വളരെ വിപുലമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ഈ കാര്യം നേരത്തെ വന്നുവല്ലോ. മൃഗങ്ങൾക്കും ചിന്തയുണ്ട്. അവയ്ക്ക് ഉച്ചരിയ്ക്കുന്ന ഒരു ഭാഷ ഇല്ലല്ലോ. അവയ്ക്കുള്ളത് എന്തോ ചില ആശയങ്ങൾ ആണ്. ആശയങ്ങൾ ഉപയോഗിച്ചാണ് അവയ്ക്ക് ചിന്തിയ്ക്കാൻ പറ്റുന്നത്. അപ്പോൾ നമ്മൾ ഭാഷ എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ആശയങ്ങൾ ആയിരിക്കാം. 'ഭാഷ' എന്നുള്ള വാക്ക് നമ്മൾ നാനാർത്ഥത്തിലാണ് ഉപയോഗിക്കുന്നത്.

## അനുബന്ധം

***1. ഖണ്ഡിക 1: വർണ്ണരാശി മനുഷ്യനകത്തുള്ളതാണ്. പ്രകൃതിയിലുള്ളതല്ല എന്ന് വ്യക്തമാക്കാൻ ശ്രമിയ്ക്കുന്നിടത്ത് പൂച്ച കാണുന്നത് കറുപ്പും വെളുപ്പും ആണെന്ന് പറയുന്നുണ്ടല്ലോ. പക്ഷെ, പൂച്ചകൾ കറുപ്പിന്റേയും വെളുപ്പിന്റേയും പലതരം ഗ്രഡേഷൻസ് വഴി നിറവ്യത്യാസത്തിന്റെ സങ്കീർണ്ണതകളെല്ലാം തിരിച്ചറിയുന്നുണ്ടത്രെ. മനുഷ്യനും അതുതന്നെയല്ലേ ചെയ്യുന്നത്? ഇത്തരം ഗ്രഡേഷനെ നാം നിറമെന്ന് വിളിയ്ക്കുന്നു എന്നു മാത്രം. ഇങ്ങിനെ നോക്കുമ്പോൾ പൂച്ച മനുഷ്യരിൽനിന്ന് വ്യത്യസ്ഥമായി കറുപ്പും വെളുപ്പുമാണ് കാണുന്നത് എന്ന് പറയുന്നതിലൂടെ ഒന്നും പറയുന്നില്ല എന്ന് കരുതാമോ?***

അങ്ങിനെ കരുതാൻ പറ്റില്ല. കറുപ്പിന്റേയും വെളുപ്പിന്റേയും ഗ്രഡേഷൻസ് എന്നത് പ്രകാശസാന്ദ്രതയുടെ (density of light-ന്റെ) കാര്യമാണ്. എന്നാൽ നിറങ്ങൾ പ്രകാശത്തിന്റെ തരംഗദൈർഘ്യത്തെ (Wave length-s) ആശ്രയിച്ചാണ് ഇരിയ്ക്കുന്നത്. മനുഷ്യൻ പ്രകാശത്തിന്റെ തരംഗ ദൈർഘ്യത്തോട് പ്രതികരിയ്ക്കുന്നു, പൂച്ച പ്രതികരിയ്ക്കുന്നില്ല എന്നത്, ഈ രണ്ട് ജീവികളുടെ മസ്തിഷ്കത്തിലുള്ള വ്യത്യാസം കൊണ്ടാണ്.

***2. ഖണ്ഡിക 5: 'ചിന്ത' 'ആശയം' എന്നീ വേർതിരിവുകൾ വ്യക്തമല്ല. എന്താണ് ചിന്ത? എന്താണ് ആശയം?***

'ചിന്ത' എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് 'ചിന്തിയ്ക്കുക' എന്ന കർമ്മത്തെയാണ്. അത് ഒരു

'ചെയ്യൽ' ആണ്. 'ആശയം' ഒരു ചെയ്യലല്ല, അല്ലെങ്കിൽ ആവണമെന്നില്ല. ചിന്തിയ്ക്കുമ്പോൾ നമ്മൾ ചെയ്യുന്നത്, ആശയങ്ങളെ ബന്ധിപ്പിക്കുകയാണ്. ഒരു സങ്കീർണ്ണം ചിന്തയിൽ, രണ്ട് ഉപചിന്തകളെ ബന്ധിപ്പിയ്ക്കുകയാണ് എന്നുവരാം; അപ്പോൾ പക്ഷെ, ആ ഉപചിന്തകൾക്ക് ആശയങ്ങളുടെ സ്ഥാനമാണ് ഉള്ളത്. വേറൊരുവിധത്തിൽ പറഞ്ഞാൽ, ചിന്തയുടെ ബന്ധിപ്പിയ്ക്കലിന് വിധേയമാകുന്നവയെ- അവ എന്ത് തന്നെ ആകട്ടെ - ആണ് ആശയങ്ങൾ എന്ന് വിവക്ഷിയ്ക്കുന്നത്.

***3. ഖണ്ഡിക 33: ഒരു വസ്തുവിനെ കാണുമ്പോഴുണ്ടാകുന്ന മസ്തിഷ്കാന്തരസംഭവം (വൈദ്യുതചലനം) തന്നെയാണ് അറിവ്; അതാരുടെ അറിവ് എന്നൊക്കെ ചോദിച്ച് പുറകിൽ ഒരാളെ സങ്കല്പിക്കുന്നത് infinite regression ആണ് എന്ന് പറയുന്നുണ്ടല്ലോ. പക്ഷെ, ഇവിടെ കാഴ്ചയുടെ അനുഭവം എന്ന യഥാർത്ഥ അനുഭവവും മസ്തിഷ്കത്തിലുണ്ടാകുന്ന വൈദ്യുതചലനവും ഒന്നാണെന്ന് പറയുമ്പോൾ ഒരു psycho-physical gap ബാക്കി കിടക്കുന്നില്ലേ? അനുഭവിയ്ക്കുന്ന ആൾ ആ കാഴ്ചയെക്കുറിച്ച് കുറെ വാക്കുകളിൽ പറയുന്നതും മസ്തിഷ്കത്തിലെ മിന്നൽപ്പിണർ വായിച്ചെടുക്കുന്ന മസ്തിഷ്കശാസ്ത്രജ്ഞൻ കുറെ വാക്കുകളിൽ പറയുന്ന കാര്യവും എത്ര വിഭിന്നമായ കാര്യങ്ങളാണ്. ഇവ തമ്മിൽ ഒരു correlation കാണുന്നു എന്നാവാം. പക്ഷെ, correlation-ൽ നിന്ന് identity-യിലേയ്ക്കുള്ള ദൂരം നമ്മെ ഉത്തരം മുട്ടിയ്ക്കുന്നില്ലേ? ഇവ തമ്മിൽ ഒരു causation-ന്റെ ബന്ധം മാത്രമല്ലേ ഉള്ളൂ?***

Causation എന്നത് ഒരു ശൃംഖലയാണല്ലോ. ആ ശൃംഖലയിലെ ഒരു കണ്ണി മാത്രമാണ് മസ്തിഷ്കാന്തര ചലനം എന്നാണ് പറഞ്ഞുകൊണ്ടുവരുന്നത്. അങ്ങിനെയാണെങ്കിൽ, ആ കണ്ണിയ്ക്കും കാഴ്ചയുടെ അനുഭവം എന്ന കണ്ണിയ്ക്കും ഇടയിൽ മറ്റു കണ്ണികൾ ഉണ്ടാവണമല്ലോ. മറ്റു കണ്ണികൾ ഉണ്ടെന്ന് ആരും ഇതുവരെ കാണിച്ചിട്ടില്ല. ആ സ്ഥിതിയ്ക്ക്, മറ്റു കണ്ണികൾ ഇല്ലെന്നതായിരിയ്ക്കും ഏറ്റവും ലളിതമായ സങ്കല്പം. ●

(ജയശീലനുമായി പെരിങ്ങോട്ടുകര വീട്ടിൽവെച്ച് നടത്തിയ ചർച്ച/സംഭാഷണത്തിൽ നിന്ന് തയ്യാറാക്കിയത്)

3,CIEFL Quarters, Hyderbad-7, A.P.
e-mail: jayamrit@eth.net

വൈകാതെ പ്രതീക്ഷിക്കുക:
**ജയശീലന്റെ കവിതകൾ**
പ്രസാധകർ
**കറന്റ് ബുക്സ്, തൃശൂർ**

മൂന്നു കവിതകൾ
**മുസ്തഫ പി**



പെയിന്റിംഗ്:
ജോസഫ് എം. വർഗ്ഗീസ്

## നഗ്നത

ഉടുതുണിക്ക്
മറുതുണിയില്ലാത്തവൻ
ഒറ്റമുണ്ടുകാരൻ ഞാൻ
വാക്കെന്നോ നൽകിയ
ഉടുതുണി തിരിച്ചു നൽകി
നഗ്നതയിലേയ്ക്ക്
നടക്കുന്നവൻ.

## തുറുങ്ക്

തെളിയാനില്ല
എന്നിലൊരു പുഴയും
പൂക്കാനില്ല
നിന്നിലൊരു മരവും
പ്രിയേ...
തുടർക്കഥകളാൽ
തുറുങ്കിലടയ്ക്കപ്പെട്ടവർ നമ്മൾ.

## നീയും ഞാനും

എന്നിലെ അഗ്നിയെ
സൂര്യൻ തിരിച്ചെടുത്തു.
എന്നിലെ ജലത്തെ
സമുദ്രം മോന്തിക്കുടിച്ചു.
എന്നിലെ ആകാശത്തെ
നക്ഷത്രങ്ങൾ വീതിച്ചെടുത്തു.
എന്നിലെ പ്രാണനെ
കാറ്റിന്റെ ചിറകുകൾ കോരിയെടുത്തു.
എന്റെ ദേഹത്തെ
മണ്ണ് നക്കിത്തുടച്ചു.
എന്നാൽ
എന്നിലെ നിന്നെ
അവരെല്ലാവരും എനിക്കായി
ബാക്കിവെച്ചു.

helaughs@rediffmail.com